# UNION CHRISTIAN COLLEGE (AUTONOMOUS) ALUVA

Est. in 1921

THE TRUTH SHALL MAKE YOU FREE

Affiliated to Mahatma Gandhi University, Kottayam, India
NAAC Accredited with A++ Grade in Vth cycle
0484 2609194, +91-7012626868
email: ucc@uccollege.edu.in



## DEPARTMENT OF MALAYALAM



# PG SYLLABUS 2025

## POSTGRADUATE PROGRAMME {UCC PGP} IN MALAYALAM

# Master of Arts in Malayalam

# PROGRAMME STRUCTURE AND SYLLABUS 2025-26 ADMISSIONS ONWARDS

Est. in 1921

THE TRUTH SHALL MAKE YOU FREE

BOARD OF STUDIES IN MALAYALAM (PG)

UNION CHRISTIAN COLLEGE, ALUVA

(Autonomous)

**2025**

| Sl. No. | Content | Page No |
|---|---|---|
| 1 | PREFACE | 3 |
| 2 | ആമുഖം | 4 |
| 3 | BOARD OF STUDIES AND COURSES | 5 |
| 4 | Aim of Programme | 7 |
| 5 | Eligibility for Admission | 7 |
| 6 | Medium of Instructions | 7 |
| 7 | **സെമസ്റ്റർ ഒന്ന്**<br>(1) കവിത: പ്രാചീനം, മധ്യകാലം, (2) മലയാളഭാഷ - ചരിത്രവും വുംവർത്തമാന, (3) മലയാള ചെറുകഥ, (4) സാഹിത്യരചനാ സങ്കേതങ്ങൾ, (5) സംസ്കൃതം - ഭാഷയും സാഹിത്യവും | 8 – 26 |
| 8 | **സെമസ്റ്റർ രണ്ട്**<br>(1) ആധുനികമലയാളകവിത - ഒന്നാം ഘട്ടം (2) ഭാഷാശാസ്ത്രം (3) കേരളസംസ്കാരം (4) മലയാളനോവൽ (5) ഭാരതീയ സാഹിത്യസിദ്ധാന്തങ്ങൾ | 27 – 47 |
| 9 | **സെമസ്റ്റർ മൂന്ന്**<br>(1) ആധുനിക/ആധുനികാനന്തര മലയാളകവിത (2) മലയാള ഭാഷാവ്യാകരണം (3) മലയാളനിരൂപണം (4) ദൃശ്യകലാ സാഹിത്യം (5) പാശ്ചാത്യസാഹിത്യസിദ്ധാന്തങ്ങൾ | 48 – 68 |
| 10 | **സെമസ്റ്റർ നാല്**<br>(1) നാടകവും സിനിമയും (2) സാഹിത്യചരിത്രവിജ്ഞാനീയവും (3) ഗവേഷണത്തിന്റെ രീതിശാസ്ത്രവും<br>**Elective A**<br>**(1)** വിവർത്തനസാഹിത്യം (2) ദളിത്- സ്ത്രീ -പരിസ്ഥിതി സാഹിത്യവിചാരം (3) സൈബർ സംസ്കാരവും സാഹിത്യവും<br>**Elective B**<br>(1) ഫോക് ലോർ (2) ഗദ്യസാഹിത്യമാതൃകകൾ (3) പ്രാചീന സംഘസാഹിത്യം (4) പ്രോജക്ട്/ പ്രബന്ധം<br>(5) Comprehensive Viva | 69 – 99 |
| 11 | **Model Question Paper** | 100 – 127 |

**PREFACE**

Union Christian College, Aluva (Autonomous), is delighted to introduce the Postgraduate Programme Regulations 2024 (UCC PGP Regulations 2024). In our endeavor to establish a distinct autonomous identity, we recognize the importance of adhering to a proven and robust academic framework. Accordingly, we have adopted the Mahatma Gandhi University Postgraduate syllabus, ensuring our academic offerings are grounded in a time-tested and respected curriculum. This strategic decision marks an important milestone as we embark on this new phase of autonomy, reaffirming our commitment to academic excellence and relevance.

By integrating the Mahatma Gandhi University syllabus, we aim to maintain postgraduate programs that are both competitive and forward-thinking, reflecting the latest academic and industry trends. This ensures that our students acquire the knowledge and skills essential for success in their respective fields.

The present regulations are formulated under the Credit Semester System, adhering to the Mahatma Gandhi University Regulations 2011. This system provides a structured, efficient progression of learning, enabling a comprehensive and balanced exploration of subjects through a credit-based approach. It emphasizes our dedication to offering a standardized yet adaptable educational experience that meets the diverse aspirations of our students.

The UCC PGP Regulations 2024, effective from 2024, signify a major advancement in our mission to provide an exceptional academic ecosystem. These regulations embody our commitment to fostering academic excellence, inclusivity, and continuous growth. They represent our resolve to nurture responsible individuals and competent global citizens.

We are confident that the implementation of these regulations will enhance our students' academic and professional journeys, reinforcing Union Christian College, Aluva, as a distinguished institution in higher education. We eagerly anticipate the positive impact this will have on the broader academic community, furthering our vision of creating a knowledge society that values diversity, inclusivity, and social responsibility.

**Prof. Dr. Sibu M Eapen**
**Chairperson**
**BOS (Malayalam)**

## ആമുഖം

2019-20 അധ്യയനവർഷം മുതൽ മഹാത്മാഗാന്ധി സർവകലാശാലയുടെ അഫിലിയേറ്റഡ് കോളേജുകളിൽ എം. എ മലയാളത്തിന് പുതിയ പാഠ്യപദ്ധതി നടപ്പിൽ വരുത്തി. പരിഷ്കരണ ശിൽപ്പശാല നടത്തിയാണ് പ്രസ്തുത സിലബസ് തയ്യാറാക്കിയത്. എന്നാൽ അധ്യാപനത്തിന്റെയും ആധ്യയനത്തിന്റെയും അനുഭവത്തിന്റെ വെളിച്ചത്തിൽ കാലോചിതമായ ചെറിയ ഭേദഗതികൾ വരുത്തിക്കൊണ്ടുള്ള പാഠ്യപദ്ധതിയാണ് ആലുവ യൂണിയൻ ക്രിസ്ത്യൻ കോളേജിലെ ബോർഡ് ഓഫ് സ്റ്റഡീസ് ഇപ്പോൾ തയ്യാറാക്കിയിട്ടുള്ളത്. ഇതിന്റെ രൂപീകരണത്തിനു സഹായിച്ച ഡോ . ടി ശ്രീവത്സൻ, ഡോ. ലിസി മാത്യു, ഡോ. എൻ. രേണുക, ഡോ. വിജയകുമാർ എം, ശ്രീ . പി. എം ജോസഫ്, ശ്രീമതി നികിത സേവ്യർ, ഡോ. വിദ്യ ആർ. ശ്രീ.മനോജ് മാതിരപ്പള്ളി, ഡോ. മിനി ആലീസ്, മേജർ കെ.എസ്. നാരായണൻ, ഡോ. വിധു നാരായൺ, ഡോ. സജു മാത്യു, ഡോ. ഷിമി പോൾ ബേബി, ശ്രീ. സവാദ് കെ.എസ്. എന്നിവരോടുള്ള നന്ദി ഈ അവസരത്തിൽ അറിയിക്കുന്നു .

പ്രൊഫ.(ഡോ.) സിബു എം. ഈപ്പൻ

ചെയർമാൻ

ബോർഡ് ഓഫ് സ്റ്റഡീസ്

# ബോർഡ് ഓഫ് സ്റ്റഡീസ്

**അധ്യക്ഷൻ**

| | |
|---|---|
| ഡോ. സിബു എം. ഈപ്പൻ | പ്രൊഫസർ,<br>മേധാവി, മലയാളവിഭാഗം, യു.സി. കോളേജ്, ആലുവ |

**അംഗങ്ങൾ**

| | | |
|---|---|---|
| 1. | ഡോ. മിനി ആലീസ് | പ്രൊഫസർ, മലയാളവിഭാഗം,<br>പ്രിൻസിപ്പൽ ഇൻ ചാർജ്,<br>യു.സി. കോളേജ്, ആലുവ. |
| 2. | മേജർ കെ.എസ്. നാരായണൻ | അസോസിയേറ്റ് പ്രൊഫസർ,<br>സംസ്കൃതവിഭാഗം, യു.സി. കോളേജ്, ആലുവ. |
| 3. | ഡോ. വിധു നാരായൺ | അസോസിയേറ്റ് പ്രൊഫസർ,<br>യു.സി. കോളേജ്, ആലുവ |
| 4. | ഡോ. സജ്ജ മാത്യു | അസോസിയേറ്റ് പ്രൊഫസർ,<br>യു.സി. കോളേജ്, ആലുവ |
| 5. | ഡോ. ഷിമി പോൾ ബേബി | അസോസിയേറ്റ് പ്രൊഫസർ,<br>യു.സി. കോളേജ്, ആലുവ |
| 6. | സവാദ് കെ.എസ്. | അസിസ്റ്റന്റ് പ്രൊഫസർ<br>യു.സി. കോളേജ്, ആലുവ |
| 7. | ഡോ. ലിസി മാത്യു | സീനിയർ പ്രൊഫസർ,<br>ശ്രീശങ്കരാചാര്യ സംസ്കൃതസർവകലാശാല, കാലടി. |
| 8. | ഡോ. എൻ. രേണുക | അസോസിയേറ്റ് പ്രൊഫസർ,<br>എൻ.എസ്.എസ്. കോളേജ്, ചേർത്തല |
| 9. | ഡോ. ടി. ശ്രീവത്സൻ | പ്രൊഫസർ,<br>ഗവ. വിക്ടോറിയ കോളേജ്, പാലക്കാട് |
| 10. | എം.പി. ജോസഫ് | ജേർണലിസ്റ്റ്, മലയാള മനോരമ |
| 11. | നിഖിത സേവിയർ | അസിസ്റ്റന്റ് പ്രൊഫസർ, മലയാളവിഭാഗം,<br>സെന്റ് സേവിയേഴ്സ് കോളേജ്, ആലുവ |
| 12. | ഡോ. വിദ്യ ആർ. | അസിസ്റ്റന്റ് പ്രൊഫസർ, സ്കൂൾ ഓഫ് ഫിലിം സ്റ്റഡീസ്,<br>തുഞ്ചത്തെഴുത്തച്ഛൻ,മലയാളംസർവകലാശാല,<br>തിരൂർ, മലപ്പുറം |
| 13. | ഡോ. വിജയകുമാർ എം. | അസിസ്റ്റന്റ് പ്രൊഫസർ, സംസ്കൃതവിഭാഗം,<br>ദേവസ്വം ബോർഡ് കോളേജ്, തലയോലപ്പറമ്പ് |
| 14. | മനോജ് മാതിരപ്പള്ളി | പത്രപ്രവത്തകൻ ,എഴുത്തുകാരൻ |

Est. in 1921
THE TRUTH SHALL MAKE YOU FREE

നന്ദി

| Course Code | Title of the Course | Type of the Course | Hours per Week | Credits |
|---|---|---|---|---|
| **സെമസ്റ്റർ ഒന്ന്** | | | | |
| UCML010101 | കവിത: പ്രാചീനം, മധ്യകാലം | Core | 5 | 4 |
| UCML010102 | മലയാളഭാഷ - വ്യംചരിത്രവും വർത്തമാന | Core | 5 | 4 |
| UCML010103 | മലയാള ചെറുകഥ | Core | 5 | 4 |
| UCML010104 | സാഹിത്യരചനാസങ്കേതങ്ങൾ | Core | 5 | 4 |
| UCML010105 | സംസ്കൃതം - ഭാഷയും സാഹിത്യവും | Core | 5 | 4 |
| **സെമസ്റ്റർ രണ്ട്** | | | | |
| UCML010201 | ആധുനികമലയാളകവിത - ഒന്നാം ഘട്ടം | Core | 5 | 4 |
| UCML010202 | ഭാഷാശാസ്ത്രം | Core | 5 | 4 |
| UCML010203 | കേരളസംസ്കാരം | Core | 5 | 4 |
| UCML010204 | മലയാളനോവൽ | Core | 5 | 4 |
| UCML010205 | ഭാരതീയസാഹിത്യസിദ്ധാന്തങ്ങൾ | Core | 5 | 4 |
| **സെമസ്റ്റർ മൂന്ന്** | | | | |
| UCML010301 | ആധുനിക/ആധുനികാനന്തര മലയാളകവിത | Core | 5 | 4 |
| UCML010302 | മലയാളഭാഷാവ്യാകരണം | Core | 5 | 4 |
| UCML010303 | മലയാളനിരൂപണം | Core | 5 | 4 |
| UCML010304 | ദൃശ്യകലാസാഹിത്യം | Core | 5 | 4 |
| UCML010305 | പാശ്ചാത്യസാഹിത്യസിദ്ധാന്തങ്ങൾ | Core | 5 | 4 |
| **സെമസ്റ്റർ നാല്** | | | | |
| UCML010401 | നാടകവും സിനിമയും | Core | 5 | 3 |
| UCML010402 | സാഹിത്യചരിത്രവിജ്ഞാനീയവും ഗവേഷണത്തിന്റെ രീതിശാസ്ത്രവും | Core | 5 | 3 |
| **Elective A** | | | | |
| UCML800401 | വിവർത്തനസാഹിത്യം | | 5 | 3 |
| UCML800402 | ദലിത്- സ്ത്രീ -പരിസ്ഥിതി സാഹിത്യവിചാരം | | 5 | 3 |
| UCML800403 | സൈബർ സംസ്കാരവും സാഹിത്യവും | | 5 | 3 |
| **Elective B** | | | | |
| UCML810401 | ഫോക് ലോർ | | 5 | 3 |
| UCML810402 | ഗദ്യസാഹിത്യമാതൃകകൾ | | 5 | 3 |
| UCML810403 | പ്രാചീനസംഘസാഹിത്യം | | 5 | 3 |
| UCML8004PJ | പ്രോജക്റ്റ്/ പ്രബന്ധം | | | 3 |
| UCML8004VV | Comprehensive Viva | | | 2 |

Est. in 1921
THE TRUTH SHALL MAKE YOU FREE

## Aim of the Programme:

മലയാളഭാഷയുടെയും സാഹിത്യത്തിന്റെയും സൗന്ദര്യശാസ്ത്രപരവും സാംസ്കാരികവുമായ തലങ്ങൾ സൂക്ഷ്മമായും വിമർശനാത്മകമായും അപഗ്രഥിക്കുവാനുള്ള ശേഷി നേടുക.

അക്കാദമികമായും സർഗാത്മകമായും ഭാഷപ്രയോഗിക്കുന്നതിനുള്ള നൈപുണി വർധിപ്പിക്കുക.

സമകാലികലോകത്തിൽ ഭാഷ നേരിടുന്ന വെല്ലുവിളികൾ അഭിസംബോധന ചെയ്യാൻ പ്രാപ്തരാവുക.

ഗവേഷണമേഖലയിൽ ഗൗരവബുദ്ധിയോടെ ഇടപെടുന്നതിനാവശ്യമായ സൈദ്ധാന്തികധാരണകൾ വികസിപ്പിക്കുക.

ഭാഷയെയും സാഹിത്യത്തെയും ഇതര വൈജ്ഞാനികമേഖലകളുമായി ബന്ധിപ്പിച്ച് പരിവർത്തനോന്മുഖമായ അന്വേഷണങ്ങൾ നടത്തുന്നതിന് പരിശീലനം നേടുക.

**Eligibility for Admissions:** ബിരുദതലത്തിൽ C+ൽ കുറയാത്ത ഗ്രേഡ്.

**Medium of Instructions:** മലയാളം

**Faculty under which the Degree is Awarded:** Language and Literature

Est. in 1921
THE TRUTH SHALL MAKE YOU FREE

## സെമസ്റ്റർ ഒന്ന്

UCML 010101 കവിത: പ്രാചീനം, മധ്യകാലം

UCML 010102 മലയാളഭാഷ - ചരിത്രവും വർത്തമാനവും

UCML 010103 മലയാളചെറുകഥ

UCML 010104 സാഹിത്യരചനാസങ്കേതങ്ങൾ

UCML 010105 സംസ്കൃതം - ഭാഷയും സാഹിത്യവും

Est. in 1921
THE TRUTH SHALL MAKE YOU FREE

## UCML 010101 കവിത - പ്രാചീനം, മധ്യകാലം

**സമയം: 90 മണിക്കൂർ**

**ക്രഡിറ്റ്: 4**

### ആമുഖം

മലയാളകവിതയുടെ പ്രാചീനഘട്ടം മുതൽ പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആദ്യപകുതി വരെയുണ്ടായ വികാസപരിണാമങ്ങളുടെ പഠനമാണ് ഈ കോഴ്സിന്റെ ലക്ഷ്യം. മലയാളകവിതയുടെ രൂപവൽകരണത്തെ സ്വാധീനിച്ച വിവിധ പാരമ്പര്യങ്ങളെ തിരിച്ചറിയേണ്ടതുണ്ട്. തമിഴ് - സംസ്കൃതമഹാപാരമ്പര്യങ്ങൾക്കൊപ്പം നാടോടിയായ വാമൊഴിവഴക്കങ്ങളും പരിഗണനയിലെടുക്കണം.

വാമൊഴിപാരമ്പര്യത്തെ മനസ്സിലാക്കാനായി ഒരു മൊഡ്യൂൾ നീക്കിവെച്ചിട്ടുണ്ട്. വാമൊഴിപ്പാട്ടുകളുടെ പഴക്കം നിർണയിക്കാനാവില്ല. എന്നോ ആരംഭിച്ച് അതതുകാലത്തെ ജീവിതാനുഭവങ്ങളുടെ മുദ്രകൾ ഏറ്റുവാങ്ങി സഞ്ചരിക്കുന്നതിനിടയിൽ ഭാഷാസ്വഭാവത്തിൽ കാര്യമായ മാറ്റം സംഭവിക്കുന്നു എന്ന തിരിച്ചറിവോടെ വേണം അവയെ സമീപിക്കുവാൻ.

മലയാളകാവ്യപാരമ്പര്യത്തിന്റെ ഭാഗമായിരുന്ന വിവിധ ധാരകളുടെയും അവയിലെ വിഭിന്നങ്ങളായ കാവ്യരൂപങ്ങളുടെയും മാതൃകകളാണ് പഠനത്തിന് നിർദ്ദേശിച്ചിരിക്കുന്നത്. അതതുകാലങ്ങളിൽ രൂപപ്പെട്ട കാവ്യരൂപങ്ങളുടെ സൗന്ദര്യശാസ്ത്രപരവും ദാർശനികവുമായ സവിശേഷതകളും ഭാഷാസ്വരൂപവും വിശക ലനം ചെയ്യണം. കൃതികളുടെ പാഠാന്തരബന്ധങ്ങളും ചർച്ച ചെയ്യണം.

### മൊഡ്യൂൾ ഒന്ന്

മലയാളഭാഷാരൂപവൽകരണത്തിന്റെയും കാവ്യപരിണാമത്തിന്റെയും ചരിത്രപരവും സാമൂഹികവുമായ സാഹചര്യങ്ങൾ - തമിഴ് കാവ്യപാരമ്പര്യം, സംസ്കൃത കാവ്യപാരമ്പര്യം എന്നിവയുടെ സ്വാധീനം - പാട്ടുപ്രസ്ഥാനം - രൂപപരവും പ്രമേയപരവുമായ സവിശേഷതകൾ, ഭാഷാപരിണാമത്തിന്റെയും ഭാഷാമിശ്രണത്തിന്റെയും സ്വഭാവം - രാമചരിതം, തിരുനിഴൽമാല - പാട്ടിന്റെ പരിണാമം, കണ്ണശ്ശകൃതികൾ - പൊതുസവിശേഷതകൾ, കാവ്യസമീപനം - ഗാനകാവ്യപാരമ്പര്യം - രാമകഥപ്പാട്ട് - കൃഷ്ണഗാഥയും മഹാകാവ്യപാരമ്പര്യവും - കൃഷ്ണഗാഥയുടെ വ്യതിരിക്തത.

### വിശദപഠനം

1. രാമചരിതം - 1, 2 പടലങ്ങൾ
2. കണ്ണശ്ശരാമായണം - സുന്ദരകാണ്ഡം (ആദ്യത്തെ 25 പാട്ടുകൾ)
3. തിരുനിഴൽമാല - **തുവലുഴിയലും നാക്കുറും**
4. കൃഷ്ണഗാഥ - കാളിയമർദ്ദനം

### മൊഡ്യൂൾ രണ്ട്

ലീലാതിലകത്തിലെ മണിപ്രവാളവിവരണം - ഭാഷാസ്വഭാവം - കാവ്യസമീപനം - മണിപ്രവാളകാവ്യ രൂപങ്ങൾ - ചമ്പുകൾ, സന്ദേശകാവ്യങ്ങൾ, സ്തോത്രകാവ്യങ്ങൾ, ലഘുകാവ്യങ്ങൾ - ചരിത്ര-സാമൂഹികബന്ധ ങ്ങൾ - ചരിത്ര-സാംസ്കാരികചിഹ്നങ്ങൾ - കാവ്യകൽപനകൾ - പ്രമേയപരിസരം - ഭാഷാമിശ്രണത്തിൻ്റെ സ്വഭാവം ആദ്യകാലകൃതികളിൽ - മണിപ്രവാളത്തിന്റെ പിൽകാലപരിണാമം.

**വിശദപഠനം**

1. കോകസന്ദേശം - (71-ാം ശ്ലോകം മുതൽ)
2. ഉണ്ണിയാടീചരിതം - (18, 19 ഗദ്യങ്ങൾ)
3. ചെറിയച്ചി - (പദ്യരത്നം)
4. ഭാഷാനൈഷധം ചമ്പു - (ഉത്തരഭാഗത്തെ 49-ാം ശ്ലോകം മുതൽ 'അസ്തഗിരീശ്വര...' എന്നാരംഭിക്കുന്ന ഗദ്യം വരെ)

**മൊഡ്യൂൾ മൂന്ന്**

മലയാളത്തിലെ ഭക്തിപ്രസ്ഥാനം - സ്തോത്രകാവ്യങ്ങൾ - ഇതിഹാസങ്ങളുടെ പുനരാഖ്യാനം - സമീപനത്തിലെ സവിശേഷതകൾ - മലയാളകാവ്യഭാഷയുടെ വികാസം - കിളിപ്പാട്ട് - വൃത്തങ്ങൾ, എഴുത്തച്ഛന്റെ കൃതികൾ - വിശേഷമുദ്രകൾ, ഭാഷ, കാവ്യസങ്കല്പം - പൂന്താനത്തിന്റെ കൃതികൾ - വിഷയം, ഭാഷ, ആഖ്യാനം - അറബിമലയാളസാഹിത്യം - അർണോസ് പാതിരിയുടെ കൃതികൾ.

**വിശദപഠനം**

1. സ്ത്രീപർവം - എഴുത്തച്ഛൻ
2. ഹരിനാമകീർത്തനം - (ആദ്യത്തെ പത്ത് ശ്ലോകങ്ങൾ)
3. സന്താനഗോപാലം പാന - (ചതുർഥപാദം) പൂന്താനം
4. പുത്തൻപാന പന്ത്രണ്ടാം പാദം - അർണോസ് പാതിരി

**മൊഡ്യൂൾ നാല്**

പതിനെട്ടാം ശതകത്തിൽ മലയാളകവിതയ്ക്ക് അവിസ്മരണീയസംഭാവനകൾ നൽകിയ ഉണ്ണായിവാര്യർ, കുഞ്ചൻ നമ്പ്യാർ എന്നിവരുടെ മുഖ്യരചനകൾ ദൃശ്യകലാസാഹിത്യം എന്ന കോഴ്സിന്റെ ഭാഗമായി പഠിക്കുന്നു. ഇക്കാലയളവിലെ കാവ്യമണ്ഡലത്തിൽ അവരുടെ ആട്ടക്കഥകളും തുള്ളൽകൃതികളും ചെലുത്തിയ പ്രഭാവം ചർച്ച ചെയ്യണം.

കിളിപ്പാട്ട് പ്രസ്ഥാനത്തിന്റെ തുടർച്ച, കേരളവർമ രാമായണം - മഹാകാവ്യമാതൃകകളുടെ സ്വാധീനം, ശ്രീകൃഷ്ണചരിതം മണിപ്രവാളം - ഇരുപത്തിനാലുവൃത്തം, പതിനാലുവൃത്തം തുടങ്ങിയ കൃതികൾ - രാമപുരത്തു വാര്യരുടെ കാവ്യസമീപനം - കുചേലവൃത്തം, ഭാഷാഷ്ടപദി എന്നീ കൃതികൾ - ഗിരിജാകല്യാണം ഗീതപ്ര ബന്ധം - പടപ്പാട്ടുകൾ, മാമാങ്കം പാട്ടുകൾ, ഗാനരചനകൾ, കൈകൊട്ടിക്കളിപ്പാട്ടുകൾ - ചാവറ കുര്യാ ക്കോസ് ഏലിയാസ് അച്ചന്റെ കാവ്യരചനകൾ.

**വിശദപഠനം**

1. ശ്രീകൃഷ്ണചരിതം മണിപ്രവാളം - ഒന്നാം സർഗം
2. കുചേലവൃത്തം വഞ്ചിപ്പാട്ട് - രാമപുരത്തു വാര്യർ ('പട്ടിണികൊണ്ട് മെലിഞ്ഞ പണ്ഡി തന്റെ...' എന്നു തുടങ്ങി കാവ്യാവസാനം വരെ)
3. ഓമനത്തിങ്കൾക്കിടാവോ - ഇരയിമ്മൻ തമ്പി
4. നാരദമോഹനം തിരുവാതിരപ്പാട്ട് - കുട്ടിക്കുഞ്ഞുതങ്കച്ചി
5. ആത്മാനുതാപം (അഞ്ചാം ഖണ്ഡം) - ചാവറ കുര്യാക്കോസ് ഏലിയാസ് അച്ചൻ

**മൊഡ്യൂൾ അഞ്ച്**

വാമൊഴിപ്പാട്ടുകൾ - ഘടനാസവിശേഷതകൾ - വിവിധ കെട്ടുമറകൾ - ജനുസ്സുകൾ - തൊഴിൽപാട്ടുകൾ, താരാട്ടുപാട്ടുകൾ, പിണിയൊഴിക്കും പാട്ടുകൾ, നാവേറുപാട്ടുകൾ, കളമെഴുത്തുപാട്ടുകൾ, ചാറ്റുപാട്ടുകൾ, വീരകഥാഗാനങ്ങൾ, സാമുദായികഗാനങ്ങൾ - വിവിധ കൂട്ടായ്മകളും പാട്ടുവഴക്കങ്ങളും - പാട്ടുകളിലെ ആശയലോകം.

**വിശദപഠനം**

1. പൊട്ടൻതെയ്യം തോറ്റം (ഡോ. വി. ലിസി മാത്യുവിന്റെ പൊട്ടൻതെയ്യം എന്ന ഗ്രന്ഥത്തിൽ ഉദ്ധരിച്ചിട്ടുള്ളത്)
2. ചെങ്ങന്നൂരാതി പാലൂവം കോയിയുമായി നടത്തിയ അങ്കം (ചെങ്ങന്നൂരാതി - വീരകഥാഗാനം, സമ്പാ. ഡോ. എ.കെ. അപ്പുക്കുട്ടൻ)
3. പുത്തരിയങ്കം - ആരോമൽ ചേകവരുടെ അങ്കപ്പുറപ്പാട് ('അവിട്ടന്നെഴുന്നേറ്റ ആരോമലും...' മുതൽ മരണം വരെ)
4. ഇരവിക്കുട്ടിപ്പിള്ളപ്പോര് - 'എൻ മകനേ എൻ്ററിരവി ഇൻ്റ പടൈ പോക വേണ്ട...' മുതൽ 25 വരികൾ)
5. 'പുഞ്ചപ്പാടത്തെ പൂങ്കുയിലേ നിന്റെ/ പുന്നാരപ്പാട്ടൊന്നു പാടാമോ' (ഞാറ്റുപാട്ടുകൾ - പാട്ട് ഏഴ്)
6. 'ഒന്നാംകണ്ടം തലക്കണ്ടം കൊയ്ത്തപ്പം...' (കൊയ്ത്തുപാട്ടുകൾ - പാട്ട് 1) (5, 6 പാട്ടുകൾ കേരള ഫോക്‌ലോർ അക്കാദമി പ്രസിദ്ധീകരിച്ച നാടൻപാട്ടുകൾ വാല്യം 2-ൽ നിന്ന്)

**സഹായകഗ്രന്ഥങ്ങൾ**


1. ഇളംകുളം കുഞ്ഞൻപിള്ള - *ലീലാതിലകം വ്യാഖ്യാനം*
2. പി.കെ. നാരായണപിള്ള (എഡി.) - *പദ്യരത്നം*
3. പി.വി. വേലായുധൻപിള്ള - *മണിപ്രവാളകവിത*
4. പി.വി. വേലായുധൻപിള്ള - *മധ്യകാലമലയാളകവിത*
5. ഇളംകുളം കുഞ്ഞൻപിള്ള (വ്യാഖ്യാ.) - *കോകസന്ദേശം*
6. രാഘവവാരിയർ, കേശവൻ വെളുത്താട്ട് - *മണിപ്രവാളചർച്ച*
7. പി.വി. കൃഷ്ണൻ നായർ - *രാമചരിതം ഒരു വിമർശനാത്മകപഠനം*
8. പുതുശ്ശേരി രാമചന്ദ്രൻ (എഡി.) - *കണ്ണശ്ശരാമായണം യുദ്ധകാണ്ഡം*
9. ദേശമംഗലം രാമകൃഷ്ണൻ - *കണ്ണശ്ശകവികൾ*
10. ഇളംകുളം കുഞ്ഞൻപിള്ള - *കേരളഭാഷയുടെ വികാസപരിണാമങ്ങൾ*
11. *തുഞ്ചൻ പ്രബന്ധങ്ങൾ* - കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ.
12. എൻ.ആർ. ഗോപിനാഥപിള്ള - *പാഠവും പഠനവും*
13. ചമ്പക്കുളം അപ്പുക്കുട്ടൻ നായർ - *സന്ദേശകാവ്യങ്ങൾ: ഒരു പഠനം*
14. ടി.പി. ബാലകൃഷ്ണൻ നായർ - *മഹാകാവ്യപ്രസ്ഥാനം*
15. ഉള്ളൂർ എസ്. പരമേശ്വരയ്യർ - *കേരള സാഹിത്യ ചരിത്രം*
16. പി. ഗോവിന്ദപ്പിള്ള - *മലയാളഭാഷാചരിത്രം*
17. എൻ. കൃഷ്ണപിള്ള - *കൈരളിയുടെ കഥ*
18. എം. ലീലാവതി - *മലയാളകവിതാസാഹിത്യചരിത്രം*
19. കെ.എം. ജോർജ് (എഡി.) - *സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ*


Est. in 1921
TRUTH SHALL MAKE YOU FREE

20. *മലയാളവിമർശം* (ഫോക് ലോർ പതിപ്പ്) - കാലിക്കറ്റ് സർവകലാശാല, മലയാളവിഭാഗം.
21. ടി. ഭാസ്കരൻ - *കൃഷ്ണഗാഥാപഠനങ്ങൾ*
22. എൻ. മുകുന്ദൻ - *കിളിപ്പാട്ട്*
23. *മണിപ്രവാളത്തിലെ ലഘുകാവ്യങ്ങൾ* - വള്ളത്തോൾ വിദ്യാപീഠം, ശുകപുരം.
24. എം.എം. പുരുഷോത്തമൻ നായർ - *രാമചരിത്രത്തിൽനിന്ന് മഹാഭാരതത്തിലേക്ക്*
25. മ്യൂസ് മേരി ജോർജ് (എഡി.) - *പഴയ കൃതി, പുതിയ വായന*
26. കെ.വി. ദിലീപ് കുമാർ - *മണിപ്രവാളം: സിദ്ധാന്തം, ചരിത്രം, പ്രയോഗം*
27. പി.കെ. ബാലകൃഷ്ണൻ - *എഴുത്തച്ഛന്റെ കല - ചില വ്യാസഭാരതപഠനങ്ങളും*
28. കെ.ടി. രാമവർമ - *കാമപൂജ*
29. കെ.എൻ. എഴുത്തച്ഛൻ - *തെരഞ്ഞെടുത്ത പ്രബന്ധങ്ങൾ*
30. എൻ.ആർ. ഗോപിനാഥപിള്ള - *രാമചരിതവും പ്രാചീനമലയാളവും*

## UCML 010102 മലയാളഭാഷ - ചരിത്രവും വർത്തമാനവും

**സമയം: 90 മണിക്കൂർ**

**ക്രഡിറ്റ്: 4**

Est. in 1921
THE TRUTH SHALL MAKE YOU FREE

**ആമുഖം**

മലയാളഭാഷയുടെ ചരിത്രം വിമർശനാത്മകമായി മനസ്സിലാക്കുക എന്ന ലക്ഷ്യത്തോടെ വിഭാവനം ചെയ്യപ്പെട്ടിട്ടുള്ളതാണ് ഈ കോഴ്സ്. മലയാളത്തിന്റെ ഉദ്ഭവം, വളർച്ച, സമകാലികാവസ്ഥ എന്നിവ ഈ കോഴ്സിൽ വിശകലനം ചെയ്യപ്പെടണം. നവോത്ഥാനത്തോടെ ഭാഷയിൽ സംഭവിച്ച മാറ്റവും വികാസവും ഏതെല്ലാം തലത്തിലും തരത്തിലും ഉള്ളതാണെന്ന് തിരിച്ചറിയുക ഈ കോഴ്സിന്റെ ലക്ഷ്യമാണ്. ഏഴായിര ത്തോളം ഭാഷകളുള്ള ലോകത്തിൽ സംസാരിക്കുന്ന ആളുകളുടെ എണ്ണംകൊണ്ട് 26-ാം സ്ഥാനത്തു നിൽ ക്കുന്ന മലയാളം ആ അർഥത്തിൽ മനസ്സിലാക്കപ്പെടേണ്ടതുണ്ട്. കോളനിവൽകരണത്തിലൂടെ നശിപ്പിക്ക പ്പെട്ട പ്രാദേശികഭാഷകൾ ലോകമെങ്ങും തിരിച്ചുവരവു നടത്തിക്കൊണ്ടിരിക്കുകയാണ്. നാടിന്റെ വികസ നവും മാതൃഭാഷയും തമ്മിലുള്ള ബന്ധവും ചർച്ച ചെയ്യണം. അഞ്ച് മൊഡ്യൂളുകളായാണ് ഈ കോഴ്സ് ക്രമീക രിച്ചിരിക്കുന്നത്.

**മൊഡ്യൂൾ ഒന്ന്**

മലയാളത്തിന്റെ നിരുക്തവും ഉത്പത്തിസിദ്ധാന്തങ്ങളും - ഭാഷോത്പത്തിയെക്കുറിച്ചുള്ള പുതിയ കാലനിരീക്ഷണങ്ങൾ (പ്രഭാകരവാര്യർ, എം.ജി.എസ്. നാരായണൻ, എൻ.ആർ. ഗോപിനാഥപിള്ള, പി. രാമൻ) - ശാസനങ്ങൾ - ഭാഷാകൗടലീയം - നമ്പ്യാന്തമിഴ് - ബ്രഹ്മാണ്ഡപുരാണം - ദൂതവാക്യം - ആട്ടപ്രകാ രവും ക്രമദീപികയും - ലീലാതിലകത്തിലെ ഭാഷാദർശനം - കുന്തൽവാദം ഭാഷാചർച്ച - മലയാളത്തിലെ സംസ്കൃതസ്വാധീനം - രണ്ടാം ശില്പത്തിലെ ഭാഷാചർച്ച.

**വിശദപഠനം**

1. കേരളപാണിനീയം പീഠിക - (ഘട്ടവിഭജനംവരെ)
2. ഭാഷാഗദ്യം - സി.എൽ. ആന്റണി
3. ഭാഷാകൗടലീയം - കെ.എം. പ്രഭാകരവാര്യർ (മലയാളം: മാറ്റവും വളർച്ചയും)

**മൊഡ്യൂൾ രണ്ട്**

മലയാളത്തിന്റെ അന്യഭാഷാസമ്പർക്കം - അറബിമലയാളം - പോർച്ചുഗീസ്, ഡച്ച്, ഫ്രഞ്ച് ഭാഷകളു മായുള്ള വിനിമയം - ഇംഗ്ലീഷ് സ്വാധീനം - മലയാളഗദ്യവികാസം - മിഷണറിമാരുടെ സംഭാവന - വ്യാക രണം, നിഘണ്ടു എന്നിവയുടെ രചന - ഗുണ്ടർട്ട്, കാൽഡ്വൽ - ഉദയംപേരൂർ സൂനഹദോസിന്റെ കാനോന കൾ - സ്വദേശമിഷണറിമാരുടെ ഭാഷാപ്രയത്നങ്ങൾ - ജോർജ്ജ് മാത്തൻ - പുതിയ ആഖ്യാനരൂപങ്ങൾ - നോവൽ, ചെറുകഥ, യാത്രാവിവരണം മുതലായവ - പത്രമാസികകളും ഗദ്യവികാസവും - വിവർത്തനങ്ങളുടെ പങ്ക് - ഇംഗ്ലീഷിൽനിന്നുള്ള വിവർത്തനങ്ങൾ - ഇന്ത്യൻ ഭാഷകളിൽനിന്നുള്ളവ - വൈജ്ഞാനികഗ്രന്ഥങ്ങ ളുടെ തർജമ - മലയാളം: ദേശവും ഭാഷയും - മലയാളഭാഷയുടെ മാനകീകരണം.

**വിശദപഠനം**

1. ബാലാഭ്യസനം (മൂന്നാംഭാഗം) - ജോർജ്ജ് മാത്തൻ
2. 'തമിഴ്‌രാജ്യം' മുതൽ 'മലയാളരാജ്യനിവാസികളായ മുസ്ലീംജനവും വിദ്യാഭ്യാസവും' വരെ മക്തി തങ്ങളുടെ തെരഞ്ഞെടുത്ത കൃതികൾ
3. മിഷണറി മലയാളഗദ്യമാതൃകകൾ - സാമുവൽ ചന്ദനപ്പള്ളി
   (ഉപോദ്ഘാതവും 'മലയാള ഭാഷയെക്കുറിച്ച്' എന്ന ലേഖനവും)
4. അറബിമലയാളം - എം.എൻ. കാരശ്ശേരി
5. മലയാളവും വിദേശബന്ധങ്ങളും - സ്കറിയ സക്കറിയ

**മൊഡ്യൂൾ മൂന്ന്**

മലയാളം എന്ന അവബോധം - കോളനിവൽകരണത്തിനെതിരേയുള്ള ഭാഷാമുന്നേറ്റങ്ങൾ - എൻ ഗുഗി വാ തിയോംഗോ - നവോത്ഥാനവും മലയാളവും - മലയാളത്തിന്റെ ആധുനികീകരണം ഭാഷയിലും സാഹിത്യത്തിലും - പുതിയ ഗദ്യരൂപങ്ങളുടെ ഉത്ഭവവും വികാസവും - നോവൽ, ചെറുകഥ - ഭാഷ, ആഖ്യാനപ രിണാമം - പ്രാദേശികഭാഷയും സാഹിത്യവും - വൈജ്ഞാനികഭാഷ, അധ്യയനഭാഷ എന്നീ നിലകളിൽ മല യാളം - ഇംഗ്ലീഷും ആധുനികമലയാളവും - തത്സമങ്ങൾ, തത്ഭവങ്ങൾ, സാങ്കേതികപദങ്ങൾ - റഫറൻസ് ഗ്രന്ഥങ്ങൾ.

**വിശദപഠനം**

1. നാട്ടുഭാഷാവിദ്യാഭ്യാസം - എ.ആർ. രാജരാജവർമ്മ
   (തെരഞ്ഞെടുത്ത പ്രബന്ധങ്ങൾ)
2. മലയാളഭാഷയുടെ അഭിവൃദ്ധിമാർഗം - സഹോദരൻ അയ്യപ്പൻ
   (സഹോദരൻ അയ്യപ്പൻ: ജീവിതവും കൃതികളും)
3. കോടതിനടപടികൾ നാട്ടുകാരുടെ ഭാഷയിൽ - എൻ.വി. കൃഷ്ണവാര്യർ
   (വെല്ലുവിളികൾ പ്രതികരണങ്ങൾ)
4. എന്റെ ഭാഷ - ഇ.എം.എസ്. നമ്പൂതിരിപ്പാട്
   (നമ്മുടെ ഭാഷ എന്ന കൃതിയിൽനിന്നുള്ള ലേഖനം)
5. മാനസികമായ അടിമത്തം - തായാട്ട് ശങ്കരൻ
   (ഇന്ത്യൻ വിദ്യാഭ്യാസം നൂറ്റാണ്ടുകളിലൂടെ)

**മൊഡ്യൂൾ നാല്**

ഭരണഭാഷ - മലയാളത്തിന്റെ ഭരണപരവും രാഷ്ട്രീയവുമായ വികാസം - ഭരണഭാഷയും ജനാധിപത്യ വൽകരണവും - ലോകമാതൃഭാഷാദിനം - ഇന്ത്യൻ ഭരണഘടനയിൽ ഭാഷകളുടെ സ്ഥാനം - മലബാർ, കൊച്ചി, തിരുവിതാംകൂർ എന്നിവിടങ്ങളിലെ ഭരണമണ്ഡലത്തിൽ മലയാളത്തിനുണ്ടായിരുന്ന സ്ഥാനം - ഭര ണഭാഷാക്കമ്മീഷൻ - കോമാട്ടിൽ അച്യുതമേനോൻ - ഔദ്യോഗികഭാഷാപ്രഖ്യാപനം (1964) - ശ്രേഷ്ഠഭാഷാ പ്രഖ്യാപനം (2013) - ഔദ്യോഗികഭാഷ മലയാളമാക്കിക്കൊണ്ടുള്ള പ്രഖ്യാപനം (2017) കോടതിഭാഷ - നരേ ന്ദ്രൻ കമ്മീഷൻ (1985-1987) - ഭരണഭാഷാ പ്രോത്സാഹനനടപടികൾ - ഭാഷയ്ക്കുവേണ്ടിയുള്ള പ്രസ്ഥാനങ്ങൾ.

**വിശദപഠനം**

1. മലയാളം ഭരണഭാഷാപദവിയിലേക്ക് - ശൂരനാട് കുഞ്ഞൻപിള്ള
2. ജസ്റ്റിസ് നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് സംഗ്രഹം - ജസ്റ്റിസ് നരേന്ദ്രൻ
   (ഔദ്യോഗിക ഭാഷാ സംബന്ധമായി കേരളസർക്കാർ പുറപ്പെടുവിച്ച പ്രധാന ഉത്തരവുകളും സർക്കുലറുകളും അനുബന്ധം 1 കേരളസർക്കാർ 2002)
3. മലയാളഗദ്യഭാഷാ വികാസവും ആധുനികശാസ്ത്രവും - ബാബു ചെറിയാൻ
4. നവോത്ഥാനം, ജനാധിപത്യം, മാതൃഭാഷ - പി. പവിത്രൻ
   (മാതൃഭാഷയ്ക്കുവേണ്ടിയുള്ള സമരം എന്ന കൃതിയിലെ ലേഖനം)

**മൊഡ്യൂൾ അഞ്ച്**

മലയാളത്തിന്റെ സമകാലികപ്രയോഗമാനങ്ങൾ - പത്രഭാഷ - സൈബർ ഇടം - സാമൂഹിക മാധ്യമങ്ങൾ - വിക്കിപീഡിയ - വിക്കി ഗ്രന്ഥശേഖരം - വിക്കിചൊല്ലുകൾ - ബ്ലോഗ്, ട്വിറ്റർ, ഫെയ്സ് ബുക്ക്, വാട്സാപ്പ് - പ്രയോഗവിജ്ഞാനം - വാഹനമലയാളം - ആരോഗ്യരംഗത്തെ മലയാളപ്രയോഗങ്ങൾ - കായികരംഗം - നിയമരംഗവും മലയാളവും - ശാസ്ത്രരംഗം

**വിശദപഠനം**

1. സൈബർ ലോകത്തെ മലയാളം - സുനീത ടി.വി.
   (സൈബർ മലയാളം എന്ന കൃതിയുടെ ആമുഖം)
2. വാഹനം, മലയാളം, മലയാളി - സി. ആദർശ്
3. ഫിറ്റ്നസ് മലയാളം - ഹേന ചന്ദ്രൻ
4. പ്രയോഗവിജ്ഞാനം - സുമി ജോയി
5. കളിയും കാട്ടും കാനറിയും - പി.സുരേന്ദ്രൻ

**സഹായകഗ്രന്ഥങ്ങൾ**

1. ഇളംകുളം കുഞ്ഞൻപിള്ള - *കേരളഭാഷയുടെ വികാസപരിണാമങ്ങൾ*
2. ഇ.എം.എസ് - *നമ്മുടെ ഭാഷ*
3. കേരള സർക്കാർ - *ഭരണഭാഷ*
4. എ.ആർ. രാജരാജവർമ്മ - *സാഹിത്യസാഹ്യം*
5. എം.എൻ. കാരശ്ശേരി - *തെളിമലയാളം*
6. കാവുമ്പായി ബാലകൃഷ്ണൻ - *മലയാള ശാസ്ത്രസാഹിത്യപ്രസ്ഥാനം - ഒരു പഠനം*
7. കുട്ടികൃഷ്ണമാരാര് - *മലയാളശൈലി*

8. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് - *മലയാളം അച്ചടി: ഒരു സ്റ്റൈൽ പുസ്തകം*
9. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് - *മലയാളം ചുരുക്കെഴുത്ത് മാന്വൽ*
10. എസ്. കൃഷ്ണകുമാർ - *സർവകലാശാലാഗവേഷണം മലയാളത്തിൽ*
11. എൻഗുഗി വാ തിയോംഗോ - *മനസ്സിന്റെ അപകോളനീകരണം*
12. എൻ. ജയകൃഷ്ണൻ - *മലയാളവും ക്ലാസിക്കൽ പദവിയും*
13. ജോർജ് ഇരുമ്പയം - *മലയാളവും മലയാളിയും*
14. എ.ആർ. രാജരാജവർമ - *എ.ആർ. രാജരാജവർമയുടെ പ്രബന്ധങ്ങൾ*
15. എഴുമറ്റൂർ രാജരാജവർമ - *ഭാഷയും ഭരണഭാഷയും*
16. എഴുമറ്റൂർ രാജരാജവർമ (എഡി.) - ഔദ്യോഗികഭാഷാസംബന്ധമായി കേരളസർക്കാർ പുറപ്പെടുവിച്ച പ്രധാന ഉത്തരവുകളും സർക്കുലറുകളും
17. എൻ. സാം - *മലയാളപത്രപ്രവർത്തനം 19-ാം നൂറ്റാണ്ടിൽ*
18. പി.കെ. രാജശേഖരൻ, എസ്.എൻ. ജയപ്രകാശ് - *മാധ്യമനിഘണ്ടു*
19. എസ്.കെ. വസന്തൻ - *സമസ്തകേരള സാഹിത്യപരിഷത്തിന്റെ ചരിത്രം*
20. പന്മന രാമചന്ദ്രൻനായർ - *മലയാളവും മലയാളിയും*
21. വി.കെ. ആദർശ് - *വിക്കീപീഡിയയും മലയാളവും*
22. വി.കെ. ആദർശ് - *ഇനി വായന ഇ.വായന*
23. പുതുശ്ശേരി രാമചന്ദ്രൻ - *തെരഞ്ഞെടുത്ത പ്രബന്ധങ്ങൾ*
24. സിബു മോടയിൽ (എഡി.) - *ഭാഷ: നവീനപഠനവഴികൾ*
25. എം.എൻ. വിജയൻ (ജന. എഡി.) - *നമ്മുടെ സാഹിത്യം, നമ്മുടെ സമൂഹം*
26. എസ്.വി. വേണുഗോപൻനായർ - *മലയാളഭാഷാചരിത്രം*
27. പി. ശ്രീകുമാർ - *ഭാഷ, അധ്വാനം, വിമോചനം*
28. ശ്രീകുമാരി എസ്. - *മലയാളഭാഷാനവോത്ഥാനവും സാഹിത്യസംഘടനകളും*
29. ജയ സുകുമാരൻ (എഡി.) - *തർജമ: സിദ്ധാന്തവും പ്രയോഗവും മലയാളത്തിൽ*
30. കെ.എം. പ്രഭാകരവാരിയർ - *പൂർവകേരളഭാഷ*
31. കെ.എം. പ്രഭാകരവാരിയർ - *ഭാഷാവലോകനം*
32. പ്രസ് അക്കാദമി - *പത്രഭാഷ*
33. പി.വി. ഓമന - *നിഘണ്ടുക്കൾ മലയാളത്തിൽ*
34. കെ.ഒ. ഷംസുദ്ദീൻ - *മാപ്പിളമലയാളം*
35. തിക്കുറിശ്ശി ഗംഗാധരൻ - *കേരളവർമയും മലയാളഗദ്യവും*
36. കെ. സേതുരാമൻ - *മലയാളത്തിന്റെ ഭാവി*
37. സ്കറിയ സക്കറിയ - *ചർച്ചയും പൂരണവും*, ഡോ.പി. ജെ. തോമസ് 1935 ൽ രചിച്ച *ക്രിസ്ത്യാനികളും മലയാളസാഹിത്യവും* എന്ന കൃതിക്കുള്ള അനുബന്ധം
38. സ്കറിയ സക്കറിയ (എഡി.) - *ഉദയംപേരൂർ സുനഹദോസിന്റെ കാനോനകൾ*
39. പി.എം. ജോസഫ് - *മലയാളത്തിലെ പരകീയപദങ്ങൾ*
40. രാഘവൻ പുതുപ്പള്ളി - *കേരള പത്രപ്രവർത്തനചരിത്രം*
41. മ്യൂസ് മേരി ജോർജ് (എഡി.) - *പഴയ കൃതി പുതിയ വായന*; മലയാളകൃതികളുടെ വിശകലനം
42. അബ്ദുൾകരീം, മുഹമ്മദ് കെ. ജെ. - *മക്തിതങ്ങളുടെ സമ്പൂർണ്ണകൃതികൾ*
43. ഗണേഷ് സി. (എഡി.) - *പത്രഭാഷ*
44. പി.എം. ഗിരീഷ് - *മലയാളം: സ്വത്വവും വിനിമയവും*
45. നടുവട്ടം ഗോപാലകൃഷ്ണൻ - *മലയാളം ക്ലാസിക് ഭാഷ: പഴക്കവും വ്യക്തിത്വവും*

46. ഗോപിനാഥൻ നായർ എൻ.ആർ. (എഡി.)- *ഭാഷയും സമൂഹവും: ഭാഷാശാസ്ത്രപഠനങ്ങൾ*
47. ചാക്കോ പി.സി. - *മലയാളം ചുരുക്കെഴുത്ത് മാന്വൽ*
48. ജയകൃഷ്ണൻ എൻ. (എഡി.) - *മലയാളവും ക്ലാസിക്കൽ പദവിയും*
49. ജോർജ്ജ് ഇരുമ്പയം - *മലയാളവും മലയാളിയും*
50. ജോർജ്ജ് ഇരുമ്പയം - *ഭാഷ, സാഹിത്യം, സംസ്കാരം*
51. ജോസഫ് സ്കറിയ - *പഴശ്ശിരേഖകളിലെ വ്യവഹാരഭാഷ*
52. ജോസഫ് സ്കറിയ (എഡി.) - *തലശ്ശേരി രേഖകൾ*
53. ദേവരാജൻ ജി. - *ഇൻഫർമേഷൻ സയൻസ്: ഒരാമുഖം*
54. പെരുന്ന കെ. എൻ. നായർ - *മലയാളപത്രത്തിന്റെ കഥ*
55. പി. പവിത്രൻ - *മാതൃഭാഷയ്ക്കുവേണ്ടിയുള്ള സമരം*
56. പ്രകാശ് കെ.എസ്,
എസ്.എ. ഷാനവാസ് (സംശോ.) - *മലയാളഭാഷയും ആഗോളവൽകരണവും*
57. സുരേഷ് പി. (എഡി.) - *മലയാളം: ദേശവും സ്വത്വവും*
58. വി.ആർ. പ്രബോധചന്ദ്രൻനായർ - *മലയാളം മലയാളിയോളം*
59. പ്രിയദർശനൻ ജി. - *മലയാളപത്രപ്രവർത്തനം പ്രാരംഭസ്വരൂപം*
60. പ്രിയദർശനൻ ജി. - *പഴമയിൽനിന്ന്*
61. കെ.എം. പ്രഭാകരവാര്യർ - *മലയാളം: മാറ്റവും വളർച്ചയും*
62. പ്രിയദർശനൻ ജി. - *ആദ്യകാല മാസികകൾ*
63. ഫ്രോൺ മേയർ, ജോഹന്നസ - *പ്രകൃതിശാസ്ത്രം*
64. ബാബു ചെറിയാൻ - *ബെഞ്ചമിൻ ബെയ്‌ലി*
65. ബാബുരാജ് പി.എം. - *മലയാളത്തിൽ എങ്ങനെ ബ്ലോഗാം*
66. ബാലകൃഷ്ണൻ കാവുമ്പായി (എഡി.) - *നമ്മുടെ ഭാഷ നമ്മുടെ സംസ്കാരം*
67. മലയാളം വിക്കിപീഡിയ പ്രവർത്തകർ - *വിക്കിപീഡിയ: ഒരു കൈപ്പുസ്തകം*
68. മാരാർ കെ.കെ. - *കേരളത്തനിമ*
69. മാത്യു ജെ. മുട്ടത്ത് - *വാർത്തകൾ എഴുതുമ്പോൾ*
70. മാതൃഭൂമി ബുക്ക്സ് ജേർണൽ (സമാ.) - *മലയാളം: മലയാളത്തിന്റെ ഭാവിയെക്കുറിച്ച് ചില നിരീക്ഷണങ്ങൾ*
71. മാതൃഭൂമി, 2014
ഇയർബുക്ക്, പു. 746 - 750 - *'സിവിൽ സർവീസ് വിജയം നേടാൻ' മലയാളം*, മാതൃഭൂമി
72. മിനി നായർ - *സിവിൽ സർവീസ് പരീക്ഷകളിലെ മലയാളം*, മനോരമ ബുക്ക്സ്
73. മൂർക്കോത്ത് കുമാരൻ - *ചിഹ്നം*
74. രവീന്ദ്രൻ കെ. - *വിവരശേഖരണം ഇന്റർനെറ്റിൽ*
75. രവീന്ദ്രൻ കെ. - *ഇൻഫർമേഷൻ ടെക്നോളജി നിഘണ്ടു*
76. രാജ മാവുങ്കൽ - *വിദ്യാഭ്യാസ ഇൻഫർമാറ്റിക്സ്*
77. എ.ആർ. രാജരാജവർമ - *എ.ആർ രാജരാജവർമയുടെ പ്രബന്ധങ്ങൾ*
78. രാജഗോപാൽ കമ്മത്ത് - *ഭൗതികശാസ്ത്രനിഘണ്ടു*
79. പി.കെ. രാജശേഖരൻ - *മാധ്യമനിഘണ്ടു*
80. എസ്. രാജശേഖരൻ - *മലയാളിയുടെ മലയാളം*
81. എം.എൻ. വിജയൻ (ജന. എഡി.) - *നമ്മുടെ സാഹിത്യം, നമ്മുടെ സമൂഹം* (1- 4 വാല്യങ്ങൾ)
82. വാസുക്കുട്ടൻ കെ.എം. - *പശ്ചാത്തലവും പ്രവർത്തനവും*
83. വിളക്കുടി രാജേന്ദ്രൻ - *ഭാഷശുദ്ധിയും ഭരണഭാഷയും*
84. ശിവകുമാർ ആർ. - *ഭരണഭാഷാപ്രയോഗങ്ങൾ*

85. സാമുവൽ ചന്ദനപ്പള്ളി - *റവറന്റ് ജോർജ്ജ് മാത്തൻ: കൃതികളും പഠനവും*
86. ഷീജ എം.പി.
ഷാരു ജെ. വർഗീസ് - *സഹോദരൻ അയ്യപ്പൻ: ജീവിതവും കൃതികളും*
87. എ. വിജയലക്ഷ്മി - *അച്ചടി*
88. സുനീത ടി.വി. - *ഇ മലയാളം*
89. സുനീത ടി.വി. - *സൈബർ മലയാളം*

**ഇംഗ്ലീഷ് പുസ്തകങ്ങൾ**

1. Robert Phillipson - *Linguistic Imperialism*, Oxford University Press, 1992.
2. Asha Sarangi - *Language and Politics in India*, Oxford Univesity Press, 2009.
3. Satyendranath Bose - *The Mother Tongue*, Satyendra Nath Bose: His Life and Times, Selected works, Kameshwar C. Wa(Ed.), World Scientific Pub Co inc
4. John E. Joseph - *Language and Identity*, Palgrave, Macmillan.

Est. in 1921

**നിയമങ്ങൾ, കമ്മീഷൻ റിപ്പോർട്ടുകൾ**

ഭരണഭാഷ 1965, 1967 എന്നീ വർഷങ്ങളിലെ നിയമങ്ങൾ
കേരള ഔദ്യോഗികഭാഷാനിയമം
തുടർനിയമങ്ങൾ 1973, 1975.

**ആനുകാലികങ്ങൾ**

ഭരണഭാഷ, ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് പ്രസിദ്ധീകരണം
വിജ്ഞാനകൈരളി, ജൂലായ് 1990, മലയാളം വിശേഷാൽപ്രതി
ജനപഥം, 2010 നവംബർ, ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് പ്രസിദ്ധീകരണം
മലയാണ്മ, മലയാള സമിതി, 1990

THE TRUTH SHALL MAKE YOU FREE

**രേഖകൾ**

കെ. ജയകുമാർ, തുഞ്ചത്ത് രാമാനുജൻ എഴുത്തച്ഛൻ മലയാളസർവകലാശാല: സമീപനവും ഘടനയും, മെയ്, 2012 (മലയാളസർവകലാശാലാ സ്ഥാപനത്തിനുള്ള പഠനറിപ്പോർട്ട്)

## UCML 010103 മലയാളചെറുകഥ

**സമയം: 90 മണിക്കൂർ**

**ക്രഡിറ്റ്: 4**

### ആമുഖം

ആഖ്യാനരൂപമെന്ന നിലയിൽ മലയാളചെറുകഥയുടെ ആവിർഭാവവും വളർച്ചയും മനസ്സിലാക്കുക, ചെറുകഥയുടെ ഉത്ഭവവികാസങ്ങൾ സാധ്യമാക്കിയ സാംസ്കാരികപശ്ചാത്തലവും സാമൂഹിക സാഹചര്യങ്ങളും തിരിച്ചറിയുക എന്നിവ ഈ കോഴ്സിൻ്റെ ലക്ഷ്യങ്ങളാണ്. അച്ചടി, ആനുകാലിക പ്രസിദ്ധീകരണങ്ങൾ, അഭ്യസ്തവിദ്യരായ പൊതുവായനാസമൂഹം എന്നിവ ചെറുകഥയെ രൂപപ്പെടുത്തുന്നതിൽ വലിയ സ്വാധീനം ചെലുത്തിയിട്ടുണ്ട്. പ്രമേയം, ഭാവുകത്വം, കർത്തൃത്വപരമായ നിലപാടുകൾ എന്നിവയൊക്കെ ചെറുകഥാപഠ നത്തിൽ ചെലുത്തിയ സ്വാധീനം തിരിച്ചറിയുന്നതിനും പുതിയ കാലപ്രവണതകളെ മനസ്സിലാക്കുന്നതിനും വിദ്യാർഥികളെ പ്രാപ്തരാക്കുവാൻ ഈ പാഠ്യപദ്ധതി സഹായകമാണ്.

### മൊഡ്യൂൾ ഒന്ന്

ചെറുകഥ എന്ന സാഹിത്യരൂപം - ഉത്ഭവം, വളർച്ച, ഘട്ടങ്ങൾ, മലയാളചെറുകഥയുടെ രൂപപ്പെടൽ - ആദ്യകാല പത്രമാസികകൾ, സാഹിത്യമാസികകൾ - വിദ്യാവിനോദിനി - ആദ്യകാല ചെറുകഥാകൃത്തുക്കൾ - വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ, എം.ആർ.കെ.സി., അമ്പാടി നാരായണ പൊതുവാൾ, മൂർക്കോത്ത് കുമാരൻ, എം. സരസ്വതീഭായി, തച്ചാട്ട് ദേവകിനേത്യാരമ്മ - വിഷയം, ആഖ്യാനരീതി എന്നിവയിലെ പ്രത്യേ കതകൾ - കഥയും സമൂഹവും - കേസരിസദസ്സ് - വിവർത്തനങ്ങൾ - സാമൂഹികപരിഷ്കരണ പ്രസ്ഥാനങ്ങൾ - റിയലിസം, സോഷ്യലിസ്റ്റ് റിയലിസം - നവോത്ഥാനകഥ - വി.ടി. ഭട്ടതിരിപ്പാട്, പൊൻകുന്നം വർക്കി, തകഴി, കേശവദേവ്.

1. ദ്വാരക - വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ
2. യഥാർഥഭാര്യ - തച്ചാട്ട് ദേവകിനേത്യാരമ്മ
3. അതികഠിനം - വി.ടി. ഭട്ടതിരിപ്പാട്
4. ശബ്ദിക്കുന്ന കലപ്പ - പൊൻകുന്നം വർക്കി
5. ദീനാമ്മ - കേശവദേവ്

### മൊഡ്യൂൾ രണ്ട്

മലയാളചെറുകഥയിലെ നവോത്ഥാനപ്രവണതകളുടെ തുടർച്ച - ഇതര മാതൃകകൾ, റിയലിസത്തിന്റെ സ്വാധീനം - എം.പി. പോളിന്റെ കഥാപഠനങ്ങൾ - മനുഷ്യജീവിത ഇടങ്ങളിലേക്കുള്ള സൂക്ഷ്മനോട്ടങ്ങൾ - ദാരിദ്ര്യം, വിശപ്പ്, തൊഴിലന്വേഷണം, ദേശീയപ്രസ്ഥാനം, രാഷ്ട്രീയാധികാര സ്ഥാപനങ്ങളുമായുള്ള സംഘർഷങ്ങൾ - കാരൂർ, ബഷീർ, ലളിതാംബിക അന്തർജനം - തൊഴിലന്വേഷിച്ച് കേരളംവിട്ട് നടത്തുന്ന യാത്രകൾ, പട്ടാളജീവിതം, പ്രവാസിജീവിതത്തിന്റെ വ്യത്യസ്തചിത്രങ്ങൾ, ഭാഷയും സംസ്കാരവും ദേശീയബോ ധവും പ്രവാസിജീവിതത്തിൽ സൃഷ്ടിക്കുന്ന ചലനങ്ങൾ, തൊഴിലിടത്തും വീടകത്തും ഉള്ള വിവേചനങ്ങൾ - എസ്.കെ. പൊറ്റക്കാട്, നന്തനാർ, കോവിലൻ, കെ. സരസ്വതിയമ്മ.

1. മരപ്പാവകൾ - കാരൂർ നീലകണ്ഠപ്പിള്ള
2. മലയാളിയുടെ ചോര - എസ്.കെ. പൊറ്റക്കാട്
3. പ്രതികാരദേവത - ലളിതാംബിക അന്തർജ്ജനം
4. പെൺബുദ്ധി - കെ. സരസ്വതിയമ്മ
5. പതാക - കോവിലൻ

**മൊഡ്യൂൾ മൂന്ന്**

ചെറുകഥയുടെ ആഖ്യാനത്തിലും ഭാവുകത്വത്തിലും വന്ന വ്യതിയാനങ്ങൾ - ജാതീയമായ വിവേചനത്തിനെതിരായ എഴുത്തുകൾ - ടി.കെ.സി. വടുതല - ഗ്രാമനഗര ജീവിതചിത്രങ്ങൾ - മൂല്യബോധത്തിൽ വരുന്ന മാറ്റങ്ങൾ - കാല്പനികത - ലൈംഗികതയുടെ തുറന്നെഴുത്ത് - പ്രണയം, വ്യക്തിസ്വാതന്ത്ര്യം, ജീവിതത്തോടുള്ള നിഷേധാത്മകത, ഫാന്റസിയുടെ സാധ്യതകൾ - രാജലക്ഷ്മി, എം.ടി., മാധവിക്കുട്ടി, ടി. പത്മനാഭൻ - രാഷ്ട്രീയ ത്തിലെ തീവ്രനിലപാടുകൾ, ഇതിവൃത്തം, ആഖ്യാനരീതി എന്നിവയിലുള്ള മാറ്റങ്ങൾ - എം. സുകുമാരൻ - സാർവലൌകികമലയാളിജീവിതം - ആധുനികതയിലേക്കുള്ള മാറ്റങ്ങൾ - ആഖ്യാനതന്ത്രം, കഥാലോകം എന്നിവയിൽ പ്രത്യക്ഷപ്പെടുന്ന പുതുപ്രവണതകൾ.

1. മകൾ - രാജലക്ഷ്മി
2. സാക്ഷി - ടി. പത്മനാഭൻ
3. വാസ്തുഹാര - സി.വി. ശ്രീരാമൻ
4. ശുക്കുമരങ്ങൾ ഞങ്ങൾക്ക് - എം. സുകുമാരൻ
5. മുരുകൻ എന്ന പാമ്പാട്ടി - എം.പി. നാരായണപിള്ള

**മൊഡ്യൂൾ നാല്**

മലയാളകഥയിലെ ആധുനികതയുടെ സജീവഘട്ടം - ഭാവുകത്വപരമായ പരീക്ഷണങ്ങൾ - അസ്തിത്വവാദം, ശൂന്യതാവാദം, അസംബന്ധദർശനം എന്നിവയുമായുള്ള പരിചയം - നഗരജീവിതം, പ്രവാസത്തിന്റെ അനുഭവങ്ങൾ - അന്യവൽകരണം, അധികാരസ്ഥാപനങ്ങളോടുള്ള കലഹം, തിരസ്കാരം, ഫാന്റസി, മിത്തുക ളുടെ നവവ്യാഖ്യാനങ്ങൾ - ഒ.വി. വിജയൻ, എം. മുകുന്ദൻ, ആനന്ദ്, പുനത്തിൽ കുഞ്ഞബ്ദുള്ള, സേതു - ആധുനി കതയിലെ വ്യത്യസ്ത ആഖ്യാനമാതൃകകൾ - പരീക്ഷണങ്ങൾ - വി.പി. ശിവകുമാർ, സക്കറിയ, പട്ടത്തുവിള കരുണാകരൻ, യു.പി. ജയരാജ് - ആധുനികോത്തരതയിലേക്ക്.

1. ദൽഹി 1980 - എം. മുകുന്ദൻ
2. പ്രതിഷ്ഠ - വി.പി. ശിവകുമാർ
3. ജീവച്ഛവങ്ങൾ - പുനത്തിൽ കുഞ്ഞബ്ദുള്ള
4. യേശുപുരം പബ്ലിക് ലൈബ്രറിയെക്കുറിച്ച് ഒരു പരാതി - സക്കറിയ
5. ഓക്കിനാവയിലെ പതിവ്രതകൾ - യു.പി. ജയരാജ്

**മൊഡ്യൂൾ അഞ്ച്**

ചെറുകഥയിലെ ആധുനികാനന്തരത - സ്വത്വരാഷ്ട്രീയം - ദലിത് - പരിസ്ഥിതി - സ്ത്രീ എഴുത്തിന്റെ വിവിധ മാതൃകകൾ - ഉത്തരാധുനിക രചനാതന്ത്രങ്ങൾ - അപനിർമാണം - അർഥവും അധികാരവും പുതുകാലവായനയിൽ - വ്യത്യസ്തങ്ങളായ ജീവിത ഇടങ്ങളിൽനിന്നുള്ള എഴുത്തുകാർ - പ്രാദേശികതകൾ - സൂക്ഷ്മസ്വത്വാവിഷ്കാരങ്ങൾ - ബഹുസ്വരമായ എഴുത്തിടം - സൈബർ, ടെലിവിഷൻ, സിനിമ സ്വാധീനങ്ങളും ചെറുക

ഥയും - എൻ.എസ്. മാധവൻ, സി. അയ്യപ്പൻ, എൻ. പ്രഭാകരൻ, സാറാ ജോസഫ്, ജോർജ് ജോസഫ് കെ., കെ.എ. സെബാസ്റ്റ്യൻ, ഗ്രേസി, ചന്ദ്രമതി, അഷിത, സിതാര എസ്., കെ.ആർ. മീര, കെ. രേഖ, സുഭാഷ് ചന്ദ്രൻ, ബി. മുരളി, ഇ. സന്തോഷ് കുമാർ, എസ്. ഹരീഷ്, സുസ്മേഷ് ചന്ത്രോത്ത്, ഉണ്ണി ആർ., ബെന്യാമിൻ, വിനോയ് തോമസ്, ഫ്രാൻസിസ് നൊറോണ, ധന്യാ രാജ്, അബിൻ ജോസഫ്, അമൽ, കാവ്യ അയ്യപ്പൻ, ഷനോജ് ആർ. ചന്ദ്രൻ, പ്രിൻസ് അയ്മനം, ജിൻഷ ഗംഗ.

1. ആയിരത്തിരണ്ടാമത്തെ രാവ് - എൻ.എസ്. മാധവൻ
2. ഓർമകളുണ്ടായിരിക്കണം - ഗ്രേസി
3. ചേക്ക - ഇ. സന്തോഷ് കുമാർ
4. തൊട്ടപ്പൻ - ഫ്രാൻസിസ് നൊറോണ
5. പാതിരാ തല്ല് - കാവ്യ അയ്യപ്പൻ

**സഹായകഗ്രന്ഥങ്ങൾ**


1. എം. അച്യുതൻ - *ചെറുകഥ ഇന്നലെ ഇന്ന്*
2. എം.എം. ബഷീർ - *മലയാള ചെറുകഥാസാഹിത്യ ചരിത്രം*
3. എം.എം. ബഷീർ - *മലയാള ചെറുകഥ 1950-2006*
4. എം.എം. ബഷീർ (എഡി.) - *ആദ്യകാല സ്ത്രീകഥകൾ*
5. എൻ. പ്രഭാകരൻ - *കഥ തേടുന്ന കഥ*
6. ജി. മധുസൂദനൻ - *കഥയും പരിസ്ഥിതിയും*
7. കെ.എസ്. രവികുമാർ - *ആഖ്യാനത്തിന്റെ അടരുകൾ*
8. കെ.എസ്. രവികുമാർ - *കഥയും ഭാവുകത്വപരിണാമവും*
9. കെ.എസ്. രവികുമാർ - *ചെറുകഥ: വാക്കും വഴിയും*
10. എം.ടി. വാസുദേവൻ നായർ - *കാഥികന്റെ പണിപ്പുര*
11. ഇ.വി. രാമകൃഷ്ണൻ - *അക്ഷരവും ആധുനികതയും*
12. പി.കെ. രാജശേഖരൻ - *കഥാന്തരങ്ങൾ*
13. കെ.പി. അപ്പൻ - *ആഖ്യാനവും അനുഭവസത്തയും*
14. വി.പി. മാർക്കോസ് (എഡി.) - *സമകാലിക മലയാള ചെറുകഥ - വഴിയും പൊരുളും*
15. വത്സലൻ വാതുശ്ശേരി - *കഥയുടെ ന്യൂക്ലിയസ്സ്*
16. കെ.പി. അപ്പൻ - *കെ.പി. അപ്പൻ്റെ തെരഞ്ഞെടുത്ത കൃതികൾ*
17. പൊൻകുന്നം വർക്കി - *തെരഞ്ഞെടുത്ത കഥകൾ*
18. വി.ടി. ഭട്ടതിരിപ്പാട് - *വി.ടി.യുടെ കഥകൾ*
19. കേശവദേവ് - *പ്രതിജ്ഞയും മറ്റ് പ്രധാന കഥകളും*
20. ലളിതാംബിക അന്തർജ്ജനം - *ലളിതാംബിക അന്തർജ്ജനത്തിന്റെ കഥകൾ സമ്പൂർണം*
21. എം.പി. നാരായണപിള്ള - *മലയാളത്തിന്റെ സുവർണകഥകൾ*
22. പുനത്തിൽ കുഞ്ഞബ്ദുള്ള - *മലയാളത്തിന്റെ സുവർണകഥകൾ*
23. യു.പി. ജയരാജ് - *ഓക്കിനാവയിലെ പതിവ്രതകൾ*
24. രാജലക്ഷ്മി - *രാജലക്ഷ്മിയുടെ കഥകൾ*
25. എസ്.കെ. പൊറ്റക്കാട് - *എസ്.കെ. പൊറ്റക്കാടിൻ്റെ കഥകൾ*
26. കോവിലൻ - *കോവിലൻ്റെ കഥകൾ*

27. എം. സുകുമാരൻ - *എന്റെ പ്രിയപ്പെട്ട കഥകൾ*
28. ഫ്രാൻസിസ് നൊറോണ - *തൊട്ടപ്പൻ*
29. ഇ. സന്തോഷ് കുമാർ - *ചാവുകളി*
30. കാവ്യ അയ്യപ്പൻ - *ഒറവകുത്തി*
31. ഇ.പി. രാജഗോപാലൻ - ഉൾക്കഥ
32. Brander Mathews - *The Philosophy of Story*
33. A.C. Ward - *Aspects of Modern Short Story*
34. Evelynn May Albright - *The Short Story, Its Principles and Structure*

Est. in 1921
THE TRUTH SHALL MAKE YOU FREE

## UCML 010104 സാഹിത്യരചനാസങ്കേതങ്ങൾ

**സമയം: 90 മണിക്കൂർ**

**ക്രെഡിറ്റ്: 4**

**ആമുഖം**

സാഹിത്യത്തിൽ രൂപപഠനത്തിനു സവിശേഷസ്ഥാനമുണ്ട്. ഉള്ളടക്കത്തിൽ മാത്രം ഊന്നിക്കൊണ്ട് ഒരു സാഹിത്യരൂപത്തിന്റെ സൗന്ദര്യശാസ്ത്രത്തെ വിശകലനം ചെയ്യാനാവുകയില്ല. പരമ്പരാഗതമായ സാഹി ത്യസങ്കേതങ്ങൾ ക്രമം, പൊരുത്തം, സമഗ്രത എന്നിവയിലൂന്നുമ്പോൾ ആധുനികതാവാദം ഇക്കാര്യങ്ങളിൽ വലിയൊരു വിച്ഛേദം കൊണ്ടുവരുന്നുണ്ട്. ക്രമഭംഗങ്ങളും പൊരുത്തക്കേടുകളും ശിഥിലതകളും അങ്ങനെ സൗന്ദര്യശാസ്ത്രത്തിന്റെ ഭാഗമാവുകയും പരമ്പരാഗതസങ്കല്പങ്ങൾ വീണ്ടുവിചാരത്തിനു വിധേയമാവുകയും ചെയ്തു. സാഹിത്യവിഭാഗങ്ങൾ കലരുന്നതും വേർപിരിയുന്നതും എങ്ങനെയൊക്കെ എന്ന് അന്വേഷിക്കുന്ന തിനും രൂപപഠനം അനിവാര്യമാണ്. ഒരേ സാഹിത്യരൂപത്തിൽതന്നെ സംഭവിക്കുന്ന രൂപപരമായ പരി ണാമം എങ്ങനെയൊക്കെയാണെന്നും അപഗ്രഥിക്കേണ്ടതുണ്ട്. ശബ്ദം/അർഥം, രൂപം/ഉള്ളടക്കം എന്നീ ദ്വന്ദ്വങ്ങളിലെ പൊരുത്തങ്ങളും പൊരുത്തക്കേടുകളും ആഴത്തിൽ വിലയിരുത്തുന്നതും സാഹിത്യപഠനത്തിൽ അനിവാര്യമാണ്. പാശ്ചാത്യവും പൗരസ്ത്യവുമായ സാഹിത്യരൂപങ്ങളെ അവയിൽ പ്രവർത്തിക്കുന്ന രൂപപര മായ ഘടകങ്ങളുടെ അടിസ്ഥാനത്തിൽ അപഗ്രഥിക്കുകയും ഒപ്പം അവയുടെ പ്രമേയപരമായ ഘടകങ്ങളു മായി എങ്ങനെ സംവദിക്കുന്നു എന്ന് അന്വേഷിക്കുകയും ചെയ്യുക എന്നതാണ് ഈ കോഴ്സിൻ്റെ ഉദ്ദേശ്യം.

സാഹിത്യസങ്കേതങ്ങളെക്കുറിച്ചുള്ള പഠനം യാന്ത്രികമാകാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ട തുണ്ട്. സാഹിത്യരൂപങ്ങളെക്കുറിച്ചുള്ള വിചാരത്തിൽ പരമ്പരാഗതമായ സാഹിത്യസംവർഗങ്ങൾക്കു പിൽ ക്കാലത്തു സംഭവിക്കുന്ന വികാസം, അവയിൽ സംഭവിക്കുന്ന കലർപ്പുകൾ എന്നിവ കൂടി പരിഗണിക്കണം. അലങ്കാരങ്ങളുടെ എണ്ണത്തെയും പെരുപ്പത്തെയുമല്ല, അവയുടെ അടിസ്ഥാനസങ്കേതങ്ങളുടെ സവിശേഷത കളും അവയുടെ സമകാലികപ്രസക്തിയുമാണു പ്രധാനമായും ചർച്ച ചെയ്യേണ്ടത്. പ്രത്യേകം സൂചിപ്പിച്ചിട്ടുള്ള അലങ്കാരങ്ങൾ മാത്രം വിശദമായി പഠിച്ചാൽ മതിയാകും. വക്രോക്തി, ധ്വനി, രസം തുടങ്ങിയവ സംസ്കൃതപഠ നത്തിന്റെയും പൗരസ്ത്യസാഹിത്യമീമാംസയുടെയും ഭാഗമായി പാഠ്യപദ്ധതിയിലുള്ളതുകൊണ്ട്, മലയാളസാ ഹിത്യത്തെ മുൻനിർത്തി അവയുടെ പ്രസക്തി പരിശോധിക്കുകയാണ് ഇവിടെ ചെയ്യേണ്ടത്. ആഖ്യാന ശാസ്ത്രം, ചിഹ്നശാസ്ത്രം തുടങ്ങിയ മേഖലകളിലെ പ്രത്യേകം സൂചിപ്പിച്ചിട്ടുള്ള പ്രധാനസങ്കേതങ്ങൾ മാത്രമേ വിശദപഠനത്തിനു വിധേയമാക്കേണ്ടതുള്ളൂ. ലക്ഷ്യലക്ഷണനിർണയം ചെയ്തു പഠിക്കേണ്ട വൃത്തങ്ങൾ എടുത്തു പറഞ്ഞിട്ടുണ്ട്. കാവ്യതാളത്തിലൂന്നിയുള്ള പഠനമാണ് അഭികാമ്യം. പ്രസ്തുതവൃത്തങ്ങളിൽ പരീക്ഷണങ്ങൾ നിർവഹിച്ചുകൊണ്ടും പുതിയ താളക്രമങ്ങൾ രൂപപ്പെടുത്തികൊണ്ടും വൃത്തത്തെത്തന്നെ നിരസിച്ചുകൊണ്ടും പിൽക്കാലത്തു രൂപപ്പെട്ട പുതിയ കാവ്യരൂപങ്ങൾക്കു പ്രത്യേകം പ്രാധാന്യം നൽകണം.

**മൊഡ്യൂൾ ഒന്ന്**

സാഹിത്യരൂപങ്ങൾ - സാമാന്യവിചാരം – പദ്യ-ഗദ്യവിഭാഗങ്ങൾ - ചമ്പു, പാട്ട്, ആട്ടക്കഥ, തുള്ളൽ, മഹാകാവ്യം, ഖണ്ഡകാവ്യം, ഭാവഗീതം, ഗീതം, ഗീതകം, നാടകീയസ്വഗതാഖ്യാനം, ഹൈക്കു, ആഖ്യാന കവിത - ഉപന്യാസം, നിരൂപണം - നോവൽ, റൊമാൻസ്, ചെറുകഥ - നാടകം, തിരക്കഥ - ജീവചരിത്രം, ആത്മകഥ.

**മൊഡ്യൂൾ രണ്ട്**

**സാഹിത്യസങ്കേതങ്ങൾ (പൗരസ്ത്യം)**

അലങ്കാരങ്ങൾ - അർഥാലങ്കാരങ്ങൾ - അലങ്കാരവിഭാഗങ്ങൾ - വിശദപഠനം - ഉപമ, രൂപകം, ഉൽ പ്രേക്ഷ, വ്യതിരേകം, പ്രതിവസ്തൂപമ, ദൃഷ്ടാന്തം, നിദർശന, ദീപകം, അപ്രസ്തുതപ്രശംസ, രൂപകാതിശ യോക്തി, അർഥാന്തരന്യാസം - ശബ്ദാലങ്കാരങ്ങൾ - രസം - ധ്വനി - പ്രാസവിഭാഗങ്ങൾ - സപ്തവിഘ്നങ്ങൾ - പഞ്ചസന്ധികൾ - വക്രോക്തി.

**മൊഡ്യൂൾ മൂന്ന്**

വൃത്തവും താളവും കവിതയിൽ - സംസ്കൃതവൃത്തങ്ങൾ - പൊതുസവിശേഷതകൾ - വിശദപഠനം - വക്ത്രം, അനുഷ്ടുപ്പ്, ഇന്ദ്രവജ്ര, ഉപേന്ദ്രവജ്ര, ഉപജാതി, രഥോദ്ധത, സ്വാഗത, ശാലിനി, വംശസ്ഥം, വസ ന്തതിലകം, മാലിനി, പഞ്ചചാമരം, മന്ദാക്രാന്ത, മല്ലിക, ശാർദ്ദൂലവിക്രീഡിതം, സ്രഗ്ധര, വിയോഗിനി - ഭാഷാവൃത്തങ്ങൾ - പൊതുസവിശേഷതകൾ - വിശദപഠനം - കേക, കാകളി, മഞ്ജരി - താളപരീക്ഷണ ങ്ങളും ആധുനികകവിതയും.

**മൊഡ്യൂൾ നാല്**

**സാഹിത്യസങ്കേതങ്ങൾ (പാശ്ചാത്യം)**

കവിത - സിംബൽ, ഇമേജ് - ഇമേജിസ്റ്റ് തത്വങ്ങൾ (എസ്രാ പൌണ്ട്), ഒബ്ജക്ടീവ് കോറിലേറ്റീവ് (ടി.എസ്. എലിയറ്റ്), അപപരിചിതീകരണം (വിക്ടർ ഷ്ക്ലോവ്സ്കി), മെറ്റഫർ/ മെറ്റോണിമി (റൊമാൻ ജാക്കോബ്സൺ), എൻജാംബ്മെൻ്റ് (അഗംബെൻ) - കവിതയുടെ ചിഹ്നശാസ്ത്രം (മൈക്കേൽ റിഫറ്റേർ) -ആർക്കിടൈപ്പ് (നോത്രോപ് ഫ്രൈ) - മിത്ത് (ലെവിസ്ട്രോസ്), സാമൂഹിക അബോധം (സി.ജി. യുങ്).

**മൊഡ്യൂൾ അഞ്ച്**

ആഖ്യാനം - നോവൽ, കഥ - ഇതിവൃത്തം, ആഖ്യാതാവ്, സ്ഥലം, കാലം, കഥാപാത്രം - ആഖ്യാനകം (Narrative), സ്ഥിരാങ്കങ്ങൾ (Constants), ചരങ്ങൾ (Variables), കഥാജനകം (Fabula), കഥാജനിതം (Suzhet) - ആഖ്യാനഘടനകൾ, ധർമങ്ങൾ (Functions) (വ്ലാഡിമിർ പ്രോപ്പ്) - അഞ്ചു തരം സങ്കേതങ്ങൾ (Codes) (റൊളാങ് ബാർത്ത്) - അനുകൽപനം (Adaptation) - മാധ്യമത (Mediacy) - പുരുഷൻ (Person), പരിപ്രേക്ഷ്യം (Perspective), ബഹുലകം (Mode) (എഫ്.കെ. സ്റ്റാൻസൽ) - ബഹുസ്വരത, ഹെറ്ററോഗ്ലോ സ്സിയ, കാർണിവലൈസേഷൻ (മിഖായേൽ ബക്തിൻ), പാരഡി, പാസ്റ്റിഷ്, ഹൈപ്പർ ടെക്സ്റ്റ്, മെറ്റാ ഫിക്ഷൻ.

**സഹായകഗ്രന്ഥങ്ങൾ**


1. ചാത്തനാത്ത് അച്യുതനുണ്ണി - *അലങ്കാരശാസ്ത്രം മലയാളത്തിൽ*
2. കുട്ടികൃഷ്ണമാരാര് - *സാഹിത്യഭൂഷണം*
3. കുട്ടികൃഷ്ണമാരാര് - *വൃത്തശില്പം*
4. ജിതേഷ് ടി. - *ആഖ്യാനശാസ്ത്രം*
5. പി. നാരായണക്കുറുപ്പ് - *മലയാളവൃത്തപഠനം*
6. പി.കെ. നാരായണപിള്ള - *കൈരളീധ്വനി*
7. എം.പി. പോൾ - *ചെറുകഥാപ്രസ്ഥാനം*
8. എം.പി. പോൾ - *നോവൽസാഹിത്യം*
9. കെ.എം. പ്രഭാകരവാരിയർ - *കവിതയും ഭാഷയും*
10. പി.കെ. ബാലകൃഷ്ണൻ - *നോവൽ: സിദ്ധിയും സാധനയും*
11. എ. ബാലകൃഷ്ണപിള്ള - *രൂപമഞ്ജരി*
12. ടി.വി. മാത്യു - *വൃത്തശാസ്ത്രം*
13. എ.ആർ. രാജരാജവർമ - *ഭാഷാഭൂഷണം*
14. എ.ആർ. രാജരാജവർമ - *വൃത്തമഞ്ജരി*
15. ഡി. രാധാകൃഷ്ണൻ നായർ - *ആഖ്യാനവിജ്ഞാനം*
16. ദേശമംഗലം രാമകൃഷ്ണൻ - *കവിയുടെ കലാതന്ത്രം*
17. ദേശമംഗലം രാമകൃഷ്ണൻ (അവതാരകൻ) - *കാവ്യഭാഷയിലെ പ്രശ്നങ്ങൾ*
18. കെ.കെ. വാധ്യാർ - *വൃത്തവിചാരം*
19. വി.എസ്. ശർമ - *രൂപകദർശനം*
20. കെ. സുകുമാരപിള്ള - *കാവ്യമീമാംസ*
21. Agambenn, Giorgio - *The End of the Poem: Studies in Poetics*
22. Attridge, Derek - *Poetic Rhythm: An Introduction*
23. Barthes, Roland - *Introduction to the Structural Analysis of Narratives: Image, Music, Text*
24. Barthes, Roland - *S/Z*
25. Cullar, Jonathan - *Structuralist Poetics*
26. Dentith Simon - *Parody*
27. Dirvenn, Rene (Ed.) - *Metaphor and Metonymy in Comparison and Contrast*
28. Eagleton, Terry - *How to read a Poem*
29. Gross, Harvey - *The Structure of Verse*
30. Jameson, Fredric - *The Prison House of Language*
31. Krishna Varier, N.V. - *A History of Malayalam Metre*
32. Punter, David - *Metaphor*
33. Prince, Gerald - *Narratology, Nnarrative and Meaning*
34. Riffaterre, Michael - *Semiotics of Poetry*
35. Scholes, Robert annd Kellog, Robert - *The Nature of Nnarrative*
36. Stanzel, F.K. - *A Theory of Narrative*


Est. in 1921 THE TRUTH SHALL MAKE YOU FREE

## UCML 010105 സംസ്കൃതം - ഭാഷയും സാഹിത്യവും

**സമയം: 90 മണിക്കൂർ**

**ക്രഡിറ്റ്: 4**

**ആമുഖം**

മലയാളഭാഷയിലും സാഹിത്യത്തിലും ഏറെ സ്വാധീനം ചെലുത്തിയിട്ടുള്ള സംസ്കൃതഭാഷയും സാഹിത്യവും അതേ ഭാഷയിലൂടെ തന്നെ പഠിക്കുവാനുള്ള പശ്ചാത്തലം ഒരുക്കുക എന്നതാണ് ഈ കോഴ്സിന്റെ ലക്ഷ്യം. സംസ്കൃതസാഹിത്യത്തിന്റെ സൗന്ദര്യപരമായ അംശങ്ങൾ പരിചയപ്പെടുക, പാഠഭാഗങ്ങളുമായി ബന്ധപ്പെട്ടുവരുന്ന വ്യാകരണതത്വങ്ങൾ മനസ്സിലാക്കുക, മൂലകൃതികളുടെ പരിഭാഷകൾ പരിചയപ്പെടുക, കേരളീയരായ ഗ്രന്ഥകർത്താക്കളുടെ കൃതികൾ അവലോകനം ചെയ്യുക തുടങ്ങിയവ ഈ കോഴ്സിന്റെ ലക്ഷ്യങ്ങളാണ്. കാവ്യഭാഗങ്ങളുമായി ബന്ധപ്പെട്ട അലങ്കാരങ്ങളുടെ പ്രതിപാദനവും നാടകത്തെ പരിചയപ്പെടുത്തു മ്പോൾ രൂപകവിഭജനം, നായകഭേദം തുടങ്ങിയവയുടെ സാമാന്യവിവരണവും നിർവഹിക്കേണ്ടതുണ്ട്. വിദ്യാ ർഥിയുടെ ഭാഷാപഠനശേഷിയെ പോഷിപ്പിക്കുവാൻ ഈ കോഴ്സ് ഉതകുന്നു.

**മൊഡ്യൂൾ ഒന്ന്**

Est. in 1921

സംസ്കൃതഭാഷയിലെ നാമരൂപങ്ങളുമായും ക്രിയാരൂപങ്ങളുമായുമുള്ള പരിചയം. ചില മാതൃകകൾ.
നാമരൂപങ്ങൾ - ബാല ശബ്ദം, ലതാ ശബ്ദം, വന ശബ്ദം,അസ്മദ് ശബ്ദം, യുഷ്മദ് ശബ്ദം
ക്രിയാരൂപങ്ങൾ - പട് ധാതു, വന്ദ് ധാതു (ലട്, ലൃട്, ലങ്)
പഞ്ചതന്ത്രം - കാകോലൂകീയം - ചതുർദന്തകഥ

**മൊഡ്യൂൾ രണ്ട്**

സംസ്കൃതമഹാകാവ്യങ്ങളെ പരിചയപ്പെടുക - മഹാകാവ്യലക്ഷണം, മഹാകാവ്യമാതൃക
കുമാരസംഭവം (അഞ്ചാം സർഗം) - കാളിദാസൻ

**മൊഡ്യൂൾ മൂന്ന്**

സംസ്കൃതനാടകങ്ങളെ അറിയുക - ദശരൂപകം - മാതൃകകൾ
മധ്യമവ്യായോഗം - ഭാസൻ

**മൊഡ്യൂൾ നാല്**

സംസ്കൃതഭാഷയും ഭാരതീയതത്വചിന്തയുമായുള്ള ബന്ധം - പരമ്പരാഗതവഴികൾ - നവീനമാതൃകകൾ

1. ഭഗവദ്ഗീത അധ്യായം 1 അർജ്ജുനവിഷാദയോഗം
2. നിർവൃതിപഞ്ചകം - ശ്രീനാരായണഗുരു

**മൊഡ്യൂൾ അഞ്ച്**

സംസ്കൃതകാവ്യപാരമ്പര്യത്തിന് കേരളീയസംഭാവന - മാതൃകകളുടെ പഠനം
നാരായണീയം സർഗം 55 കാളിയമർദനം - മേൽപ്പത്തൂർ നാരായണഭട്ടതിരി

**സഹായകഗ്രന്ഥങ്ങൾ**

1. കുട്ടികൃഷ്ണമാരാർ (വ്യാഖ്യാ.) - *കുമാരസംഭവം*
2. സ്വാമി ചിന്മയാനന്ദൻ (വ്യാഖ്യാ.) - *ഭഗവദ്ഗീത*
3. മോഹൻദാസ് കരംചന്ദ് ഗാന്ധി (വ്യാഖ്യാ.) - *ഭഗവദ്ഗീത*, അനാസക്തിയോഗം
4. ടി. ഭാസ്കരൻ - *ഭാസനാടകചക്രം*
5. *നാരായണീയം*, വനമാല വ്യാഖ്യാനം - ഗുരുവായൂർ ദേവസ്വം ബോർഡ് പ്രസിദ്ധീകരണം
6. *ശബ്ദമഞ്ജരി* - ആർ.എസ്. വാധ്യാർ & സൺസ്, പാലക്കാട്
7. *ധാതുമഞ്ജരി* - ആർ.എസ്. വാധ്യാർ & സൺസ്, പാലക്കാട്
8. ടി. ഭാസ്കരൻ (വ്യാഖ്യാ.) - *ശ്രീനാരായണഗുരുവിന്റെ സമ്പൂർണകൃതികൾ*
9. വിഷ്ണുശർമ്മ - *പഞ്ചതന്ത്രം*

Est. in 1921
THE TRUTH SHALL MAKE YOU FREE

## സെമസ്റ്റർ രണ്ട്

UCML 010201 ആധുനികമലയാളകവിത - ഒന്നാം ഘട്ടം

UCML 010202 ഭാഷാശാസ്ത്രം

UCML 010203 കേരളസംസ്കാരം

UCML 010204 മലയാളനോവൽ

UCML 010205 ഭാരതീയസാഹിത്യസിദ്ധാന്തങ്ങൾ

Est. in 1921
THE TRUTH SHALL MAKE YOU FREE

## UCML 010201 ആധുനികമലയാളകവിത - ഒന്നാം ഘട്ടം

**സമയം: 90 മണിക്കൂർ**

**ക്രഡിറ്റ്: 4**

**ആമുഖം**

19-ാം നൂറ്റാണ്ടിന്റെ പകുതിയോടുകൂടി മലയാളകവിതയിൽ ഗണനീയമായ മാറ്റമാണ് സംഭവിച്ചത്. അതുവരെ നിലനിന്നിരുന്ന രൂപമാതൃകകളിൽ പുതിയ പരീക്ഷണങ്ങൾ സംഭവിക്കുന്നു. ചെറിയ കൃതികൾ, മഹാകാവ്യങ്ങൾ, മുക്തകങ്ങൾ തുടങ്ങിയവ പ്രാധാന്യം നേടുന്നു. ഒപ്പം ആധുനികത എന്ന പ്രയോഗത്തിനു പ്രസക്തി വരുന്നു. എപ്രകാരമാണ് ആധുനികത മലയാളകവിതയിലേക്ക് കടന്നുവന്നതെന്നും സ്വാധീനിച്ച ഘടകങ്ങൾ എന്തെല്ലാമെന്നുമുള്ള വസ്തുതകളിൽ ഊന്നിനിന്നുകൊണ്ട് മലയാളകവിതയുടെ ചരിത്രവഴികളെക്കുറിച്ച് പഠിക്കുകയാണ് ലക്ഷ്യം.

ഇംഗ്ലീഷ് വിദ്യാഭ്യാസം, അച്ചടി, ആനുകാലികങ്ങളുടെ ആവിർഭാവം, പാഠപുസ്തകക്കമ്മിറ്റി, ദേശീയത യെക്കുറിച്ചുള്ള സങ്കല്പങ്ങൾ, മാനവികതയെക്കുറിച്ചുള്ള കാഴ്ചപ്പാടുകൾ എന്നിങ്ങനെ വിഭിന്നങ്ങളായ ചരിത്രസ ന്ദർഭങ്ങളുടെയും വിചാരധാരകളുടെയും പശ്ചാത്തലത്തിലാണ് മലയാളകവിത ആധുനികമായ ഘട്ടത്തി ലേക്കു പ്രവേശിക്കുന്നത്.

നവോത്ഥാനപ്രസ്ഥാനങ്ങൾ, ദേശീയപ്രസ്ഥാനം, തൊഴിലാളിവർഗപ്രസ്ഥാനങ്ങൾ എന്നിവ ദാർശ നികവും സൗന്ദര്യശാസ്ത്രപരവുമായ സങ്കല്പങ്ങളെ പരിവർത്തിപ്പിച്ചു. ഭാവിയെക്കുറിച്ചുള്ള മനുഷ്യന്റെ സങ്കൽപ ങ്ങളിൽ മാറ്റങ്ങൾ സൃഷ്ടിച്ചു. സമത്വം, സ്വാതന്ത്ര്യം തുടങ്ങിയ പ്രതീക്ഷകളും യന്ത്രവൽകൃതലോകത്തെപ്പറ്റി യുള്ള ഉൽകണ്ഠകളും എഴുത്തിൽ പ്രകടമായി. ഈ ഒരു പശ്ചാത്തലത്തെ വിശകലനം ചെയ്യുകയാണ് പഠ നോദ്ദേശ്യം. കൊളോണിയൽ ആധുനികത, ആധുനികതാപ്രസ്ഥാനം എന്നിവയെ ബന്ധപ്പെടുത്തി സാഹി ത്യത്തിൽ അവയുണ്ടാക്കിയ മാറ്റങ്ങളും പഠനവിധേയമാക്കേണ്ടതാണ്.

**മൊഡ്യൂൾ ഒന്ന്**

കൊളോണിയൽ കാലഘട്ടത്തിൽ സാഹിത്യത്തിനുണ്ടായ മാറ്റം - രൂപ-ഭാവപരമായ നവപ്രവണതകൾ - വെണ്മണിപ്രസ്ഥാനം, പച്ചമലയാളപ്രസ്ഥാനം - പ്രാസവാദം - മഹാകാവ്യങ്ങൾ - നിയോക്ലാസിക് പാരമ്പര്യത്തിൽനിന്നും മാറാനുള്ള പ്രവണത - വ്യത്യസ്ത കാവ്യസങ്കേതങ്ങൾ - മുക്തകങ്ങൾ, സന്ദേശകാവ്യങ്ങൾ, കൂട്ടകവിതകൾ, കവിതാവിനോദങ്ങൾ, നിരൂപണാത്മകകവിതകൾ - കവിമൃഗാവലി, കവിരാമായണം, കവിപുഷ്പമാല - കവിതയിലുണ്ടായ നിരന്തരപരിണാമങ്ങൾ.

**വിശദപഠനം**

| | |
|---|---|
| നല്ല ഭാഷ | - കുഞ്ഞിക്കുട്ടൻ തമ്പുരാൻ |
| മലയവിലാസം | - എ.ആർ. രാജരാജവർമ |
| ശ്രീയേശുവിജയം (ഒന്നാം സർഗം) | - കട്ടക്കയം ചെറിയാൻ മാപ്പിള |
| വെള്ളപ്പൊക്കമാല | - പുലിക്കോട്ടിൽ ഹൈദർ |
| **മുക്തകങ്ങൾ** | |
| 'മൂടില്ലാത്തൊരു മുണ്ടുകൊണ്ടു...' | - പൂന്തോട്ടത്തു നമ്പൂതിരി |
| **'രാവിപ്പോൾ ക്ഷണമങ്ങൊടുങ്ങിടും...'** | **- ഏ. ആർ രാജരാജവർമ്മ** |
| 'പാടത്തിൻകരെ നീളെ നീലനിറമായി...' | - ചേലപ്പറമ്പു നമ്പൂതിരി |

**മൊഡ്യൂൾ രണ്ട്**

കവിതയിലെ ആധ്യാത്മികത - നവോത്ഥാനം - ചട്ടമ്പിസ്വാമികൾ, ശ്രീനാരായണഗുരു, കെ.പി. കറുപ്പൻ, സഹോദരൻ അയ്യപ്പൻ, അയ്യങ്കാളി, പൊയ്കയിൽ അപ്പച്ചൻ - പാശ്ചാത്യസ്വാധീനം കർതൃത്വത്തിലും മൂല്യബോധത്തിലും വരുത്തിയ മാറ്റങ്ങൾ - ആധുനികതയിലെ സ്വത്വനിർമിതി - ആത്മസംഘർഷങ്ങൾ - കാല്പ നികതയുടെ ആദ്യാങ്കുരങ്ങൾ - എ.ആർ. രാജരാജവർമ, കെ.സി. കേശവപിള്ള, വി.സി. ബാലകൃഷ്ണപ്പണിക്കർ - വിലാപകാവ്യപ്രസ്ഥാനവും വൈയക്തികാനുഭവങ്ങളുടെ ആവിഷ്കാരവും.

**വിശദപഠനം**

| | |
|---|---|
| കുണ്ഡലിനിപ്പാട്ട് | - ശ്രീനാരായണഗുരു |
| ധർമം | - സഹോദരൻ അയ്യപ്പൻ |
| ജാതിക്കുമ്മി (ആദ്യത്തെ 10 ഖണ്ഡങ്ങൾ) | - കെ.പി. കറുപ്പൻ |
| മുന്നണിയിലേക്ക് | - പള്ളത്തു രാമൻ |
| ഒരു വിലാപം | - വി.സി. ബാലകൃഷ്ണപ്പണിക്കർ |
| 'വാദ്യഘോഷങ്ങൾ മുഴക്കുന്നവർക്കും...' | - പൊയ്കയിൽ അപ്പച്ചൻ |

Est. in 1921

**മൊഡ്യൂൾ മൂന്ന്**

20. തിരുനെല്ലൂർ കരുണാകരൻ - *മലയാളഭാഷാപരിണാമം: സിദ്ധാന്തങ്ങളും വസ്തുതകളും*
21. കെ. ശ്രീകുമാരി - *മലയാളത്തിലെ നാമവർഗം*
22. കെ.എസ്. നാരായണപിള്ള - *ആധുനികമലയാളവ്യാകരണം*
23. എൻ.കെ. മേരി - *മലയാളവ്യാകരണസിദ്ധാന്തങ്ങൾ കേരളപാണിനിക്ക് ശേഷം*
24. എൻ.ആർ. ഗോപിനാഥപിള്ള - *ഭാഷാനിരീക്ഷണം*
25. വി.ആർ. പ്രബോധചന്ദ്രൻ - *വാക്യപരിചയം*
26. സി. ജയശ്രീ - *പ്രകാരങ്ങൾ രാജരാജവർമയുടെ വീക്ഷണത്തിൽ*
27. ടി.ബി. വേണുഗോപാലപ്പണിക്കർ - *ഭാഷാർഥം*
28. ടി.ബി. വേണുഗോപാലപ്പണിക്കർ (എഡി.)- *വ്യാകരണപഠനങ്ങൾ*
29. ഡേവിസ് സേവ്യർ - *പദശുദ്ധികോശം*
30. സിബു മോടയിൽ (എഡി.) - *ഭാഷ: നവീനപഠനവഴികൾ*
31. എൻ. രാജേന്ദ്രൻ - *സന്ധിനിയമങ്ങൾ മലയാളവ്യാകരണരചനയിൽ* (ഗവേഷണപ്രബന്ധം, അപ്രകാശിതം, കേരള സർവകലാശാല)


Est. in 1921
THE TRUTH SHALL MAKE YOU FREE

## UCML 010303 മലയാളനിരൂപണം

**സമയം: 90 മണിക്കൂർ**

**ക്രഡിറ്റ്: 4**

**ആമുഖം**

മലയാളനിരൂപണത്തിന്റെ രൂപവൽകരണവും ചരിത്രവും സമഗ്രമായി മനസ്സിലാക്കുകയാണ് ഈ കോഴ്സിന്റെ ഉദ്ദേശ്യം. സാഹിത്യത്തിന്റെ രീതിഭേദങ്ങളും പ്രമേയവൈവിധ്യങ്ങളുമായി നിരൂപണം ബന്ധപ്പെട്ടിരിക്കുന്നു. പലവിധമായ സാഹിത്യതത്വചിന്തകളും സൗന്ദര്യശാസ്ത്രദർശനങ്ങളും രാഷ്ട്രീയ ചിന്തകളും മലയാള സാഹിത്യനിരൂപണത്തിന്റെ രീതിഭേദങ്ങളെയും സൗന്ദര്യബോധത്തെയും നിലപാടു കളെയും സ്വാധിനിച്ചിട്ടുണ്ട്. മലയാളനിരൂപണത്തിന്റെ ചരിത്രപരമായ പരിണാമത്തോടൊപ്പം ഭാവുകത്വപരമായ അതിന്റെ ബഹു ത്വവും തിരിച്ചറിയേണ്ടതുണ്ട്. നിരൂപണത്തിന്റെ വൈജ്ഞാനികവും കാലികവും സാഹിത്യപരവുമായ പൊതു സ്വഭാവങ്ങളും വ്യത്യസ്തതകളും തിരിച്ചറിഞ്ഞ് പഠിതാക്കൾ പ്രായോഗികനിരൂപണത്തിൽ ശേഷിയുള്ളവരാ കുക എന്നതും ഈ കോഴ്സിന്റെ ലക്ഷ്യമാണ്.

**മൊഡ്യൂൾ ഒന്ന്**

നിരൂപണം എന്ന സാഹിത്യരൂപം മലയാളത്തിൽ രൂപപ്പെടുന്ന കാലം - പത്രമാസികകൾ, വിവിധ ഗദ്യരൂപങ്ങളുടെ രൂപപ്പെടൽ, അഭ്യസ്തവിദ്യരായ പുതിയ വായനാസമൂഹം - ഭാഷ്യം, വ്യാഖ്യാനം എന്നിങ്ങ നെയുള്ള പരമ്പരാഗതവായനാരീതികളിൽനിന്നുള്ള വ്യതിയാനം - ബുക്ക് റിവ്യൂ എന്ന പുതിയ എഴുത്തുരീതിയു മായുള്ള പരിചയപ്പെടൽ - വിദ്യാവിനോദിനി മാസിക - സി.പി. അച്യുതമേനോൻ - അവതാരികകൾ, സാഹിത്യപഠനങ്ങൾ, ആദ്യകാലമാതൃകകൾ, കേരളവർമ വലിയകോയിത്തമ്പുരാൻ, എ.ആർ. രാജരാജവർമ - സാഹിത്യവിവാദങ്ങൾ - പ്രാസവാദം, കവിത്രയത്തിന്റെ നിരൂപണം, നവോത്ഥാനവും സാഹിത്യനിരൂപണവും - കേസരിയുടെ നവലോകസങ്കല്പം, പ്രസ്ഥാനനിരൂപണം, രൂപമഞ്ജരി, പാശ്ചാത്യസാഹിത്യകൃതി കളുമായുള്ള പരിചയം.

1. മനോരമാവിജയം - സി.പി. അച്യുതമേനോൻ
2. നളിനിയുടെ അവതാരിക - എ.ആർ. രാജരാജവർമ
3. എഴുത്തച്ഛൻ - സാഹിത്യപഞ്ചാനനൻ
4. ജി. യുടെ കവിതകളിലെ സിംബോളിസം - കേസരി എ. ബാലകൃഷ്ണപിള്ള
5. ഭാഷാഗദ്യശൈലി - എം.പി. പോൾ

**മൊഡ്യൂൾ രണ്ട്**

രൂപഭാവങ്ങളിലും ആശയാവിഷ്കാരത്തിലുമുള്ള പരീക്ഷണമാർഗങ്ങളെ സംബന്ധിച്ച് കേസരി തുടങ്ങി വെച്ച ചിന്തകളുടെ തുടർച്ച - നിരൂപണത്തിന്റെ നിലപാടും സൗന്ദര്യബോധവും എഴുത്തിന്റെ രീതിശാസ്ത്രവും സംബന്ധിച്ച വ്യത്യസ്തവീക്ഷണങ്ങൾ - യുക്തിവിചാരവും സാമൂഹികവിമർശനവും എഴുത്തിടത്തിന്റെ രാഷ്ട്രീയപാഠം നിർമിക്കുന്നതെങ്ങനെ എന്നന്വേഷിക്കുന്ന പഠനരീതികൾ - സാഹിത്യത്തെ സംബന്ധിച്ച സാമൂഹി കപാഠങ്ങൾ പല രീതിയിൽ - ക്ലാസിക്കൽ കൃതികൾക്കുണ്ടായ പുതിയ പാഠങ്ങൾ - സാഹിത്യപ്രയോജ നത്തെ സംബന്ധിച്ച അഭിപ്രായഭേദങ്ങൾ - യുക്തി, സൗന്ദര്യം, സാമൂഹികപ്രയോജനം എന്നിവ സംബന്ധിച്ച നില പാടുകൾ - എം.പി. പോൾ, ജോസഫ് മുണ്ടശ്ശേരി, കുട്ടികൃഷ്ണമാരാര്, കുറ്റിപ്പുഴ കൃഷ്ണപിള്ള, ഇ.എം.എസ്., കെ. ഭാസ്കരൻ നായർ.

1. സൗന്ദര്യബോധം - കുറ്റിപ്പുഴ കൃഷ്ണപിള്ള
2. വാല്മീകിയുടെ രാമൻ - കുട്ടികൃഷ്ണമാരാര്
3. കരുണം - ജോസഫ് മുണ്ടശ്ശേരി
4. വിഷാദമോ പ്രസാദമോ - കെ. ഭാസ്കരൻ നായർ
5. ജീവത്സാഹിത്യവും സൗന്ദര്യബോധവും - ഇ.എം.എസ്.

**മൊഡ്യൂൾ മൂന്ന്**

നവോത്ഥാനമൂല്യബോധവും സാഹിത്യവിമർശവും തുടർച്ച - പുരോഗമനസാഹിത്യപ്രസ്ഥാനം, സോഷ്യലിസ്റ്റ് റിയലിസത്തിന്റെ പ്രയോഗവ്യാഖ്യാനങ്ങൾ - ഇ.എം.എസ്, കെ. ദാമോദരൻ, തായാട്ട് ശങ്കരൻ - നവോത്ഥാനമൂല്യബോധവുമായി ബന്ധപ്പെട്ട വിയോജിപ്പുകൾ, സ്ഥാപനസ്വഭാവിയായ പാഠങ്ങളുമായുള്ള കലഹങ്ങൾ, മതവും രാഷ്ട്രീയപ്രസ്ഥാനങ്ങളും നിർമിച്ച സൗന്ദര്യശിക്ഷണത്തിന്റെ മാനകീകരിക്കപ്പെട്ട നില പാടുകളോടുള്ള വിയോജിപ്പുകൾ - സി.ജെ. തോമസ്, എം. ഗോവിന്ദൻ - വ്യത്യസ്തമൂല്യവിചാരീതികൾ, അക്കാദമിക് പഠനങ്ങൾ, ആസ്വാദനനിരൂപണം - കെ.എൻ. എഴുത്തച്ഛൻ, പ്രൊഫ. എൻ. കൃഷ്ണപിള്ള, എം.പി. ശങ്കുണ്ണിനായർ, സുകുമാർ അഴീക്കോട്, എം. ലീലാവതി, പ്രൊഫ. എം. കൃഷ്ണൻ നായർ, എം. തോമസ് മാത്യു.

1. എന്റെ ചങ്ങമ്പുഴ - സി.ജെ. തോമസ്
2. വീതവികാരയായ് വില്ക്കപ്പെടുന്നവൾ - എം. ഗോവിന്ദൻ
3. സഹ്യന്റെ മകൻ - എം.എൻ. വിജയൻ
4. കളിയച്ഛൻ - എം.പി. ശങ്കുണ്ണിനായർ
5. ഒരു ഗന്ധർവൻ പാടുന്നു - എം. ലീലാവതി

**മൊഡ്യൂൾ നാല്**

നിരൂപണത്തിലെ ആധുനികതയുടെ മാതൃകകൾ - വ്യക്തി, സ്ഥാപനങ്ങൾ, അർത്ഥം, രാഷ്ട്രീയം എന്നിവയിലെ കലഹം - പാശ്ചാത്യ അസ്തിത്വവാദസമീപനങ്ങളുടെ സ്വാധീനം - സ്ഥാപനവൽകരിക്ക പ്പെട്ട അർഥകല്പനകളോടുള്ള വിയോജിപ്പ് - കെ.പി അപ്പൻ, വി. രാജകൃഷ്ണൻ, ആർ. നരേന്ദ്രപ്രസാദ്, സച്ചി ദാനന്ദൻ, ഡോ. കെ. രാഘവൻപിള്ള, - പാരിസ്ഥിതികമായ സൗന്ദര്യബോധത്തിന്റെ പ്രയോഗങ്ങൾ, രാഷ്ട്രീ യാധുനികത - ആഷാമേനോൻ, പി.പി.കെ. പൊതുവാൾ, കെ.സി. നാരായണൻ, സച്ചിദാനന്ദൻ, ബി. രാജീവൻ.

1. തിരസ്കാരം - കെ.പി. അപ്പൻ
2. ലവണദേവതമാരും കാഞ്ഞിരവിഗ്രഹങ്ങളും- സച്ചിദാനന്ദൻ
3. സാകല്യത്തിന്റെ പ്രസക്തി - ആഷാമേനോൻ
4. സഹ്യനേക്കാൾ തലപ്പൊക്കം - കെ.സി. നാരായണൻ
5. അനുഭൂതികളുടെ ചരിത്രപരത - ബി. രാജീവൻ

**മൊഡ്യൂൾ അഞ്ച്**

ഉത്തരാധുനികസാഹിത്യനിരൂപണത്തിന്റെ ബഹുവിധസാധ്യതകൾ - നവമാർക്സിസ്റ്റ വായനകൾ, ലക്കാനിയൻ മനോവിജ്ഞാനപരമായ പാഠങ്ങൾ, അപനിർമാണം, സംസ്കാരപഠനം, ജനപ്രിയസാ ഹിത്യം - വി.സി. ഹാരിസ്, വി.സി. ശ്രീജൻ, ഇ.വി. രാമകൃഷ്ണൻ, എസ്.എസ്. ശ്രീകുമാർ, പി. പവിത്രൻ, സുനിൽ പി. ഇളയിടം, പി.കെ. രാജശേഖരൻ, പി.എസ്. രാധാകൃഷ്ണൻ, ഇ.പി. രാജഗോപാലൻ, കെ.എം. നരേന്ദ്രൻ, ഉണ്ണികൃഷ്ണൻ ബി. - സ്ത്രീവാദനിരൂപണം - ജെ. ദേവിക, പി.ഗീത,

എസ്. ശാരദക്കുട്ടി, മ്യൂസ് മേരി ജോർജ്ജ്, ജി. ഉഷാകുമാരി, ജിസ ജോസ് - ദളിത്‌വാദനിരൂപണം - കെ.കെ. കൊച്ച്, കെ.കെ. ബാബുരാജ്, പ്രദീപൻ പാമ്പിരികുന്ന് - പരിസ്ഥിതിനിരൂപണത്തിന്റെ പുതിയ മാതൃകകൾ - ജി. മധുസൂദനൻ - മാധ്യമനിരൂ പണം - ടെലിവിഷൻ, സിനിമ, സൈബർ പഠനങ്ങൾ - ടി.കെ. സന്തോഷ്കുമാർ, ഷാജി ജേക്കബ്, സി. എസ്. വെങ്കിടേശ്വരൻ, അജു കെ. നാരായണൻ, ചെറി ജേക്കബ് കെ., എൻ.പി. സജീഷ്.

1. കവിതയുടെ കുരുത്തക്കേട് – വായനയുടെയും - വി. സി. ഹാരിസ്
2. വാക്കിലെ സമൂഹം - ഇ.വി. രാമകൃഷ്ണൻ
3. പത്രങ്ങളിലെ പെൺവേട്ട - മ്യൂസ് മേരി ജോർജ്
4. സരസ്വതിവിജയം കൊളോണിയൽ ആധുനികതയുടെ വിമോചനപരിധിയിൽ - പി. പവിത്രൻ
5. അന്യാധീനമായ രണ്ടിടങ്ങഴി - പ്രദീപൻ പാമ്പിരികുന്ന്

**സഹായകഗ്രന്ഥങ്ങൾ**

1. കുമാരനാശാൻ - *കുമാരനാശാന്റെ ഗദ്യലേഖനങ്ങൾ*
2. സുകുമാർ അഴീക്കോട് - *മലയാളസാഹിത്യവിമർശനം*
3. കുറ്റിപ്പുഴ കൃഷ്ണപിള്ള - *കുറ്റിപ്പുഴയുടെ പ്രബന്ധങ്ങൾ*
4. എം.പി. പോൾ - *എം.പി. പോളിന്റെ സമ്പൂർണകൃതികൾ*
5. നെടിയംവീട്ടിൽ ബാലകൃഷ്ണമേനോൻ - *നോവൽ പഠനങ്ങൾ*
6. സാഹിത്യപഞ്ചാനനൻ പി.കെ. നാരായണപിള്ള - *വിമർശനത്രയം*
7. ജോസഫ് മുണ്ടശ്ശേരി - *മുണ്ടശ്ശേരി കൃതികൾ*
8. സി.ജെ. തോമസ് - *ഇവൻ എന്റെ പ്രിയപുത്രൻ*
9. സി.ജെ. തോമസ് - *സി.ജെ.യുടെ ലേഖനങ്ങൾ*
10. കുട്ടികൃഷ്ണമാരാര് - *തെരഞ്ഞെടുത്ത പ്രബന്ധങ്ങൾ*
11. കെ. ഭാസ്കരൻ നായർ - *കലയും കാലവും*
12. എം. ഗോവിന്ദൻ - *തെരഞ്ഞെടുത്ത ഉപന്യാസങ്ങൾ*
13. എ.ആർ. രാജരാജവർമ - *തെരഞ്ഞെടുത്ത പ്രബന്ധങ്ങൾ*
14. എം.എൻ. വിജയൻ - *സമ്പൂർണകൃതികൾ*
15. എം. ഗോവിന്ദൻ - *എം. ഗോവിന്ദന്റെ ഉപന്യാസങ്ങൾ*
16. സച്ചിദാനന്ദൻ - *കവിതയും ജനതയും*
17. സച്ചിദാനന്ദൻ - *വായനയുടെ രാഷ്ട്രീയം*
18. എം.പി. ശങ്കുണ്ണി നായർ - *കാവ്യവ്യുല്പത്തി*
19. വി. രാജകൃഷ്ണൻ - *രോഗത്തിന്റെ പൂക്കൾ*
20. ജി. മധുസൂദനൻ - *ഹരിതനിരൂപണം മലയാളത്തിൽ*
21. പി.പി. രവീന്ദ്രൻ - *ഇടപെടലുകൾ*
22. ആഷാമേനോൻ - *പരാഗകോശങ്ങൾ*

Est. in 1921
THE TRUTH SHALL MAKE YOU FREE

23. കെ.സി. നാരായണൻ - *മലയാളിയുടെ രാത്രികൾ*
24. ബി. രാജീവൻ - *ജനനിബിഡമായ ദന്തഗോപുരം*
25. ഇ.വി. രാമകൃഷ്ണൻ - *വാക്കിലെ സമൂഹം*
26. സുനിൽ പി. ഇളയിടം - *ഉരിയാട്ടം*
27. സുനിൽ പി. ഇളയിടം - *വീണ്ടെടുപ്പുകൾ: മാർക്സിസവും ആധുനികവിമർശനവും*
28. പി. പവിത്രൻ - *ആധുനികതയുടെ കുറ്റസമ്മതം*
29. വി.സി. ഹാരിസ് - *എഴുത്തും വായനയും*
30. ജെ. ദേവിക - *കുലസ്ത്രീയും ചന്തപ്പെണ്ണും ഉണ്ടായതെങ്ങനെ*
31. എസ്. ശാരദക്കുട്ടി - *പെണ്ണു കൊത്തിയ വാക്ക്*
32. മ്യൂസ് മേരി ജോർജ്ജ് (എഡി.) - *സ്ത്രീപക്ഷമാധ്യമപഠനങ്ങൾ*
33. മ്യൂസ് മേരി ജോർജ്ജ് - *ഉടലധികാരം*
34. ജി. ഉഷാകുമാരി - *ഉടൽ ഒരു നെയ്ത്ത്*

Est. in 1921
THE TRUTH SHALL MAKE YOU FREE

## UCML 010304 ദൃശ്യകലാസാഹിത്യം

**സമയം: 90 മണിക്കൂർ**

**ക്രഡിറ്റ്: 4**

**ആമുഖം**

വിപുലമായ ഒരു ദൃശ്യകലാപാരമ്പര്യമാണ് കേരളത്തിനുള്ളത്. കൂടിയാട്ടം മുതൽ സ്ത്രീനാടകവേദി വരെ നീളുന്ന ആ പാരമ്പര്യധാരയിൽ അനുഷ്ഠാനപരവും അനുഷ്ഠാനേതരവുമായ ധാരാളം ദൃശ്യകലാരൂപങ്ങൾ ചരിത്രത്തിന്റെ അടയാളങ്ങളായി മാറി. നാടോടിപാരമ്പര്യത്തിന്റെ പ്രതിനിധാനങ്ങളായ കലാരൂപങ്ങൾ മുതൽ ക്ലാസിക്കൽ ദൃശ്യകലകൾ വരെ കേരളീയതയുടെ ബിംബങ്ങളായി ഇന്നും നിലനിൽക്കുകയും ലോകശ്രദ്ധ ആകർഷിക്കുകയും ചെയ്യുന്നു. കേരളസംസ്കാരത്തിന്റെയും പാരമ്പര്യത്തിന്റെയും പ്രതിനിധാനങ്ങളായ ഈ കലാരൂപങ്ങളെയും അവയുടെ സാഹിത്യപാഠങ്ങളെയും വിശകലനം ചെയ്യാനും വിലയിരുത്താനും വിദ്യാർഥികളെ പ്രാപ്തരാക്കുക എന്നതാണ് ഈ കോഴ്സിന്റെ ലക്ഷ്യം.

**മൊഡ്യൂൾ ഒന്ന്**

കേരളീയ നാടൻകലാപാരമ്പര്യം - അനുഷ്ഠാനപരം - അനുഷ്ഠാനകലകളുടെ പൊതുസ്വഭാവം - ദേശം - അരങ്ങ് - അവതരണകാലം - മുഖത്തെഴുത്ത് - മുഖാവരണങ്ങൾ - അണിയലങ്ങൾ - ദീപവിന്യാസം - നാടക ഘടന - പുരാവൃത്തം - അനുഷ്ഠാനങ്ങളിലെ ആത്മീയാംശം - നടനും പ്രേക്ഷകനും - സാഹിത്യം - പടയണി - പുരാവൃത്തം, പഞ്ചകോലങ്ങൾ, തോറ്റംപാട്ടുകൾ, തോറ്റംപാട്ടിലെ മാതൃസംസ്കൃതി - മുടിയേറ്റ്, കാളിദാരികപു രാവൃത്തം, മുടിയേറ്റിലെ പൊറാട്ടുകൾ - ഭദ്രകാളി തീയാട്ട്, അയ്യപ്പൻ തീയാട്ട്.

**വിശദപഠനം**

1. പടയണി - കാലൻ കോലം
2. തെയ്യം - കടാങ്കോട്ട മാക്കത്തോറ്റം
3. മുടിയേറ്റ് - കളംപാട്ട് (അരങ്ങുവാഴ്ത്തൽ) കാളിയുടെ പുറപ്പാട് (മുടിയേറ്റ് - നാടോടി നേരരങ്ങ് - സി.ആർ. രാജഗോപാലൻ)

**മൊഡ്യൂൾ രണ്ട്**

കേരളത്തിലെ അനുഷ്ഠാനേതരദൃശ്യകലകൾ - വിവിധ മാതൃകകൾ - നാടൻ നൃത്തം, സംഗീതം, സാഹിത്യം, ഇതിവൃത്തം, താളങ്ങൾ, സാമൂഹികബോധം, സാമൂഹികവിമർശനം - കാക്കാരിശ്ശി നാടകം – പുരാവൃത്തം, അരങ്ങ്, സാമൂഹികസന്ദർഭം - വിനോദനാടകങ്ങൾ - സംഗീതനാടകങ്ങൾ.

**വിശദപഠനം**

1. കാക്കാരിശ്ശി നാടകം - ജി. ഭാർഗവൻപിള്ള (ആദ്യ 2 രംഗം)
2. സംഗീതനൈഷധം - ടി.സി. അച്യുതമേനോൻ (ആദ്യ 2 ഭാഗം)

**മൊഡ്യൂൾ മൂന്ന്**

കേരളീയ ക്ലാസിക്കൽ കലകൾ - നൃത്തം, നൃത്യം, നാട്യം - ലോകധർമി, നാട്യധർമി - ചതുർവിധാഭിനയം - തൌര്യത്രികം - കൂത്ത്, പാഠകം, കൂടിയാട്ടം - ആട്ടപ്രകാരവും ക്രമദീപികയും - തോലൻ - കൃഷ്ണനാട്ടം, രാമനാട്ടം, കഥകളി - ഉൽഭവം, സ്വാധീനതകൾ, കളരിസമ്പ്രദായം - കൊട്ടാരക്കര തമ്പുരാൻ, കോട്ടയത്ത് തമ്പുരാൻ - കഥകളിയിലെ പരിഷ്കാരങ്ങൾ - വെട്ടത്ത്, കല്ലടിക്കോടൻ, കപ്ലിങ്ങാടൻ, കല്ലുവഴി ശൈലീഭേദങ്ങൾ - കഥകളി വിദ്യാലയങ്ങൾ - കഥകളിയരങ്ങ് - കഥകളി ചടങ്ങുകൾ - അണിയറ - ആട്ടക്കഥയും കഥകളിയും - ഇരയിമ്മൻ തമ്പി, ഉണ്ണായിവാര്യർ - ആധുനിക ആട്ടക്കഥകൾ.

**വിശദപഠനം**

1. നളചരിതം (രണ്ടാം ദിവസം) - ഉണ്ണായിവാര്യർ

Est. in 1921

**മൊഡ്യൂൾ നാല്**

തുള്ളൽ - ഉൽഭവം, പശ്ചാത്തലം - കൂത്തും തുള്ളലും - തുള്ളൽ പ്രഭേദങ്ങൾ - ഓട്ടൻ, ശീതങ്കൻ, പറയൻ - കേരളീയതാളങ്ങൾ - ചൊൽവടിവുകൾ - സാഹിത്യവും അരങ്ങും - കേരളീയത, സാമൂഹിക വിമർശനം, നമ്പ്യാരുടെ ഭാഷ, സാഹിത്യം - തുള്ളൽ: ഇതിവൃത്തവും ആഖ്യാനവും - തുള്ളൽ നമ്പ്യാർക്കുശേഷം.

**വിശദപഠനം**

1. സഭാപ്രവേശം - കുഞ്ചൻ നമ്പ്യാർ

THE TRUTH SHALL MAKE YOU FREE

**മൊഡ്യൂൾ അഞ്ച്**

കേരളീയ നൃത്തരൂപങ്ങൾ - മോഹിനിയാട്ടം, അഷ്ടപദിയാട്ടം - ദേവദാസി സമ്പ്രദായം - ചരിത്രപശ്ചാത്തലം - തളിനങ്കനടനം, ലാസ്യനൃത്തം - തമിഴ് പാരമ്പര്യത്തിന്റെ തുടർച്ച - ബാലരാമഭരതം - ഇരയിമ്മൻ തമ്പി, കിളിമാനൂർ കൊയിത്തമ്പുരാൻ, കുട്ടിക്കുഞ്ഞുതങ്കച്ചി - മോഹിനിയാട്ടത്തിന്റെ വികാസം, അപചയം, പുനരുത്ഥാനം - സ്വാതി തിരുനാൾ, വള്ളത്തോൾ - നടനത്തിന്റെ ഭേദങ്ങൾ - ആനന്ദ ശിവറാം, ഗുരു ഗോപിനാഥ്.

നാടോടി നൃത്തരൂപങ്ങൾ - തമിഴകത്തിന്റെ പാരമ്പര്യം - കോൽകളി, വട്ടക്കളി, ചവിട്ടുകളി തുടങ്ങിയവ - പാവക്കൂത്ത്, പുലവൃത്തം, പൂരക്കളി, കണ്യാർകളി, കുത്തിയോട്ടം, മാർഗംകളി, തിരുവാതിരക്കളി, പരി ചമുട്ടുകളി, ദഫ് മുട്ട്, ഒപ്പന തുടങ്ങിയ കലാരൂപങ്ങളുടെ സാമാന്യപരിചയം.

**വിശദപഠനം**

1. 'മുല്ലസായക നിനക്കു വല്ലതും
   പിഴചെയ്തോ ഞാൻ...' - ഇരയിമ്മൻ തമ്പി (ഗാംബോധി രാഗം)
2. 'അലർശരപരിതാപം...' - സ്വാതി തിരുനാൾ (സുരുട്ടി രാഗം)
3. 'പ്രാലേയപർവതപുത്രീ മനോഹരേ...' - വാതിൽതുറപ്പാട്ട് (സ്ത്രീപുരുഷസംവാദം)

4. മാർഗംകളി - 7-ാം ഭാഗം (ക്രിസ്തീയവാമൊഴിഗാനങ്ങൾ - (സമ്പാ. എം.ഐ. പുന്നൂസ്))

5. തിരുവാതിരക്കളി - 'കല്യാണീ കളവാണീ ചൊല്ലൂ നീയാരെന്നതും...' മുതൽ 'വിക്രമൻ പണിഗ്രഹണം ചെയ്തു' വരെ (ശാകുന്തളം എട്ടുവൃത്തം, മച്ചാട്ടിളയത്)

6. ഒപ്പനപ്പാട്ട് - ആദി മുതൽ പുരാണം ('ആയതിരുമുത്തൊളിവേ...' മുതൽ 'പുരാണവാർത്തി പാർത്തിരുന്ന മാണിക്കത്തിൽ' വരെ (മാപ്പിളപ്പാട്ടിന്റെ ലോകം (സമ്പാ.) - വി.എം. കുട്ടി))

**സഹായകഗ്രന്ഥങ്ങൾ**


1. കടമ്മനിട്ട വാസുദേവൻ പിള്ള - *പടേനി*
2. കടമ്മനിട്ട വാസുദേവൻ പിള്ള - *പടേനിയിലെ പാളക്കോലങ്ങൾ*
3. കടമ്മനിട്ട വാസുദേവൻ പിള്ള - *പടേനിയുടെ ജീവതാളം*
4. കെ. വിദ്യാസാഗർ - *അനുഷ്ഠാനം പുരാവൃത്തം പൊരുൾ*
5. ബി. രവികുമാർ - *ചൂട്ടുപടയണി*
6. എം.വി. വിഷ്ണുനമ്പൂതിരി - *തെയ്യം*
7. എം.വി. വിഷ്ണുനമ്പൂതിരി - *തീയാട്ടും അയ്യപ്പൻ കൂത്തും*
8. എം.വി. വിഷ്ണുനമ്പൂതിരി - *തോറ്റംപാട്ടുകൾ: ഒരു പഠനം*
9. രാഘവൻ പയ്യനാട് - *തെയ്യവും തോറ്റംപാട്ടും*
10. കണ്ണൻ വൈ.വി. - *തെയ്യങ്ങളും അനുഷ്ഠാനങ്ങളും*
11. കെ.കെ.എൻ. കുറുപ്പ് - *ആര്യദ്രാവിഡഘടകങ്ങൾ മലബാറിലെ നാടൻ കലകളിൽ*
12. രാഘവൻ പയ്യനാട് - *ഫോക് ലോർ: സങ്കേതങ്ങളും സങ്കല്പനങ്ങളും*
13. എസ്.കെ. നായർ - *കേരളത്തിലെ നാടോടിനാടകങ്ങൾ*
14. സി.എം.എസ്. ചന്തേര - *തെയ്യത്തിന്റെ ആദിരൂപം*
15. കെ. ഗോവിന്ദൻ അടിയോടി - *തെയ്യവും തിറയും*
16. ലിസി മാത്യു വി. - *പൊട്ടൻ തെയ്യം: അതിജീവനത്തിന്റെ അനുഷ്ഠാനം*
17. അയ്മനം കൃഷ്ണക്കൈമൾ - *കഥകളി വിജ്ഞാനകോശം*
18. അയ്മനം കൃഷ്ണക്കൈമൾ - *ആട്ടക്കഥാസാഹിത്യം*
19. പന്മന രാമചന്ദ്രൻനായർ - *കൈരളീവ്യാഖ്യാനം*
20. പി.കെ. തിരുമുൽപാട് - *മുടിയേറ്റ് എന്ന അനുഷ്ഠാനം*
21. സി.ആർ. രാജഗോപാലൻ - *ഗോത്രകലാവടിവുകൾ*
22. സി.ആർ. രാജഗോപാലൻ - *മുടിയേറ്റ് നാടോടി നേരരങ്ങ്*
23. ബി. രവികുമാർ - *അനുഷ്ഠാനകല: രംഗാവതരണവും ഫോക് ലോറും*
24. കെ.എൻ. ഗണേഷ് - *കുഞ്ചൻ നമ്പ്യാർ: വാക്കും സമൂഹവും*
25. ചുമ്മാർ ചൂണ്ടൽ - *മുടിയേറ്റ്*
26. എ.കെ. നമ്പ്യാർ - *കേരളത്തിലെ നാടൻകലകൾ*
27. വി.എം. കുട്ടികൃഷ്ണമേനോൻ - *കലയും വിദ്യയും കാഴ്ചപ്പാടുകളിലൂടെ*
28. പൌലോസ് കെ.ജി. - *കൂടിയാട്ടം: അഭിനയത്തിന്റെ തുടർച്ചയും വളർച്ചയും*


Est. in 1921
THE TRUTH SHALL MAKE YOU FREE

29. ജി. ശങ്കരപ്പിള്ള (പ്രസാ.) - *നാടോടി ദൃശ്യകലാസൂചിക*
30. ജി. കൃഷ്ണപിള്ള - *കഥകളി*
31. ശിരോമണി കൃഷ്ണൻനായർ - *ആട്ടക്കഥ*
32. പത്മാ സുബ്രഹ്മണ്യം - *ഭരതകല: ലക്ഷണം*
33. കെ. ശ്രീകുമാർ - *മലയാളസംഗീതനാടകചരിത്രം*
34. ജി. ഭാർഗവൻ പിള്ള - *നാട്ടരങ്ങ്: വികാസവും പരിണാമവും*
35. സബീന റാഫി - *ചവിട്ടുനാടകം*
36. ജി. കമലമ്മ - *തിരുവാതിരപ്പാട്ടുകൾ*
37. ലീല ഓംചേരി - *കേരളത്തിലെ ലാസ്യരചനകൾ*
38. ലീല ഓംചേരി - *അഭിനയസംഗീതം*
39. കാർത്തിക തിരുനാൾ രാമവർമ്മ - *ബാലരാമഭരതം*
40. പി. സോമൻ - *ദേവദാസികളും സാഹിത്യചരിത്രവും*
41. കാവാലം നാരായണപ്പണിക്കർ - *സോപാനതത്വം*
42. സി.പി. കൃഷ്ണൻ ഇളയത് - *മച്ചാട്ടിളയത്: ജീവിതവും കൃതികളും*
43. വി.എം. കുട്ടി - *മാപ്പിളപ്പാട്ടിന്റെ ലോകം*
44. കെ.പി.എസ്. മേനോൻ - *കഥകളിരംഗം*
45. മങ്കൊമ്പ് ശിവശങ്കരപിള്ള - *കഥകളി സ്വരൂപം*
46. കലാമണ്ഡലം കൃഷ്ണൻനായർ - *കോട്ടയം കഥകൾ* (രംഗവ്യാഖ്യാ.)
47. ആറ്റൂർ കൃഷ്ണപിഷാരടി - *കോട്ടയം കഥകളി* (ആമുഖം)
48. വാഴേങ്കട കുഞ്ചു നായർ - *കഥകളിവെട്ടം*
49. കലാമണ്ഡലം ഗോപി - *ഓർമയിലെ പച്ചകൾ*
50. കലാമണ്ഡലം കൃഷ്ണൻ നായർ - *എൻ്റെ ജീവിതം അരങ്ങിലും അണിയറയിലും*
51. കലാമണ്ഡലം കല്യാണിക്കുട്ടിയമ്മ - *മോഹിനിയാട്ടം ചരിത്രവും ആട്ടപ്രകാരവും*
52. കെ.എൻ. വിശ്വനാഥൻ നായർ - *കലാവലോകനം*
53. എസ്. കൃഷ്ണകുമാർ - *തിരുവാതിരക്കളി: അനുഷ്ഠാനം, അരങ്ങ്, പാട്ടുകൾ*
54. ആർ. ഗീതാദേവി - *തിരുവാതിര: കലയും അനുഷ്ഠാനവും*
55. സുധ ഗോപാലകൃഷ്ണൻ, രാധ മാധവൻ - *കൈകൊട്ടിക്കളിപ്പാട്ടുകൾ*
56. കുമ്മിണി വാസുദേവൻ നമ്പൂതിരി - *പുറപ്പാട്*
57. കിള്ളിമംഗലം വാസുദേവൻ നമ്പൂതിരിപ്പാട്, കലാമണ്ഡലം എം.പി.എസ്. നമ്പൂതിരി - *കഥകളിയുടെ രംഗപാഠചരിത്രം*
58. ഫാ. വി.പി. ജോസഫ് വലിയവീട്ടിൽ - *ചവിട്ടുനാടകവിജ്ഞാനകോശം*
59. കലാമണ്ഡലം കൃഷ്ണൻകുട്ടി പൊതുവാൾ - *മേളപ്പദം*
60. Raja Varier - *The Legacy of Padayani*
61. K. Bharata Iyar - *Kathakali: The Dance Drama of Malabar*
62. Philip Zarilly - *Kathakali Complex*
63. David Bolland - *A Guide to Kathakali*
64. Appukuttan Nair D. (Ed.) - *Kathakali the Art of Nonworldly*
65. Aswathy Suresh - *Performance Tradition in India*
66. Christopher Byrski - *Concept of Indiz Theatre*
67. K.K.N. Kurup - *Cult of Theyyam and Hero Worship in Kerala*


Est. in 1921
THE TRUTH SHALL MAKE YOU FREE

68. K.K.N. Kurup - *Theyyam*
69. K.K.N. Kurup - *The Classical Arts of Kerala*, Current, KTM.
70. *The Arts and Crafts of Kerala* - Government of Kerala
71. Kadammanitta Vasudevan Pilla - *Pateni: The Traditional Epic Theatre*
72. *The Cultural Formation of Kerala*, Volume IV Part II, Kerala State Gazetteers Dept.

Est. in 1921
THE TRUTH SHALL MAKE YOU FREE

## UCML 010305 പാശ്ചാത്യസാഹിത്യസിദ്ധാന്തങ്ങൾ

**സമയം: 90 മണിക്കൂർ**

**ക്രെഡിറ്റ്: 4**

**ആമുഖം**

മലയാളസാഹിത്യത്തിന്റെ ആധുനികവികാസചരിത്രത്തെ മനസ്സിലാക്കാൻ ഭാരതീയസാഹിത്യ ദർശനങ്ങൾക്കൊപ്പം പാശ്ചാത്യസാഹിത്യസിദ്ധാന്തങ്ങളും മനസ്സിലാക്കേണ്ടതുണ്ട്. പ്ലേറ്റോയിലാരംഭിക്കുന്ന പാശ്ചാത്യകലാചിന്ത വൈവിധ്യമാർന്ന ചരിത്രാനുഭവങ്ങൾക്ക് സാക്ഷ്യം വഹിച്ചും തത്വവിചാരങ്ങളിൽനിന്ന് ഊർജം സ്വീകരിച്ചും വിപുലമായ വിജ്ഞാനമേഖലയായി തീർന്നിരിക്കുന്നു. മലയാളസാഹിത്യത്തിലെ ആധുനികത പാശ്ചാത്യകലാചിന്തയുടെ മാത്രം സ്വാധീനത്തിലാണ് രൂപപ്പെട്ട് വികസിച്ചത് എന്നത് അതിവാദമാണെങ്കിലും ആ സ്വാധീനത്തിന്റെ വ്യാപ്തിയെ കുറച്ച് കാണേണ്ടതില്ല; എന്നല്ല, അതിന്റെ പ്രഭാവത്തെ വിവേകപൂർവം മനസ്സിലാക്കേണ്ടതുണ്ട്. അതിന് കഴിയുംവിധം പാശ്ചാത്യസാഹിത്യ സിദ്ധാന്തങ്ങളുടെ ചരിത്രസന്ദർഭ ങ്ങളും അവയെ രൂപപ്പെടുത്തിയ ചിന്താപരിസരങ്ങളും അവയുടെ പ്രധാന പരികല്പനകളും വിശകലനം ചെയ്ത് പഠിക്കുകയാണ് ഈ കോഴ്സിന്റെ ലക്ഷ്യം.

ആധുനികസാഹിത്യസിദ്ധാന്തങ്ങളെക്കുറിച്ചുള്ള പഠനം ഒരു കോഴ്സിന്റെ പരിധിയിലൊതുക്കുക ശ്രമകരമാണ്. പ്രാതിനിധ്യസ്വഭാവമുള്ള സൈദ്ധാന്തികസങ്കല്പനങ്ങൾ തിരഞ്ഞെടുക്കാനേ കഴിയൂ. ഓരോ സൈദ്ധാന്തികസങ്കല്പനത്തെയും അതിന്റെ ചരിത്രപരവും തത്വചിന്താപരവുമായ പശ്ചാത്തലത്തിൽ പഠിക്കാൻ ശ്രമിക്കണം.

Est. in 1921
THE TRUTH SHALL MAKE YOU FREE

**മൊഡ്യൂൾ ഒന്ന്**

പ്ലേറ്റോ: അനുകരണസിദ്ധാന്തം, കലാനിരാസത്തിന്റെ യുക്തി.
അരിസ്റ്റോട്ടിൽ: അനുകരണവിചാരം, ട്രാജഡിയുടെ വിവരണം, കഥാർസിസ് - വ്യാഖ്യാനഭേദങ്ങൾ.
പ്ലേറ്റോയുടെയും അരിസ്റ്റോട്ടിലിന്റെയും കലാസമീപനം: താരതമ്യസമീക്ഷ.
ലോംഗിനസിന്റെ ഉദാത്തതാസമീക്ഷ: ഉദാത്തതയുടെ ഉറവിടങ്ങൾ, ഉദാത്തതയ്ക്ക് വിഘാതമായ ദോഷങ്ങൾ.
ഡാന്റേ: ഉൽകൃഷ്ടമായ ദേശഭാഷ, കവിതയും ഭാഷയും, വിഷയവും രീതിയും.
നിയോ ക്ലാസിക് സമീപനം: ജോൺ ഡ്രൈഡൻ, ഡോക്ടർ ജോൺസൺ.

**മൊഡ്യൂൾ രണ്ട്**

വേർഡ്സ് വർത്ത്: കവിതയുടെ നിർവചനം, ഭാഷ, വിഷയം, കവിയുടെ സിദ്ധികൾ.
കോളറിഡ്ജ്: കവിതയുടെ സ്വഭാവം, ധർമം, പ്രാഥമികഭാവന - ദ്വിതീയഭാവന.
ഇമ്മാനുവൽ കാന്റ്: ഭാവനയെ സംബന്ധിച്ച ഉപദർശനം.
കലയും ധാർമികതയും: മാത്യു അർനോൾഡ്, ടോൾസ്റ്റോയ് എന്നിവരുടെ ചിന്തകൾ.
കല കലയ്ക്ക് വേണ്ടി: ഓസ്കാർ വൈൽഡ്, വാൾട്ടർ പേറ്റർ എന്നിവരുടെ നിലപാടുകൾ.
ബെനഡെറ്റോ ക്രോചേ: അന്തർദർശനസിദ്ധാന്തം, അന്തർദർശനവും ആവിഷ്കരണവും.

**മൊഡ്യൂൾ മൂന്ന്**

ടി.എസ്. എലിയേറ്റ്: പാരമ്പര്യവും കവിപ്രതിഭയും, വ്യക്തിത്വത്തിൽനിന്നുള്ള പലായനം, ബാഹ്യസംയോജകം, റൊമാന്റിക് ഭാവസംവേദകത്വത്തിന്റെ വിമർശനം.
ഐ.എ. റിച്ചാർഡ്സ്: മനഃശാസ്ത്രപരമായ മൂല്യകല്പന, കവിതയും സിരാപടലവും, ഉദ്ഗ്രഥനാത്മക (Synthe

tic) കവിതയും വിഭാഗീയ (Exclusive) കവിതയും.

ഫോർമലിസം: വിക്ടർ ഷ്ക്ലോവ്സ്കിയുടെ അപരിചിതവൽകരണം, ജാൻ മുകറോവ്സ്കിയുടെ പുരഃക്ഷേപണം എന്നീ സങ്കൽപനങ്ങൾ, സാഹിതീയത.

നവവിമർശനം: അടിസ്ഥാനനിലപാടുകൾ, മിറാക്കുലിസം, ടെൻഷൻ, ഐറണി, പാരഡോക്സ്, അംബിഗ്വിറ്റി, ഇന്റെൻഷണൽ ഫാലസി, അഫക്ടീവ് ഫാലസി എന്നീ സങ്കൽപനങ്ങൾ.

ഘടനാവാദം: ഴാങ് പ്യാഷെയുടെ ഘടനയെ സംബന്ധിച്ച വിവരണം, ഭാഷാശാസ്ത്രപരമായ അടിത്തറ, ഘടനാവാദകാവ്യശാസ്ത്രം, ആഖ്യാനശാസ്ത്രം, ഘടനാവാദത്തിന്റെ പരിമിതികൾ, പിയറി മഷെറി.

**മൊഡ്യൂൾ നാല്**

മാർക്സിയൻ നിരൂപണം: അടിത്തറ - മേൽപ്പുര സിദ്ധാന്തം, സോഷ്യലിസ്റ്റ് റിയലിസം, ജോർജ് ലൂക്കാച്ചിന്റെ റിയലിസ്റ്റ് സമീപനം.

ബെർടോൾഡ് ബ്രഹ്ത്തിന്റെ കലാദർശനം: എപിക് നാടകവേദി, അന്യവൽകരണസിദ്ധാന്തം.

ലൂയി അൽത്തുസർ: ജ്ഞാനവും പ്രത്യയശാസ്ത്രവും.

ഫ്രാങ്ക്ഫർട്ട് സ്കൂളും ആധുനികതാ വിമർശനവും: സംസ്കാരവ്യവസായം, തിയഡോർ അഡോണോ.

യാന്ത്രികപുനരുൽപാദനത്തിന്റെ കാലത്തെ കലാസൃഷ്ടി: വാൾട്ടർ ബെൻയാമിൻ.

ഫ്രെഡറിക് ജയിംസൺ: രാഷ്ട്രീയ അബോധം എന്ന പരികല്പന, ടെറി ഈഗിൾടൺ, സൗന്ദര്യത്തിന്റെ പ്രത്യയശാസ്ത്രം.

സ്ത്രീവാദം: ലിംഗം, ലിംഗപദവി എന്നീ സങ്കൽപനങ്ങൾ, വിവിധ ധാരകൾ, വെർജീനിയ വൂൾഫ്, സിമോൺ ദ് ബുവാ എന്നിവരുടെ ചിന്തകൾ.

സ്ത്രീവാദവും സാഹിത്യവും: ലിംഗരാഷ്ട്രീയം, കെയ്റ്റ് മില്ലറ്റ്, ഗൈനോ ക്രിട്ടിസിസം, എലെയ്ൻ ഷോവാൽട്ടർ, ജെൻഡർ ട്രബിൾ, ജൂഡിത് ബട്ലർ, സെക്ഷ്വൽ/ ടെക്സ്ച്വൽ പൊളിറ്റിക്സ്, ടോറിൽ മൊയി.

സ്ത്രീവാദവും മാനസികാപഗ്രഥനവും: ജൂലിയ ക്രിസ്തേവ, ഹെലൻ സിക്സു, ലൂസി ഇറിഗാറെ.

**മൊഡ്യൂൾ അഞ്ച്**

പാഠം, പാഠാന്തരത എന്നീ സങ്കല്പനങ്ങൾ - രചയിതാവിന്റെ മരണം - അപനിർമാണം - ഴാക് ദരിദ – ചരിത്ര ത്തെയും അധികാരത്തെയും സംബന്ധിച്ച മിഷേൽ ഫൂക്കോയുടെ ദർശനങ്ങൾ - മിഖായേൽ ബക്തിൻ - ബഹു സ്വരത, കാർണിവൽ എന്നീ സങ്കല്പനങ്ങൾ - അധിനിവേശാനന്തരവിമർശനം: യൂറോ കേന്ദ്രീയതയുടെ വിമർ ശനം, ഫ്രാൻസ് ഫാനൻ, എഡ്വേർഡ് സെയ്ദ്, ഹോമി ഭാഭ, ഗായത്രി ചക്രവർത്തി സ്പിവാക് എന്നിവരുടെ ഉപദർശനങ്ങൾ - മനോവിശകലനം - സിഗ്മണ്ട് ഫ്രോയ്ഡ്, ഴാക്ക് ലകാൻ എന്നിവരുടെ ചിന്തകൾ - ഉത്തരാ ധുനികത: ല്യോത്താർ, ബോദ്രിയാർ, ഫ്രെഡറിക് ജെയിംസൺ എന്നിവരുടെ സമീപനങ്ങൾ - സംസ്കാരപ ഠനം: റെയ്മണ്ട് വില്യംസ് - ജൈവരാഷ്ട്രീയം: ജോർജിയോ അഗംബൻ - പ്രത്യയശാസ്ത്രപുനർവായന: സ്ലാ വോയ സിസെക് - ഭിന്നശേഷിപഠനം - പരിസ്ഥിതിരാഷ്ട്രീയം.

**സഹായകഗ്രന്ഥങ്ങൾ**


1. എം. അച്യുതൻ - *പാശ്ചാത്യസാഹിത്യദർശനം*
2. കെ.എം. തരകൻ - *പാശ്ചാത്യസാഹിത്യതത്വശാസ്ത്രം*
3. നെല്ലിക്കൽ മുരളീധരൻ - *വിശ്വസാഹിത്യദർശനങ്ങൾ*
4. വേദബന്ധു - *യവനകാവ്യതത്വങ്ങൾ*
5. സി.ജെ. ജോർജ് - *ചിഹ്നശാസ്ത്രവും ഘടനാവാദവും*
6. സി.ജെ. ജോർജ് (എഡി.) - *ആധുനികാനന്തര സാഹിത്യസമീപനങ്ങൾ*

7. ടി.വി. മധു - *നവമാർക്സിസ്റ്റ് സാമൂഹ്യവിമർശനം*
8. രവീന്ദ്രൻ (എഡി.) - *കലാദർശനം: മാർക്സിസ്റ്റ് മാനദണ്ഡം*
9. പി.കെ. പോക്കർ - *ദറിദ: അപനിർമാണത്തിന്റെ തത്വചിന്തകൻ*
10. എം. ലീലാവതി - *സാഹിത്യനിരൂപണത്തിലെ ദിശാബോധം*
11. വി.സി. ശ്രീജൻ - *വിമർശനാത്മകസിദ്ധാന്തം*
12. സി.ബി. സുധാകരൻ - *ഉത്തരാധുനികത*
13. ഇ.വി. രാമകൃഷ്ണൻ - *ദേശീയതയും സാഹിത്യവും*
14. ദിലീപ് രാജ് - *നവചരിത്രവാദം*
15. സി.എസ്. ബിജു - *നാട്യസിദ്ധാന്തം*
16. ടി. ശ്രീവത്സൻ - *നവമനോവിശ്ലേഷണം*
17. എ.കെ. രാമകൃഷ്ണൻ, കെ.എം. വേണുഗോപാലൻ - *സ്ത്രീവിമോചനം, ചരിത്രം, സിദ്ധാന്തം, സമീപനം*
18. കെ.എം. അനിൽ (എഡി.) - *സംസ്കാരനിർമിതി*
19. പി.പി. രവീന്ദ്രൻ - *മിഷേൽ ഫൂക്കോ: വർത്തമാനത്തിന്റെ ചരിത്രം*
20. പി.പി. രവീന്ദ്രൻ - *സംസ്കാരപഠനം ഒരു ആമുഖം*
21. വി.സി. ശ്രീജൻ - *ആധുനികോത്തരത: വിശകലനവും വിമർശനവും*
22. പി.കെ. പോക്കർ - *ലൂയി അൽത്തൂസർ*
23. മലയാളപഠനസംഘം - *സംസ്കാരപഠനം: ചരിത്രം, സിദ്ധാന്തം, പ്രയോഗം*
24. കെ.കെ. ശിവദാസ് - *അടിത്തട്ടിൽനിന്നുള്ള കാഴ്ചകൾ*
25. സ്ലാവോയ് സിസെക്, രാജേന്ദ്രൻ ചെറുപൊയ്ക (വിവ.) - *പ്രത്യയശാസ്ത്രത്തിൻ്റെ പരമോന്നതലക്ഷ്യം*
26. David Lodge - *Modern Criticism and Theory: A Reader*
27. David Daiches - *Critical Approaches to Literature*
28. Terrence Hawkes - *Structuralism and Semiotics*
29. Terry Eagleton - *The Function of Criticism*
30. David Lodge (Ed.) - *Twentieth Century Literary Criticism: A Reader*
31. Patricia Waugh - *An Oxford Guide to Literary Theory and Criticism*
32. Bill Ascroft, Gareth Griffith, Helen Tiffin - *Post Colonial Studies*
33. Hans Bertens - *Literary Theory: The Basics*
34. Joe Moran - *Interdisciplinarity*
35. Richard J Lane - *Fifty Key Literary Theorists*
36. Lois Tyson - *Critical Theory Today*


Est. in 1921
THE TRUTH SHALL MAKE YOU FREE

**സെമസ്റ്റർ നാല്**

UCML 010401 നാടകവും സിനിമയും

UCML 010402 സാഹിത്യചരിത്രവിജ്ഞാനീയവും ഗവേഷണത്തിൻ്റെ രീതിശാസ്ത്രവും

**Elective A**

UCML 800401 വിവർത്തനസാഹിത്യം

UCML 800402 ദളിത്-സ്ത്രീ-പരിസ്ഥിതി സാഹിത്യവിചാരം

UCML 800403 സൈബർ സംസ്കാരവും സാഹിത്യവും

**Elective B**

UCML 810401 ഫോക് ലോർ

UCML 810402 ഗദ്യസാഹിത്യമാതൃകകൾ

UCML 810403 പ്രാചീനസംഘസാഹിത്യം

**UCML 010401 നാടകവും സിനിമയും**

**സമയം: 90 മണിക്കൂർ**

**ക്രഡിറ്റ്: 3**

**ആമുഖം**

ആഖ്യാനത്തിലും ആവിഷ്കാരത്തിലും വളരെ വ്യത്യസ്തത പുലർത്തുന്ന കലാരൂപങ്ങളാണ് നാടകവും സിനിമയും. ജനങ്ങളുമായി കൂടുതൽ സംവദിക്കുന്ന ദൃശ്യകലാരൂപങ്ങളും ഇവതന്നെയാണ്. പ്രമേയസ്വീകരണ ത്തിലും ആവിഷ്കാരസങ്കേതങ്ങളിലും നിരന്തരപരീക്ഷണങ്ങൾക്കും പരിവർത്തനങ്ങ ൾക്കും ഇവ വിധേയമായിട്ടുണ്ട്. മനുഷ്യാനുഭവങ്ങളോടും സാമൂഹികയാഥാർഥ്യങ്ങളോടും ഈ കലാരൂപങ്ങൾ എങ്ങനെ പ്രതികരിക്കുന്നു എന്നത് സാഹിത്യവിദ്യാർഥിയുടെ അന്വേഷണവിഷയമാണ്. ഈ കലാരൂപങ്ങളുടെ ചരിത്രം, സൗന്ദ ര്യശാസ്ത്രം, രാഷ്ട്രീയം എന്നിവയുടെ വിശദപഠനമാണ് ഈ കോഴ്സിലൂടെ ലക്ഷ്യമാക്കുന്നത്.

**മൊഡ്യൂൾ ഒന്ന്**

**ലോകനാടകവേദി:** പുരാതന യവനനാട്യവേദി - അരിസ്റ്റോട്ടിലിന്റെ നാടകനിർവചനം - രൂപതല ചർച്ച - ട്രാജഡി, കോമഡി - ഇംഗ്ലീഷ് നവോത്ഥാനനാടകവേദി - ഷേക്സ്പിയറിന്റെ നാടകദർശനം - വിക്ടോറിയൻ നാടകവേദി - ഏഷ്യൻ നാടകമാതൃകകൾ - ജാപ്പനീസ് രംഗകലാപാരമ്പര്യം - നോ, കബുക്കി, ചൈനീസ് ഓപ്പറ - നാടകത്തിലെ നവചിന്തകൾ - പരീക്ഷണങ്ങൾ - സ്റ്റാനിസ്ലാവ്സ്കി - ശിക്ഷണവും അഭി നയസമ്പ്രദായവും - ബ്രെഹ്റ്റിന്റെ എപിക് നാടകവേദി - അർത്താദിന്റെ തിയേറ്റർ ഓഫ് ക്രൂവൽറ്റി - ഗ്രോട്ടോ വ്സ്കിയുടെ ദരിദ്രനാടകവേദി - അസംബന്ധനാടകവേദി.

**ഇന്ത്യൻ നാടകവേദി:** പൂർവ്വമാതൃകകൾ - നാട്യശാസ്ത്രം (സാമാന്യപരിചയം) - ദശരൂപകം - ലോക ധർമി, നാട്യധർമി, രസാനുഭവം - ഭാസനാടകങ്ങൾ, കാളിദാസൻ, ഭവഭൂതി, വിശാഖദത്തൻ (മുദ്രാരാക്ഷസം), ശൂദ്രകൻ (മൃച്ഛകടികം) - നാടകവും ദേശീയപ്രസ്ഥാനവും, നാടകവും സമൂഹവും - ഇപ്റ്റ, ശംഭു മിത്ര, ഹബീബ് തൻവീർ - ബംഗാൾ, മറാഠി നാടകവേദി - നാഷണൽ സ്കൂൾ ഓഫ് ഡ്രാമ - ബാദൽ സർക്കാറിന്റെ തേർഡ് തിയേറ്റർ - സഫ്ദർ ഹശ്മിയുടെ തെരുവ് നാടകങ്ങൾ.

**വിശദപഠനം**

1. സോഫോക്ലിസ് - ആന്റിഗണി (സി.ജെ. തോമസിന്റെ പരിഭാഷ)
2. ഭാസൻ - സ്വപ്നവാസവദത്തം (എ.ആറിന്റെ പരിഭാഷ)
3. സഫ്ദർ ഹശ്മി - ഹല്ലാബോൽ

**മൊഡ്യൂൾ രണ്ട്**

കേരളത്തിന്റെ നാടകപാരമ്പര്യം - 19-ാം നൂറ്റാണ്ടിലെ മലയാളനാടകം - വിവിധ ഭാഷകളിൽനി ന്നുള്ള പരിഭാഷകളും നാടകാവബോധവും - സംഗീതനാടകങ്ങൾ - പ്രഹസനങ്ങൾ - സാമൂഹികനാടകങ്ങൾ - ഇബ്സന്റെ പ്രേരണ - എൻ. കൃഷ്ണപിള്ള - നാടകവും നവോത്ഥാനവും - സമുദായപരിഷ്കരണം - വി.ടി. ഭട്ടതിരിപ്പാട്, കെ.ടി. മുഹമ്മദ് - രാഷ്ട്രീയപ്രസ്ഥാനവും നാടകവും - പാട്ടബാക്കി - പ്രൊഫഷണൽ നാടകം (സാമാന്യപരിചയം) - എൻ.എൻ. പിള്ള - സി.ജെ. തോമസിന്റെ നാടകദർശനം - സി.എൻ. ശ്രീകണ്ഠൻ നായർ - തനതു നാടകവേദി - കാവാലത്തിന്റെ അവതരണരീതി - ഏകാങ്കങ്ങൾ - ആധുനികനാടകങ്ങൾ - ജി. ശങ്കരപ്പിള്ള, നരേന്ദ്രപ്രസാദ്, പി. ബാലചന്ദ്രൻ, ജോയ് മാത്യു, ത്രുപ്പേട്ടൻ, രാജു നരിപ്പറ്റ, ചന്ദ്രദാസൻ, സതീഷ് കെ. സതീഷ്, ജയപ്രകാശ് കുളൂർ - തെരുവരങ്ങ് - സ്ത്രീനാടകവേദി – പ്രൊഫഷണൽ നാടകവേദി - നാടകകലാസമിതികൾ.

**വിശദപഠനം**

1. സി.ജെ. തോമസ് - 1128-ൽ ക്രൈം 27
2. കാവാലം നാരായണപ്പണിക്കർ - അവനവൻ കടമ്പ
3. സജിത മഠത്തിൽ - മത്സ്യഗന്ധി

**മൊഡ്യൂൾ മൂന്ന്**

**ലോകസിനിമ:** സിനിമയുടെ ആവിർഭാവം - നിശ്ശബ്ദസിനിമയിലെ നാഴികക്കല്ലുകൾ - ഗ്രിഫിത്തിന്റെ ചലച്ചിത്രഭാഷ - ഡോക്യുമെന്ററി - മൊണ്ടാഷ് സിദ്ധാന്തം: ഐസൻസ്റ്റീൻ - ചാർലി ചാപ്ലിൻ - ശബ്ദസിനിമ - സ്റ്റുഡിയോ വ്യവസ്ഥ - ഹോളിവുഡ് - ഓഴ്സൻ വെൽസ് - ആൽഫ്രഡ് ഹിച്ച്കോക്ക് - നവതരംഗസിനിമ - ആന്ദ്രേ ബസിന്റെ നിരൂപണം - ത്രൂഫോ, ഗൊദാർദ് തുടങ്ങിയവരുടെ സിനിമകൾ - നിയോറിയലിസവും സിനിമയും - ബൈസിക്കിൾ തീഫ് - ഏഷ്യൻ സിനിമ - അകിരാ കുറസോവയുടെ ചലച്ചിത്രസങ്കൽപം - രാഷ്ട്രീയസിനിമ - മൂന്നാംലോകസിനിമ - വിശപ്പിന്റെയും വറുതിയുടെയും സൗന്ദര്യശാസ്ത്രം - ഡിജിറ്റൽ കാലത്തെ സിനിമ - നൂതനപരീക്ഷണങ്ങൾ - വിപണിയുടെ നവസാധ്യതകൾ - ആഗോളീകരണവും സിനിമയും - തിര ക്കഥയുടെ അടിസ്ഥാനങ്ങൾ - ടെലിവിഷനും സിനിമയും.

**വിശദപഠനം**

1. വിറ്റോറിയാ ഡിസീക്ക - ബൈസിക്കിൾ തീഫ്
2. ഐസൻസ്റ്റൈൻ - ബാറ്റിൽഷിപ്പ് പൊട്ടംകിൻ (വിശ്വോത്തരതിരക്കഥകൾ, (എഡി.) വിജയകൃഷ്ണൻ)

**കണ്ടിരിക്കേണ്ട ചിത്രങ്ങൾ**

പരീക്ഷയുടെ ചോദ്യങ്ങൾക്ക് വിധേയമാക്കേണ്ടതില്ല

1. ഗ്രിഫിത്ത് - ദ ബർത് ഓഫ് എ നേഷൻ
2. ചാപ്ലിൻ - മോഡേൺ ടൈംസ്
3. ഓർസൻ വെൽസ് - സിറ്റിസൻ കെയ്ൻ
4. ത്രൂഫോ - 400 ബ്ലോസ്
5. ഗൊദാർദ് - ബ്രെത് ലെസ്
6. ഇങ്മർ ബർഗ്മൻ - സെവൻത് സീൽ
7. ഫെഡറികോ ഫെല്ലിനി - ലാ സ്ട്രാഡാ
8. തർകോവ്സ്കി - സാക്രിഫൈസ്
9. ഹെർസോഗ് - അഗ്വിറാ ദി റാത്ത് ഓഫ് ഗോഡ്

**മൊഡ്യൂൾ നാല്**

**ഇന്ത്യൻ സിനിമ:** സിനിമയും ദേശരാഷ്ട്രീയവും - പുരാണേതിഹാസങ്ങളുടെ ചലച്ചിത്രഭാഷ്യം - ദാദാ സാഹേബ് ഫാൽക്കെ - പ്രമേയപരമായ വൈവിധ്യം - സെൻസർഷിപ്പ് നിയമം - സാമൂഹികയാഥാർഥ്യവും സിനിമയും - കെ.എ. അബ്ബാസ്, ബിമൽ റോയ് - ഇന്തോ-പാക് വിഭജനവും സിനിമയും - ആധുനികത - സത്യ ജിത് റായ്, ഋത്വിക് ഘട്ടക് - ഇന്ത്യൻ നവസിനിമ - മൃണാൾസെൻ, മണികൗൾ, ശ്യാം ബെനഗൽ, ഗോവിന്ദ് നിഹലാനി - പ്രാദേശികചലച്ചിത്ര വ്യവസായം - തെക്കേ ഇന്ത്യൻ സിനിമ - ബോളിവുഡ് - താരാധിപത്യം - ദളിത്-സ്ത്രീ പ്രാതിനിധ്യം – സമകാലീനസിനിമ.

**മലയാളസിനിമ:** ജെ.സി. ഡാനിയേൽ - ശബ്ദസിനിമ (ബാലൻ) - സ്റ്റുഡിയോകളുടെ ആവിർഭാവം - നവോത്ഥാന ആധുനികതയും സിനിമയും - നീലക്കുയിൽ, ന്യൂസ്പേപ്പർ ബോയ് - സാഹിത്യവും സിനിമയും - വ്യത്യസ്ത സംവിധാനശൈലികൾ - വ്യത്യസ്ത തിരക്കഥാശൈലികൾ - നവസിനിമ - പി.എൻ.

മേനോൻ, അടൂർ ഗോപാലകൃഷ്ണൻ, അരവിന്ദൻ, ജോൺ എബ്രഹാം, പി.എ. ബക്കർ, കെ.ആർ. മോഹനൻ - സമാ ന്തരസിനിമ - കെ.ജി. ജോർജ്ജ്, ടി.വി. ചന്ദ്രൻ, ഭരതൻ, പത്മരാജൻ എന്നിവരുടെ ചിത്രങ്ങൾ - മലയാളസി നിമ 80കളിലും 90കളിലും - താരസങ്കല്പം - ജനപ്രിയതയുടെ മാറിയ സമവാക്യങ്ങൾ - അന്യഭാഷാചിത്രങ്ങ ളുടെ മലയാളവിപണി - സമകാലികസിനിമ - മലയാളത്തിലെ സിനിമാസാഹിത്യം.

1. പി. ഭാസ്കരൻ - നീലക്കുയിൽ
2. അടൂർ ഗോപാലകൃഷ്ണൻ - കൊടിയേറ്റം
3. അരവിന്ദൻ - ഒരിടത്ത്
4. കെ.ജി. ജോർജ് - യവനിക
5. ലിജോ ജോസ് പെല്ലിശ്ശേരി - നൻപകൽ നേരത്തു മയക്കം
6. വിധു വിൻസെന്റ് - മാൻഹോൾ
7. ബേസിൽ ജോസഫ് - മിന്നൽ മുരളി

**തിരക്കഥാപഠനം**

1. സത്യജിത് റായ് - അപരാജിതോ (അപുത്രയം, മാതൃഭൂമി, 2007)
2. എം.ടി. വാസുദേവൻനായർ - ഓപ്പോൾ
3. പത്മരാജൻ - പെരുവഴിയമ്പലം

**മൊഡ്യൂൾ അഞ്ച്**

നിർമിതബുദ്ധിയുടെ വിനിയോഗം സിനിമകളിൽ - തിരക്കഥാരചനയിൽ, നിർമാണഘട്ടത്തിൽ, ചമ യത്തിൽ, വിഷ്വൽ ഇഫക്ടുകളിൽ

**പഠനപ്രവർത്തനം**

ഏതെങ്കിലും ഒരു ഹ്രസ്വചിത്രത്തിന്റെ തിരക്കഥ തയ്യാറാക്കുക. (സ്വന്തം കഥയോ അനുകല്പനമോ ആകാം)

**സഹായകഗ്രന്ഥങ്ങൾ - നാടകം**

1. അയ്യപ്പപ്പണിക്കർ - *അയ്യപ്പപ്പണിക്കരുടെ രംഗകലാപഠനങ്ങൾ*
2. അഴകേശൻ - *എപിക് തിയേറ്റർ കേരളത്തനിമയിൽ*
3. എൻ.എൻ. കുറുപ്പ് - *ബ്രഹ്റ്റ്: കലയും ജീവിതവും*
4. ഗംഗാധരൻ നായർ - *മലയാളനാടകം ഗ്രന്ഥപാഠവും രംഗപാഠവും*
5. എൻ. ആർ. ഗ്രാമപ്രകാശ് - *പ്രത്യയശാസ്ത്രവും നാടകവും*
6. സി.ജെ. തോമസ് - *ഉയരുന്ന യവനിക*
7. സി.ജെ. തോമസ് - *സി.ജെ. തോമസിന്റെ നാടകങ്ങൾ*
8. എൽ. തോമസ് കുട്ടി - *മലയാളനാടകരംഗം പ്രമാണവും പ്രയോഗവും*
9. എസ്.കെ. നായർ - *കേരളത്തിലെ നാടോടിനാടകങ്ങൾ*
10. ജി. ഭാർഗ്ഗവൻപിള്ള - *നാട്ടരങ്ങ്: വികാസവും പരിണാമവും*
11. ഭാസി മടവൂർ - *മലയാളനാടകവേദിയുടെ കഥ*
12. ജി. ശങ്കരപ്പിള്ള - *മലയാളനാടകസാഹിത്യചരിത്രം*
13. ജി. ശങ്കരപ്പിള്ള - *ഇബ്സന്റെ നാടകസങ്കല്പം*
14. ജി. ശങ്കരപ്പിള്ള - *സംവിധായകസങ്കല്പം*
15. ജി. ശങ്കരപ്പിള്ള - *നാടകദർശനം*

16. ശങ്കരപ്പിള്ളയും മറ്റും - *രംഗാവതരണം*
17. എൻ. ശശിധരൻ (എഡി) - *കാഴ്ചയും കാഴ്ചപ്പാടും*
18. കെ. ശ്രീകുമാർ - *മലയാള സംഗീതനാടകചരിത്രം*
19. കെ. ശ്രീകുമാർ - *അടുത്ത ബെൽ: മലയാള പ്രൊഫഷണൽ നാടകവേദിയുടെ കുതിപ്പും കിതപ്പും*
20. സച്ചിദാനന്ദൻ (എഡി.) - *ബ്രഹ്റ്റിന്റെ കല*
21. സജിത മഠത്തിൽ - *മലയാള സ്ത്രീനാടകചരിത്രം*
22. ഹരിശർമ്മ (എഡി.) - *നാടകപ്രവേശിക*
23. സിബു മോടയിൽ - *അരങ്ങുമുതൽ അഭ്രപാളിവരെ*
24. സഫ്ദർ ഹശ്മി - *ഹല്ലാബോൽ* (തെരഞ്ഞെടുത്ത നാടകങ്ങൾ, (വിവ.) രവീന്ദ്രൻ)
25. വിധു നാരായൺ (എഡി.) - *മലയാളനാടകം: സമീപനങ്ങളും സാധ്യതകളും*
26. നാരായണപിഷാരടി, കെ.പി. (വിവ.) - ഭരതമുനിയുടെ *നാട്യശാസ്ത്രം*

## English

Est. in 1921

1. Bhatia, Nandi (Ed.) - *Modern India: A Reader*
2. Bhatia, Nandi (Ed.) - *Acts of Authority/ Acts of Resistance Theatre and Politics in Colonial India*
3. Brewster, Benard Jacobs, Lea - *Theatre of Cinema*
4. Dalmia, Vasudha - *Poetics, Plays and Performance: The Politics of Modern Indian Theatre*
5. Deshpande, GP (Ed.) - *Modern Indian Drama, An Anthropology*

## സഹായകഗ്രന്ഥങ്ങൾ - സിനിമ

1. ടി. അനിതകുമാരി - *പത്മരാജൻ സിനിമ, സാഹിത്യം, ജീവിതം*
2. അരവിന്ദൻ - *എസ്തപ്പാൻ*
3. പി. ഇന്ദുശേഖർ - *സമാന്തരസിനിമ*
4. ഉറൂബ് - *നീലക്കുയിൽ*
5. അഹമ്മദ് നിസ്സാർ - *യാഥാർഥ്യത്തിന്റെ നാലു മുഖങ്ങൾ*
6. ആർ. ഗോപിനാഥൻ - *ജോൺ എബ്രഹാം: അമ്മയെത്തേടി*
7. കെ. ഗോപിനാഥൻ - *സിനിമയും സംസ്കാരവും*
8. എ. ചന്ദ്രശേഖരൻ, ഗിരീഷ് ബാലകൃഷ്ണൻ - *മോഹൻലാൽ: മലയാളിയുടെ ജീവിതം*
9. ജോൺപോൾ (എഡി.) - *ന്യൂസ് പേപ്പർ ബോയ്*
10. ജോസ് കെ. മാനുവൽ - *നാടകവും സിനിമയും*
11. ആർ.വി.എം. ദിവാകരൻ - *കഥയും തിരക്കഥയും*
12. ആർ.വി.എം. ദിവാകരൻ - *മലയാളതിരക്കഥ വളർച്ചയും വർത്തമാനവും*
13. നീലൻ - *കാഴ്ചയുടെ വെളിവ്*
14. നീലൻ - *മൊണ്ടാഷ്: പാഠവും പഠനവും*
15. മധു ഇറവങ്കര - *സിനിമയും സാഹിത്യവും*
16. മധു ഇറവങ്കര - *അലിവിന്റെ മന്ദാരങ്ങൾ*

17. പി.എസ്. രാധാകൃഷ്ണൻ - *ചരിത്രവും ചലച്ചിത്രവും: ദൃശ്യഭാവനയുടെ ഹർഷമൂല്യങ്ങൾ*
18. ജി.പി. രാമചന്ദ്രൻ - *മലയാളസിനിമ: ദേശം, ഭാഷ, സംസ്കാരം*
19. കെ.വി. രാമൻകുട്ടി - *ആധുനിക മലയാളസിനിമ*
20. വിജയകൃഷ്ണൻ - *മലയാളസിനിമയുടെ കഥ*
21. വിജയകൃഷ്ണൻ - *ലോകസിനിമ*
22. വിജയകൃഷ്ണൻ - *ചലച്ചിത്രസമീക്ഷ*
23. വിജയകൃഷ്ണൻ - *ചലച്ചിത്രത്തിന്റെ പൊരുൾ*
24. വിജയകൃഷ്ണൻ - *മലയാളസിനിമ*
25. വിജയകൃഷ്ണൻ - *വിശ്വോത്തരതിരക്കഥകൾ*
26. വിജയകൃഷ്ണൻ - *തിരക്കഥയും സിനിമയും*
27. ഐ. ഷണ്മുഖദാസ് - *മലകളിൽ മഞ്ഞുപെയ്യുന്ന*
28. ഐ. ഷണ്മുഖദാസ് - *സിനിമയുടെ വഴികൾ*
29. കെ.പി. ജയകുമാർ - *ജാതിവ്യവസ്ഥയും മലയാളസിനിമയും*
30. കെ.പി. ജയകുമാർ - *ഉടലിൽ കൊത്തിയ ചരിത്രസ്മരണകൾ*
31. എം.എം. വർക്കി - *ഡോക്യുമെന്ററി സിനിമ*
32. സി.എസ്. വെങ്കിടേശ്വരൻ - *മലയാള സിനിമാപഠനങ്ങൾ*
33. സി.എസ്. വെങ്കിടേശ്വരൻ - *ഉടലിന്റെ താരസ്വരൂപങ്ങൾ*
34. ജോസ് തങ്കച്ചൻ - *കാഴ്ചയുടെ കല: ചില സിനിമാവിചാരങ്ങൾ*
35. Andrew Dudley - *Majorm Film Theories*, Delhi, OUP
36. Andrew Dudley - *Concepts in Film Theory*, Delhi, OUP
37. Corrigan, Timothy - *A Short Guide to Writing about Film*, New York, London
38. Graham, Peter - *The New Wave*, London, British Film Institute
39. Mast, Gerald - *A Short History of the Movies*, London, OUP
40. Paula Murphy - *AI in the Movies*, Edinburgh University Press

Est. in 1921
THE TRUTH SHALL MAKE YOU FREE

## UCML 010402 സാഹിത്യചരിത്രവിജ്ഞാനീയവും ഗവേഷണത്തിന്റെ രീതിശാസ്ത്രവും

**സമയം: 90 മണിക്കൂർ**

**ക്രഡിറ്റ്: 3**

**ആമുഖം**

രചനാപശ്ചാത്തലം, പ്രേരണകൾ, പ്രത്യയശാസ്ത്രം എന്നിവയുടെ അടിസ്ഥാനത്തിൽ സാഹിത്യചരിത്രങ്ങളെ വിലയിരുത്താൻ വിദ്യാർഥികളെ പ്രാപ്തരാക്കുകയാണ് ഈ കോഴ്സിന്റെ ലക്ഷ്യം. മലയാളത്തിലെ സാഹിത്യചരിത്രങ്ങളെ വിമർശനാത്മകമായി മനസ്സിലാക്കാൻ ഇതുവഴി വിദ്യാർഥികൾക്ക് സാധിക്കുന്നു.

**മൊഡ്യൂൾ ഒന്ന്**

ചരിത്രം, ചരിത്രവിജ്ഞാനീയം, സാഹിത്യചരിത്രം, സാഹിത്യചരിത്രവിജ്ഞാനീയം, സാഹിത്യചരിത്രരചനയുടെ ലക്ഷ്യങ്ങൾ, വിവിധതരം സാഹിത്യചരിത്രരചനാസമീപനങ്ങൾ - വിവരണാത്മകം, വിജ്ഞാന കോശപരം തുടങ്ങിയവ - ഭാഷാ-ദേശചരിത്രവും സാഹിത്യചരിത്രങ്ങളും - ദേശം, ദേശീയത, ആധുനികത തുടങ്ങിയ സങ്കല്പങ്ങളും സാഹിത്യചരിത്രങ്ങളും - ഭാഷോത്പത്തി ചർച്ചകൾ, സാഹിത്യചരിത്രരചനയുടെ ഉപാദാനങ്ങൾ, സാഹിത്യചരിത്രങ്ങൾ - പേരുകളും ഉള്ളടക്കവും താരതമ്യം - സാഹിത്യവിമർശനം, ഗവേഷണപരത തുടങ്ങിയ ഘടകങ്ങൾ.

**മൊഡ്യൂൾ രണ്ട്**

സാഹിത്യചരിത്രങ്ങളുടെ ആഖ്യാനം - സമീപനസമ്പ്രദായങ്ങൾ - ഘടന, പ്രസ്ഥാനവൽകരണം - പ്രസ്ഥാനങ്ങളുടെ ഉത്ഭവകാരണങ്ങൾ - വിഭജനത്തിന്റെ സാധ്യതകളും പരിമിതികളും - ഘട്ടവിഭജനം - പ്രാചീനം/ മധ്യകാലം/ ആധുനികം തുടങ്ങിയ വിഭജനരീതികൾ - പുതിയ ഘട്ടവിഭജനത്തിന്റെ സാധ്യതകൾ - കാനോനീകരണയുക്തികൾ - കർതൃത്വം, വ്യക്തിമഹത്വവാദം - ഭാഷാപിതാവ്, പ്രാചീനകവിത്രയം തുടങ്ങിയ സങ്കല്പങ്ങൾ.

**മൊഡ്യൂൾ മൂന്ന്**

വിവിധ സാഹിത്യചരിത്രമാതൃകകൾ - ആദ്യകാലസാഹിത്യചരിത്രങ്ങൾ - പി. ഗോവിന്ദപിള്ള, ശങ്കരൻ നമ്പ്യാർ, ആറ്റൂർ, ഉള്ളൂർ, ഇളംകുളം തുടങ്ങിയവരുടെ സാഹിത്യചരിത്രങ്ങൾ - വിവിധ സാഹിത്യവിവാദങ്ങളും സാഹിത്യചരിത്രങ്ങളും - ആത്മനിഷ്ഠസമീപനങ്ങൾ സാഹിത്യചരിത്രത്തിൽ.

**മൊഡ്യൂൾ നാല്**

സാഹിത്യവും സമൂഹവും - സമീപനഭേദങ്ങൾ - നാട്, വംശം, ജാതി, മതം, വർഗം, ലിംഗം തുടങ്ങിയ പരികല്പനകൾക്ക് സാഹിത്യചരിത്രങ്ങൾ നൽകിയിട്ടുള്ള സ്ഥാനം - സ്ത്രീ, ദളിത്, പ്രാദേശികരചനകളുടെ പ്രതി നിധാനം - സാഹിത്യം എന്ന സങ്കല്പം സാഹിത്യചരിത്രങ്ങളിൽ - നാടോടി, ജനപ്രിയ, വിവർത്തന സാഹിത്യ ങ്ങൾക്ക് നൽകുന്ന പരിഗണനകളും അവഗണനകളും - വ്യത്യസ്ത മാതൃകകൾ മുൻനിർത്തിയുള്ള താരതമ്യ പഠനം.

**മൊഡ്യൂൾ അഞ്ച്**

ഗവേഷണരീതിശാസ്ത്രം - സാഹിത്യഗവേഷണം - വിവിധ മേഖലകൾ - വിഷയസ്വീകരണവും പരികല്പനയുടെ രൂപവൽകരണവും - ദത്തശേഖരണം - ഗവേഷണത്തിനുവേണ്ടിയുള്ള വായന - സൈദ്ധാന്തികസമീപനങ്ങൾ - രീതിശാസ്ത്രം: സങ്കല്പനതലം, രചനാതലം - ഗവേഷണപ്രബന്ധം തയ്യാറാക്കൽ - കരടുരൂപം - തലക്കെട്ട്, ആമുഖം, അധ്യായവിഭജനം, ഉപസംഹാരം - കുറിപ്പുകൾ - ഗവേഷണപ്രബന്ധത്തിന്റെ ഭാഷ - അന്തർവൈജ്ഞാനികതയും ഗവേഷണവും - ഗ്രന്ഥസൂചി, ആവേദകസൂചി, ഇന്റർനെറ്റിന്റെ ഉപയോഗം - അനുബന്ധങ്ങൾ.

**സഹായകഗ്രന്ഥങ്ങൾ**


1. പി. ഗോവിന്ദപിള്ള - *മലയാളഭാഷാചരിത്രം*
2. പി. ശങ്കരൻ നമ്പ്യാർ - *ഭാഷാസാഹിത്യചരിത്രസംഗ്രഹം*
3. ആറ്റൂർ കൃഷ്ണപിഷാരടി - *ഭാഷാസാഹിത്യചരിത്രം*
4. ഉള്ളൂർ - *കേരളസാഹിത്യചരിത്രം (5 വാല്യങ്ങൾ)*
5. ടി.എം. ചുമ്മാർ - *ഗദ്യസാഹിത്യചരിത്രം*
6. ടി.എം. ചുമ്മാർ - *പദ്യസാഹിത്യചരിത്രം*
7. വടക്കുംകൂർ രാജരാജവർമ - *കേരളീയസംസ്കൃതസാഹിത്യചരിത്രം*
8. പി.കെ. പരമേശ്വരൻ നായർ - *മലയാളസാഹിത്യചരിത്രം*
9. മാടശേരി മാധവവാര്യർ - *കുഞ്ചന ശേഷം*
10. ഇളംകുളം കുഞ്ഞൻപിള്ള - *കേരളഭാഷയുടെ വികാസപരിണാമങ്ങൾ*
11. ഇളംകുളം കുഞ്ഞൻപിള്ള - *ഭാഷയും സാഹിത്യവും നൂറ്റാണ്ടുകളിൽ*
12. വടക്കുംകൂർ രാജരാജവർമ - *കേരളസാഹിത്യചരിത്രം ചർച്ചയും പൂരണവും*
13. ഡോ. കെ.എം. ജോർജ് - *സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ*
14. ഡോ. കെ.എം. ജോർജ് - *ആധുനികസാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ*
15. എൻ. കൃഷ്ണപിള്ള - *കൈരളിയുടെ കഥ*
16. പി.ജെ. തോമസ് - *ക്രിസ്ത്യാനികളും മലയാളസാഹിത്യവും*
17. സി.ജെ. തോമസ് - *ഉയരുന്ന യവനിക*
18. എം. ലീലാവതി - *മലയാളകവിതാസാഹിത്യചരിത്രം*
19. കെ.എം. തരകൻ - *മലയാളനോവൽസാഹിത്യചരിത്രം*
20. ജി. ശങ്കരപ്പിള്ള - *മലയാളനാടകസാഹിത്യചരിത്രം*
21. പി.കെ. നാരായണപിള്ള - *പദ്യരത്നം*
22. പി.വി. വേലായുധൻപിള്ള - *മണിപ്രവാളകവിത*
23. എം. അച്യുതൻ - *ചെറുകഥ ഇന്നലെ ഇന്ന്*
24. എം.എം. ബഷീർ - *ചെറുകഥാസാഹിത്യചരിത്രം (2 ഭാഗങ്ങൾ)*
25. പുതുപ്പള്ളി രാഘവൻ - *പത്രപ്രവർത്തനചരിത്രം*
26. കാട്ടുമാടം നാരായണൻ - *മലയാളനാടകപ്രസ്ഥാനം*
27. എം. ലീലാവതി - *സ്ത്രീസ്വത്വാവിഷ്കാരം മലയാളസാഹിത്യത്തിൽ*
28. വയലാ വാസുദേവൻപിള്ള - *മലയാളനാടകസാഹിത്യചരിത്രം*

29. കെ.സി. പുരുഷോത്തമൻ - *ദളിത് സാഹിത്യചരിത്രം*

30. പി.കെ. രാജശേഖരൻ - *അന്ധനായ ദൈവം: മലയാളനോവലിന്‍്റെ നൂറ്റ വർഷങ്ങൾ*

31. കെ.പി. രമേഷ് ചന്ദ്രൻ - *സഞ്ചാരസാഹിത്യം*

32. ചമ്പക്കുളം അപ്പുക്കുട്ടൻ നായർ - *സന്ദേശകാവ്യങ്ങൾ: ഒരു പഠനം*

33. ടി.പി. ബാലകൃഷ്ണൻ നായർ - *മഹാകാവ്യപ്രസ്ഥാനം*

34. എൻ.ആർ. ഗോപിനാഥപിള്ള - *പാഠവും പഠനവും*

35. മലയാളപഠനസംഘം (പ്രസാ.) - *സംസ്കാരപഠനം*

36. വർഗീസ് വി.ജെ., വിജയമോഹനൻപിള്ള (എഡി.) - *അഞ്ഞൂറ വർഷത്തെ കേരളം: ചില അറിവടയാളങ്ങൾ*

37. സജിത കെ.ആർ. - *ദളിതമക്ഷരസംയുക്തം*

38. പി.വി. വേലായുധൻപിള്ള - *മലയാളസാഹിത്യചരിത്രം ചെറുശ്ശേരിവരെ*

39. കെ.പി. അപ്പൻ - *ഇന്നലെകളിലെ അന്വേഷണപരിശോധനകൾ*

40. കെ.പി. അപ്പൻ - *മാറുന്ന മലയാളനോവൽ*

41. സുനിൽ പി. ഇളയിടം - *അജ്ഞാതവുമായുള്ള അഭിമുഖങ്ങൾ*

42. സുജിത് മുഖർജി - *ഭാരതീയസാഹിത്യചരിത്രരചന*

43. Devy E.N. - *'Of Many Heroes', An Essay in Literary Historiography*

44. Fokemma Douwe - *Issues in General and Comparitive Literature*

45. Perkins David - *Is Literary History Possible?*

46. Terry Eagleton - *Literary Theory: An Introduction*


Est. in 1921
THE TRUTH SHALL MAKE YOU FREE

## UCML 800401 വിവർത്തനസാഹിത്യം

**സമയം: 90 മണിക്കൂർ**

**ക്രഡിറ്റ്: 3**

**ആമുഖം**

വിവർത്തനത്തിന്റെ (പരിഭാഷ/ തർജമ/ തർജ്ജമ) സൈദ്ധാന്തികവും പ്രായോഗികവുമായ തലങ്ങളെയും വിവർത്തനകൃതികളെയും പരിചയപ്പെടുത്തുകയാണ് ഈ കോഴ്സിന്റെ ലക്ഷ്യം. വിവർത്തനത്തിന് വലി യൊരു ചരിത്രമുണ്ട്. അത് സംസ്കാരവിനിമയത്തിന്റെ വിപുലമായ സാധ്യത കൂടി ഉൾക്കൊള്ളുന്നു. സമീപകാലത്ത് വിവർത്തനത്തെ സംബന്ധിച്ച് പുതിയ ധാരണകൾ ഉണ്ടാകുന്നുണ്ട്. മലയാള സാഹിത്യത്തിൽ വിവർത്തനകൃതികൾക്ക് വലിയ സ്വാധീനമാണുള്ളത്. മലയാളസാഹിത്യവും ഇതര സാഹിത്യങ്ങളുമായുള്ള ബന്ധത്തെ മനസ്സിലാക്കുന്നതിൽ അവയ്ക്ക് നല്ല പങ്കുണ്ട്. അത് മലയാളഭാഷയെ അപരിചിത ലോകങ്ങളിലേക്ക് വിപുലീകരിക്കുന്നു. വിവർത്തനം ചെയ്യുവാനുള്ള വിദ്യാർഥികളുടെ താൽപര്യത്തെ ഈ കോഴ്സ് പ്രത്യേകം പരി പോഷിപ്പിക്കുകയും അതിൽ പരിശീലനം നൽകുകയും ചെയ്യുന്നു.

**മൊഡ്യൂൾ ഒന്ന്**

പരിഭാഷയുടെ നിർവചനം - ചരിത്രം, ഭാഷ, പാഠം, സംസ്കാരം എന്നിവയുടെ വിനിമയങ്ങൾ - മൂന്ന് തരം പരിഭാഷകൾ: പരിഭാഷ (Inter Lingual), പരാവർത്തനം (Intra Lingual), ചിഹ്നാന്തരഭാഷ (Inter Semiotics), പദാനുപദവിവർത്തനം, അനുവാദം, പുനഃസൃഷ്ടി, അനുഗതപരിഭാഷ (Full Translation), ഏകദേശപരിഭാഷ (Partial Translation), സമഗ്രപരിഭാഷ (Total Translation), പരിമിതപരിഭാഷ (Restricterd Translation).

പരിഭാഷയുടെ ശാസ്ത്രം: സ്വനിമം, രൂപിമം, പദം, പ്രയോഗം, വാക്യം, വ്യാകരണം തുടങ്ങിയ ഭാഷാപ്ര തലങ്ങളുടെ പരിഭാഷാസമമൂല്യതയെക്കുറിച്ച് ഏകദേശപരിചയം - പരിഭാഷയുടെ ഉപകരണങ്ങൾ - യന്ത്രപ രിഭാഷയുടെ പ്രശ്നങ്ങൾ - മലയാളത്തിലെ പരിഭാഷകളുടെ ലഘുചരിത്രം - ഭാരതീയ ഇതിഹാസങ്ങൾ, ബൈ ബിൾ, ഖുറാൻ എന്നിവയുടെ വിവർത്തനങ്ങൾ.

വിവർത്തനം എന്ന വ്യവഹാരം - യൂറോപ്യൻ കോളനീകരണവും പരിഭാഷയും - പോസ്റ്റ് കൊളോണിയൽ സമീപനം, ഘടനാവാദാനന്തരവിചാരങ്ങൾ - വാൾട്ടർ ബെന്യാമിൻ - രഞ്ജിത് ഗുഹ, ഗായത്രി ചക്രവർത്തി സ്പിവാക്, എ.കെ. രാമാനുജൻ എന്നിവരുടെ പരിഭാഷാവിചാരങ്ങൾ - പരിഭാഷയുടെ കേരളീയപരിസരം - സംസ്കൃതം, തമിഴ്, ഹിന്ദി, ബംഗാളി എന്നിങ്ങനെ ഇന്ത്യൻ ഭാഷകളിൽനിന്നും റഷ്യൻ, ഫ്രഞ്ച്, ഇംഗ്ലീഷ് തുടങ്ങിയ വിദേശഭാഷകളിൽനിന്നും മലയാളത്തിലേക്കുള്ള വിവർത്തനങ്ങൾ - അവയുടെ പ്രസക്തി, സ്വാധീ നങ്ങൾ.

വിവർത്തനത്തിൽ പരിശീലനം: ഉദാഹരണത്തിന് ഒരു കവിത (Solitary Reaper by William Wordsworth), കഥ (The Postman by Rabindranadha Tagore), ലേഖനം (Why I Write by George Orwell) എന്നിവ വിദ്യാർഥികൾ വിവർത്തനം ചെയ്യണം. സമീപനങ്ങളിലുള്ള വ്യത്യാസം മനസ്സിലാക്കുന്ന തിന് രഘുവംശത്തിന്റെ ഭിന്നവിവർത്തനങ്ങൾ പരിശോധിക്കണം. ഖലീൽ ജിബ്രാന്റെ പ്രൊഫെറ്റിന്റെ (The Prophet) ഭിന്നവിവർത്തനങ്ങളും Tonight I can Write എന്ന നെരൂദയുടെ കവിതയ്ക്ക് സച്ചിദാനന്ദനും ബാലചന്ദ്രൻ ചുള്ളിക്കാടും നൽകിയ വിവർത്തനങ്ങളും പരിശോധിക്കണം.

**മൊഡ്യൂൾ രണ്ട്**

1. നിന്ദിതരും പീഡിതരും - ഡോസ്റ്റോയെവ്സ്കി (വിവ. എൻ.കെ. ദാമോദരൻ)
2. ബ്ലോക്കിനൊരു കവിത - മരിന സ്വെറ്റേവ (വിവ. പി. രാമൻ)
3. രക്തവിവാഹം - ലോർക്ക (വിവ. വിജയകുമാർ മേനോൻ)
4. ജീവിതാസക്തി - ഇർവിങ്സ്റ്റോൺ (വിവ. ജയേന്ദ്രൻ)
5. മൂന്ന് തപസ്വികൾ - ടോൾസ്റ്റോയ് (വിവ. എൻ. ശ്രീകുമാർ)

**മൊഡ്യൂൾ മൂന്ന്**

1. കറുത്ത കാട്, കറുത്ത ജലം - സിൽവിയ പ്ലാത്ത് (വിവ. ജോ മാത്യു, സ്മിത മീനാക്ഷി)
2. സെറ്റ്സാനിലെ നല്ല സ്ത്രീ - ബെർതോൾട്ട് ബ്രെഹ്റ്റ് (വിവ. എൻ.ആർ. ഗ്രാമപ്രകാശ്)
3. തല കുനിക്കാതെ - വംഗാരി മാതായ് (വിവ. കബനി)
4. ഒരു കപ്പ് ചായ - കാതറീൻ മൻസ്ഫീൽഡ് (വിവ. വി. രാധാമണി കുഞ്ഞമ്മ)
5. യുവകവിക്കുള്ള കത്തുകൾ - റിൽകേ (വിവ. ഇ. സന്തോഷ് കുമാർ)

**മൊഡ്യൂൾ നാല്**

1. മഞ്ഞ് - ഓർഹൻ പാമുക്ക് (തുർക്കി) (വിവ. ജോളി വർഗീസ്)
2. കുരുടൻ മൂങ്ങ - സാദിഖ് ഹിദായത് (ഇറാൻ) (വിവ. വിലാസിനി)
3. പുനർജനിയുടെ മന്ത്രണങ്ങൾ - അഡോണിസ് (അറബി) (വിവ. എം.എ. അസ്കർ)
4. റാഷമോൺ - അകുതഗാവ റിയുനോസുക്കി (ജപ്പാൻ) (വിവ. പി.എ. ജോർജ്)
5. മണൽപ്പരപ്പ് - ചേരൻ രുദ്രമൂർത്തി (ശ്രീലങ്ക) (വിവ. ഒ.പി. സുരേഷ്)

**മൊഡ്യൂൾ അഞ്ച്**

1. മൊനേർ മാനുഷ് - സുനിൽ ഗംഗോപാധ്യായ (വിവ: സുനിൽ ഞാളിയത്ത്)
2. ഇരുട്ട് - പോൾ സെലാൻ (വിവ: ബാലചന്ദ്രൻ ചുള്ളിക്കാട്)
3. സംസ്കാരം - യു.ആർ. അനന്തമൂർത്തി (വിവ: കെ.പി. ശങ്കരൻ, വിശ്വനാഥ് ബാലഗോപാലവർമ, രാമേശ്വരി വർമ)
4. രണ്ട് രാജാക്കന്മാരും രണ്ട് വഴിക്കുരുക്കുകളും - ബോർഹസ് (വിവ: കെ. ജീവൻകുമാർ, പി. അനിൽകുമാർ)
5. അനുഭൂതി - ആർതർ റിംബോ (വിവ: സുജീഷ്)

**സഹായകഗ്രന്ഥങ്ങൾ**


1. ഒരു സംഘം ലേഖകർ - *വിവർത്തനം*, കേരള ഭാഷ ഇൻസ്റ്റിറ്റ്യൂട്ട് തിരുവനന്തപുരം
2. വി.ആർ. പ്രബോധചന്ദ്രൻ നായർ - *വിവർത്തനത്തിന്റെ ഭാഷാശാസ്ത്രഭൂമിക*
3. വി.ആർ. പ്രബോധചന്ദ്രൻ നായർ - *വിവർത്തനചിന്തകൾ*

4. കെ.എ. കോശി - *ഭാഷയും ഭാഷാന്തരണവും*
5. ജയ സുകുമാരൻ (എഡി.) - *തർജ്ജമ: സിദ്ധാന്തവും പ്രയോഗവും*
6. ചാത്തനാത്ത് അച്യുതനുണ്ണി (എഡി.) - *താരതമ്യസാഹിത്യപരിചയം*
7. കേസരി എ. ബാലകൃഷ്ണപിള്ള - *തന്റെ വിവർത്തനങ്ങൾക്കെഴുതിയ ആമുഖങ്ങൾ*
8. എം.എൻ. കാരശ്ശേരി (എഡി.) - *താരതമ്യസാഹിത്യചിന്ത*
9. എം.എൻ. കാരശ്ശേരി - *ആലോചന*
10. ആർസു - *വിവർത്തനത്തിന്റെ വിശാലലോകത്തിൽ*
11. എൻ.ഇ. വിശ്വനാഥ അയ്യർ - *വിവർത്തനവിചാരം*
12. ആർ.ഇ. ആഷർ - *മലയാളസാഹിത്യപഠനങ്ങൾ*
13. Walter Benjamin - *Illuminations*
14. JC Catford - *A Linguistic Theory of Translation*
15. Eugine A Nida - *Towards a Science of Translating*
16. Theordo Savory - *The Art of Translation*
17. Susan Bassnett - *Translation Studies*
18. Andre Le Fevere - *Translation: History, Culture*
19. Itamar Evan-Zohar - *The Position of Translated Literatures in Literary Polysystem*
20. Mathew Arnold - *Homeric Translation*
21. Gideon Toury - *Translation Across Cultures*
22. David D - *Poetry in Translation*
23. Thejaswini Niranjana - *Siting Translation*
24. Lowraence Venuti (Ed.) - *The Translation Studies Reader*
25. Monna Baker - *In Other Words: A Course Book on Translation*
26. Flora Ross Amos - *Early Theories of Translation*
27. Roger Bell - *Translation and Translating: Theory and Practice*
28. Andrew Benjamin - *Translation and Nature of Philosophy*
29. Chcyfitz Eric - *The Poetics of Imperialism:Translation and Colonization From Tempest to Tarzon*
30. Evan Zohar Itaman, Gideon Toury (Eds.) - *Translation Theory and Interculture Relations*
31. Susan Bassnett and Harish Trivedi - *Post Colonial Translation: Theory and Practice*


Est. in 1921
THE TRUTH SHALL MAKE YOU FREE

## UCML 800402 ദളിത്-സ്ത്രീ-പരിസ്ഥിതി സാഹിത്യവിചാരം

**സമയം: 90 മണിക്കൂർ**

**ക്രെഡിറ്റ്: 3**

**ആമുഖം**

ഉത്തരാധുനികഭാവുകത്വത്തിലൂടെ രൂപപ്പെട്ട ബഹുസ്വരതയുടെ പശ്ചാത്തലത്തിലാണ് മലയാളത്തിലെ ദളിത്-പരിസ്ഥിതി-സ്ത്രീസാഹിത്യം പഠനവിധേയമാക്കേണ്ടത്. ദ്വന്ദ്വാത്മകതയിലൂന്നിയ ആധുനികയുക്തിയെ വിനിർമിതിക്ക് വിധേയമാക്കുന്ന നിരവധി പാഠങ്ങളുടെ രൂപപ്പെടൽ വ്യവസ്ഥാപിതലാവണ്യശാസ്ത്രത്തെ തിരുത്തിയെഴുതുന്നവയായിരുന്നു. ലോകമെമ്പാടും രൂപപ്പെട്ട പ്രാന്തവൽകരിക്കപ്പെട്ടവരുടെ സ്വരം സൃഷ്ടിച്ച വൈവിധ്യത്തിന്റെ പശ്ചാത്തലത്തിൽ വേണം ഈ പഠനം സാധ്യമാക്കേണ്ടത്. മുഖ്യധാരാ സാഹിത്യ സങ്കൽപനത്തിന്റെ പൊളിച്ചെഴുത്ത് ദളിത്-സ്ത്രീ-പരിസ്ഥിതി സാഹിത്യങ്ങളുടെ പൊതുപ്രത്യേകതയാണ്. വാമൊഴി-വരമൊഴി രൂപത്തിൽ മലയാളത്തിലുണ്ടായിട്ടുള്ള ദളിത്-സ്ത്രീ-പരിസ്ഥിതി സാഹിത്യത്തിന്റെ കണ്ടെത്തലും ശേഖരവും പുനർവായനയും ഈ പഠനത്തെ കൂടുതൽ പ്രസക്തമാക്കുന്നു. ഏകതാനതയെ നിരന്തരം ചോദ്യം ചെയ്യുന്ന ബഹുവിധപാഠങ്ങളുടെ രൂപപ്പെടലിനെ ഈ പഠനത്തിലൂടെ തിരിച്ചറിയണം. ദളിത്-സ്ത്രീ-പരിസ്ഥിതി സിദ്ധാന്തങ്ങളുടെ പഠനവും അതിന്റെ അടിസ്ഥാനത്തിലുള്ള സാഹിത്യവിശകലനവും ഈ കോഴ്സിൽ സവിശേഷപ്രാധാന്യമർഹിക്കുന്നു.

സാഹിത്യം മുഖ്യധാരയുടെ പരിധിയിൽ പെടുന്നതു മാത്രമല്ലെന്നും ചില കാലങ്ങളിൽ നിശബ്ദമാക്കപ്പെടുന്ന ജനവിഭാഗങ്ങളുടെ ശബ്ദം കൂടി ഉൾക്കൊള്ളുന്നതാണെന്നുമുള്ള തിരിച്ചറിവ് ഈ പഠനത്തിന്റെ ഫലമാണ്. സമകാലികമായ പാരിസ്ഥിതികപ്രശ്നങ്ങളെക്കുറിച്ച് പഠിതാക്കൾക്ക് അവബോധമുണ്ടാവുകയും പാരിസ്ഥിതികപ്രതിസന്ധികളോട് പ്രതികരിക്കുവാനുള്ള മനോഭാവം രൂപപ്പെടുകയും ചെയ്യുന്നു.

**മൊഡ്യൂൾ ഒന്ന്**

**ദളിത്-സ്ത്രീ-പരിസ്ഥിതി സിദ്ധാന്തങ്ങൾക്കൊരാമുഖം**

ദളിത് എന്ന പദത്തിന്റെ അർഥം - ദളിത് അവസ്ഥ (Dalitness) - ദളിത് അവബോധം (Dalit Con- sciousness) - ജ്യോതിറാവു ഫൂലേ - ദളിത് പാന്തർ മൂവ്മെന്റ് - സൗന്ദര്യശാസ്ത്രം, ആത്മീയത, പരിസ്ഥിതി വാദം, സ്ത്രീവാദം എന്നിവയിലെ ദളിത് പരിപ്രേക്ഷ്യം - അംബേദ്കറുടെ ചിന്തകൾ.

സ്ത്രീ: സത്തയും സാമൂഹികതയും - ആൺകോയ്മാ വ്യവസ്ഥ (Patriarchy), ലിംഗം (Sex), ലിംഗപദവി (Gender) - ലിബറൽ സ്ത്രീവാദം - റാഡിക്കൽ സ്ത്രീവാദം - മൂന്നാംലോക സ്ത്രീവാദം - മാർക്സിസ്റ്റ് സ്ത്രീവാദം - സോഷ്യലിസ്റ്റ് സ്ത്രീവാദം - കറുത്ത സ്ത്രീവാദം - ക്വീർ സിദ്ധാന്തം - സ്ത്രൈണാത്മീയത - കേരളത്തിലെ സ്ത്രീവിമോചനസമരങ്ങൾ.

പരിസ്ഥിതി, പ്രകൃതി എന്നീ പദങ്ങളുടെ അർഥം - സാമൂഹികപരിസ്ഥിതിവാദം - ഗാഢപരിസ്ഥിതിവാദം - പാരിസ്ഥിതികമാർക്സിസം - പാരിസ്ഥിതികസ്ത്രീവാദം - പാരിസ്ഥിതികദൈവശാസ്ത്രം - മൂന്നാംലോക പരിസ്ഥിതിവാദം - ആദിവാസി-ദളിത് ഭൂസമരങ്ങൾ.

**മൊഡ്യൂൾ രണ്ട്**

**ദളിത്-സ്ത്രീ-പരിസ്ഥിതി സാഹിത്യസിദ്ധാന്തങ്ങൾ**

ദളിത് സാഹിത്യം വ്യത്യസ്താഭിപ്രായങ്ങൾ - ദളിതർ എഴുതുന്നത് - ദളിതരെക്കുറിച്ച് എഴുതുന്നത് - ദളിതർക്കുവേണ്ടി ദളിതർ എഴുതുന്നത് - ദളിത് പെണ്ണെഴുത്ത് - ദളിത് ഭാഷ.

മുഖ്യധാരാസാഹിത്യത്തിന്റെ പ്രതിരോധവായനകൾ - സാധുജനപരിപാലിനി, ആദിയർ ദീപം, ചേര മർ ദൂതൻ തുടങ്ങിയ പ്രസിദ്ധീകരണങ്ങൾ.

ആദിവാസി സംസ്കാരം - ഗോത്രഭാഷയുടെ വീണ്ടെടുപ്പ് - ഭൂസമരങ്ങൾ.

സ്ത്രീരചന - സ്ത്രീപക്ഷരചന - സ്ത്രീവാദരചന - സ്ത്രീ സർഗാത്മകത - വെർജീനിയ വൂൾഫ് - ലിംഗപദവി - സിമോൻ ദ ബുവ്വാ - സ്ത്രീസാഹിത്യം എലൈൻ ഷോവാൾട്ടർ - ഉടലെഴുത്ത്, സ്ത്രീഭാഷ - ലൂസി ഇറിഗാറെ, ഹെലൻ സിക്സു - മലയാളത്തിലെ പെണ്ണെഴുത്ത് - അന്താരാഷ്ട്ര വനിതാവർഷം - സ്ത്രീ എന്ന പുസ്തകത്തിന്റെ പ്രസിദ്ധീകരണം - 1980കളിലെ ബദലന്വേഷണങ്ങൾ - സ്ത്രീവാദ എഴുത്ത് - സാറാ ജോസഫ് - 90കളിലെ സ്ത്രീ വാദചിന്തകൾ - സ്ത്രീവാദ ദൈവശാസ്ത്രം - സ്ത്രീപക്ഷ മാധ്യമപഠനങ്ങൾ - സ്ത്രീ പ്രസിദ്ധീകരണങ്ങൾ - പെണ്ണ് ഇൻലൻഡ് മാസിക, സഖി, സംഘടിത - സ്ത്രീമാസിക.

പാരിസ്ഥിതികാവബോധവും സാഹിത്യവും - മലയാളത്തിലെ പാരിസ്ഥിതികസാഹിത്യം - സൈലൻ്റ് വാലി പ്രക്ഷോഭം - എഴുത്തും പാരിസ്ഥിതികപ്രതിരോധവും - വനപർവം എന്ന കവിതാസമാഹാരം - ഹരിതജീവിതം - ബദൽ സംരംഭങ്ങൾ - കനവ്, സാരംഗ് തുടങ്ങിയ വിദ്യാഭ്യാസസ്ഥാപനങ്ങൾ - സൂചിമുഖി ലിറ്റിൽ മാഗസിൻ, ആൻഖ് മാസിക, കേരളീയം.

**മൊഡ്യൂൾ മൂന്ന് - ദളിത് സാഹിത്യം**

**കവിത**

1. 'മുൻപിതാക്കളായവർക്ക വന്നൊരല്ലൽ...' - പൊയ്കയിൽ അപ്പച്ചൻ
2. പച്ചവീട് - അശോകൻ മറയൂർ
3. ശംബൂകൻ - ജി. ശശി
4. സുജ - ധന്യ എം.ഡി.

**കഥ**

5. ഭ്രാന്ത് - സി. അയ്യപ്പൻ
6. പറയപ്പതി - മനോജ് വെങ്ങോല

**നോവൽ**

7. കൊച്ചരേത്തി - നാരായൻ

**വിമർശനം**

8. കറുത്ത ദൈവങ്ങളും നഗ്നസത്യങ്ങളും - ടി.എം. യേശുദാസൻ
9. ബഹിഷ്കൃതരുടെ ചരിത്രപാഠം - കെ.കെ. കൊച്ച്
10. ജാതിയും ലിംഗവും ദലിത് ഫെമിനിസ്റ്റ് പരിപ്രേക്ഷ്യത്തിൽ - രേഖാരാജ്

**മൊഡ്യൂൾ നാല് - സ്ത്രീ സാഹിത്യം**

**കവിത**

1. വൃദ്ധകന്യക - ബാലാമണിയമ്മ
2. വനിതാ കമ്മീഷൻ - സുഗതകുമാരി
3. മരണാനന്തരം - വിജയരാജമല്ലിക

**കഥ**

4. ചതുരംഗം - മാധവിക്കുട്ടി
5. സർപ്പയജ്ഞം - കെ.ആർ. മീര

**നോവൽ**

6. പ്രേമഭാജനം - കെ. സരസ്വതിയമ്മ

**നാടകം**

7. തൊഴിൽകേന്ദ്രത്തിലേക്ക് - പി.ടി. ഉഷാകുമാരി (എഡി.)

**ഓർമക്കുറിപ്പുകൾ**

8. ഒരുവൾ നടന്ന വഴികൾ - സാറാ ജോസഫ്

**വിമർശനം**

9. ചരിത്രത്തിലെ(ന്റെ) മറവികൾ - ഗീത
10. ചെമ്മീൻ തിരയും കഥയും - എസ്. ശാരദക്കുട്ടി
11. ഒരു മുഴക്കണ്ണാടിയിലേക്കുള്ള ശ്രമങ്ങൾ - ജി. ഉഷാകുമാരി

**മൊഡ്യൂൾ അഞ്ച് - പരിസ്ഥിതി സാഹിത്യം**

**കവിത**

1. ഭൂമിയെയും കലാപത്തെയും കുറിച്ച് എന്റെ രാഷ്ട്രീയം - മേതിൽ രാധാകൃഷ്ണൻ
2. കാട് - ഡി. വിനയചന്ദ്രൻ
3. പട്ടാമ്പിപ്പുഴമണലിൽ - പി.പി. രാമചന്ദ്രൻ

**കഥ**

4. ഞാനും എന്റെ ദൈവവും - പി. വത്സല
5. നീരാളിയൻ - അംബികാസുതൻ മാങ്ങാട്

**നോവൽ**

6. ഹെർബേറിയം - സോണിയ റഫീഖ്

Est. in 1921
THE TRUTH SHALL MAKE YOU FREE

**നാടകം**

7. ഇടനിലങ്ങൾ - കെ.വി. ശ്രീജ

**ആത്മകഥ**

8. കണ്ടൽക്കാടുകൾക്കിടയിൽ എന്റെ ജീവിതം - കല്ലേൻ പൊക്കുടൻ

**വിമർശനം**

9. വേദകാലസംസ്കൃതിയും പാരിസ്ഥിതികപ്രതിസന്ധിയും - എസ്. കാപ്പൻ
10. മിനമാത്താ പ്രഖ്യാപനം - എം.എം.ആർ. മോഹനൻ (പരി.)
11. വിമർശനത്തിന്റെ ഹരിതീകരണം - ജി. മധുസൂദനൻ

**സഹായകഗ്രന്ഥങ്ങൾ**

**മൊഡ്യൂൾ ഒന്ന്, രണ്ട്**

Est. in 1921


1. അജ്ജ കെ. നാരായണൻ (എഡി.) - *ദലിത് തിരിച്ചറിവുകൾ*
2. കെ.വി. ശശി (എഡി.) - *ദളിത് വിമർശം: പരികല്പനകൾ പ്രയോഗങ്ങൾ*
3. ബോബി തോമസ് (എഡി.) - *ദളിത് പാതകൾ*
4. എം.ബി. മനോജ് (സമാ.) - *മുദിത: മലയാളത്തിലെ ദളിത് പെൺകവിതകൾ*
5. ഒ.കെ. സന്തോഷ്, എം.ബി. മനോജ് (സമാ.) - *കാതൽ: മലയാളത്തിലെ ദളിത് കവിതകൾ*
6. എം.ബി. മനോജ് (എഡി.) - *ആഖ്യാനം, സാന്നിധ്യം, സൗന്ദര്യം*
7. കുന്നുകുഴി എസ്. മണി, പി.എസ്. അനിരുദ്ധൻ - *മഹാത്മാ അയ്യൻകാളി: അയ്യൻകാളിയുടെ അറിയപ്പെടാത്ത ചരിത്രം*
8. എം.ബി. മനോജ് (എഡി.) - *സമ്യക്: ദളിത് സാഹിത്യം, സംസ്കാരം, സമീപനം*
9. കവിയൂർ മുരളി - *ദലിത് സാഹിത്യം*
10. ടി.കെ. അനിൽകുമാർ - *ദലിത് സാഹിത്യം: ചരിത്രവും വർത്തമാനവും*
11. ജി. മധുസൂദനൻ - *ഹരിതനിരൂപണം മലയാളത്തിൽ*
12. എം. അച്യുതൻ - *പരിസ്ഥിതിപഠനത്തിന് ഒരാമുഖം*
13. ആർ. രാധാകൃഷ്ണൻ, ജോജി കൂട്ടുമ്മേൽ - *സൈലന്റ് വാലി: ചെറുത്തുനിൽപിന്റെ നാൾവഴി*
14. മിനി പ്രസാദ് (എഡി.) - *നാളെയുടെ പരിസ്ഥിതിദർശനങ്ങൾ*
15. മ്യൂസ് മേരി ജോർജ് - *സ്ത്രീയേ എനിക്കും നിനക്കും എന്ത്*
16. ജോർജ് കെ. അലക്സ് - *വിദ്യാഭ്യാസം ജീവന്റെ പൂർണതയ്ക്ക്*
17. എ.കെ. രാമകൃഷ്ണൻ, കെ.എം. വേണുഗോപാലൻ - *സ്ത്രീവിമോചനം: ചരിത്രം സിദ്ധാന്തം സമീപനം*
18. ജാൻസി ജെയിംസ് (എഡി.) - *ഫെമിനിസം ഒന്നും രണ്ടും വാല്യങ്ങൾ*
19. ആർ.കെ. ബിജുരാജ് - *സമരകേരളം*

20. ആർ. പാർവതി ദേവി - *കേരളസ്ത്രീ ആറ് പതിറ്റാണ്ടുകളിൽ*
21. എം.ആർ. രേണുകുമാർ (സമാ.) - *ഞാറുകൾ*
22. Mary Eagleton (Ed.) - *Feminist Literary Theory*, Black Well.
23. Ariel Salleh - *Eco Feminism as Politics Nature Marx and the Postmodern*, Zed Books Ltd. UK & USA.
24. Greg Garrard - *Eco Criticism*, Routledge, London and New York, USA.

**മൊഡ്യൂൾ മൂന്ന്**

1. വി.വി. സ്വാമി, ഇ.വി. അനിൽ (സമ്പാ.) - *പ്രത്യക്ഷരക്ഷാദൈവസഭയുടെ പാട്ടുകൾ*
2. ധന്യ എം.ഡി. - *അമിശല*
3. രാജു കെ. വാസു - *കുഞ്ഞുലച്ച്മി*
4. ഇ.സി. ദിനേശ് കുമാർ - *കാളഭൈരവൻ*
5. പ്രദീപൻ പാമ്പിരികുന്ന് - *ദലിത് പഠനം: സ്വത്വം, സംസ്കാരം, സാഹിത്യം*
6. രാജേഷ് ചിറപ്പാട് (എഡി.) - *ദലിത് വർത്തമാനം*

**മൊഡ്യൂൾ നാല്**

1. ബാലാമണിയമ്മ - *ബാലാമണിയമ്മയുടെ കവിതകൾ സമ്പൂർണം*
2. സുഗതകുമാരി - *സുഗതകുമാരിയുടെ കവിതകൾ സമ്പൂർണം*
3. വിജയരാജമല്ലിക - *ദൈവത്തിന്റെ മകൾ*
4. മാധവിക്കുട്ടി - *മാധവിക്കുട്ടിയുടെ കൃതികൾ സമ്പൂർണം*
5. കെ.ആർ. മീര - *കഥകൾ*
6. സരസ്വതിയമ്മ - *കെ. സരസ്വതിയമ്മയുടെ സമ്പൂർണകൃതികൾ*
7. ഗീത - *പെൺകാലങ്ങൾ*
8. സാറാ ജോസഫ് - *ഒരുവൾ നടന്ന വഴികൾ*
9. ജെ. ദേവിക - *കുലസ്ത്രീയും ചന്തപ്പെണ്ണും ഉണ്ടായതെങ്ങനെ?*
10. എസ്. ശാരദക്കുട്ടി - *പെണ്ണു കൊത്തിയ വാക്കുകൾ*
11. എസ്. ശാരദക്കുട്ടി - *പെൺവിനിമയങ്ങൾ*
12. പി.ടി. ഉഷാകുമാരി (എഡി.) - *തൊഴിൽകേന്ദ്രത്തിലേക്ക്: നാടകം, ചരിത്രരേഖപഠനം*
13. കെ.എം. വേണുഗോപാലൻ (എഡി.) - *കേരളം, ലൈംഗികത, ലിംഗനീതി*
14. ജി. ഉഷാകുമാരി - http://orukappuchaaya.blogspot.com/2014/09/blog-post.html?m=1

**മൊഡ്യൂൾ അഞ്ച്**

1. ഡി. വിനയചന്ദ്രൻ - *സമയമാനസം*
2. പി.പി. രാമചന്ദ്രൻ - *കാണെക്കാണെ*
3. അശോകൻ മറയൂർ - *പച്ചവ്ട്*
4. പി. വത്സല - *കോട്ടയിലെ പ്രേമ*
5. അംബികാസുതൻ മാങ്ങാട് - *നീരാളിയൻ*
6. സോണിയ റഫീക് - *ഹെർബേറിയം*

7. ദിജി ചാലപ്പുറം (എഡി.) - *ദശമുഖം* (നാടകം)
8. കല്ലേൻ പൊക്കുടൻ - *കണ്ടൽക്കാടുകൾക്കിടയിൽ എന്റെ ജീവിതം*
9. ജോർജ് കെ. അലക്സ് - *ഹരിതരാഷ്ട്രീയം: ചരിത്രം, സിദ്ധാന്തം, പ്രയോഗം*
10. ജി. മധുസൂദനൻ - *ഭാവുകത്വം ഇരുപത്തൊന്നാം നൂറ്റാണ്ടിൽ*

Est. in 1921
THE TRUTH SHALL MAKE YOU FREE

## UCML 800403 സൈബർ സംസ്കാരവും സാഹിത്യവും

**സമയം: 90 മണിക്കൂർ**

**ക്രഡിറ്റ്: 3**

**ആമുഖം**

ഇലക്ട്രോണിക് ഉപകരണങ്ങളുടെ പ്രചാരം മനുഷ്യരുടെ സംവേദനശീലത്തെയെന്നല്ല, സ്വത്വത്തെയും നിലനിൽപിനെയും വരെ നിർണയിക്കുന്ന തരത്തിൽ പ്രബലമായിരിക്കുന്നു. യഥാർഥലോകത്തിനൊപ്പം ഒരു വെർച്വൽ ലോകത്തിന്റെ കൂടി സാന്നിധ്യം ഇന്ന് ഓരോരുത്തർക്കും ഒപ്പമുണ്ട്. നവമാധ്യമങ്ങൾ ഇ-സാക്ഷരത ഉള്ളവരെന്നും ഇല്ലാത്തവരെന്നും ജനതയെത്തന്നെ രണ്ടായി പിളർത്തുന്നു. വ്യക്തിജീവിതത്തിന്റെ ബോധതലംതന്നെ സൈബർ ശൃംഖലയുമായി കണ്ണിചേർക്കപ്പെട്ടിരിക്കുന്നു. സമകാലികമായ ഈ സാഹചര്യത്തിന്റെ സാംസ്കാരികവും സൗന്ദര്യശാസ്ത്രപരവുമായ വിചാരങ്ങൾ പരിചയപ്പെടുക എന്നതാണ് ഈ കോഴ്സിന്റെ ലക്ഷ്യം. ഒപ്പം സാഹിത്യകൃതികളെ നവമാധ്യമങ്ങൾ എങ്ങനെ സ്വാധീനിക്കുകയും നിർണയിക്കുകയും ചെയ്യുന്നു എന്ന അന്വേഷണവും പ്രധാനമാണ്.

സാങ്കേതികോപകരണങ്ങൾ, സാങ്കേതികവിദ്യ, സൈബർ സംസ്കാരം തുടങ്ങിയവയെക്കുറിച്ചുള്ള സാമാന്യജ്ഞാനത്തിന് സഹായകഗ്രന്ഥങ്ങൾ ഉപയോഗപ്പെടുത്താവുന്നതാണ്. വിശദപഠനത്തിന് സാഹിത്യകൃതികൾ മാത്രമാണു നിർദ്ദേശിച്ചിട്ടുള്ളത്. നിത്യജീവിതത്തിന്റെ ഭാഗമായിത്തീർന്നിരിക്കുന്ന സാങ്കേതികോപകരണങ്ങളുടെ സാംസ്കാരികവും സർഗാത്മകവുമായ മാനങ്ങളെന്തെന്നു തിരിച്ചറിയുന്നതാണ് ഈ പഠനത്തിന്റെ ഫലം.

**മൊഡ്യൂൾ ഒന്ന് - സൈബർ ലോകം - സാമാന്യപരിചയം**

1. സൈബർ - പദനിരുക്തി
2. ഇ-സാക്ഷരത, ഇന്റർനെറ്റ് - വിവര/ വിജ്ഞാനവിനിമയം
3. ആവിഷ്കാരസാധ്യതകൾ - സ്വയംപ്രസാധനം, മൾട്ടിമീഡിയ - ടെക്സ്റ്റ്, ഓഡിയോ, വീഡിയോ, നിശ്ചലചിത്രം - എഡിറ്റിങ് - ഹൈപ്പർ ലിങ്ക്
4. പ്രധാന സാമൂഹികമാധ്യമങ്ങൾ - ബ്ലോഗ്, ഓർക്കുട്ട്, ഫേസ് ബുക്ക്, ട്വിറ്റർ
5. വാട്സ്ആപ് കൂട്ടായ്മകൾ, പുതുസമൂഹങ്ങളുടെ രൂപപ്പെടൽ.

**മൊഡ്യൂൾ രണ്ട് - സൈബർ സംസ്കാരം - സങ്കൽപനങ്ങൾ**

6. റിയാലിറ്റി/ വെർച്വാലിറ്റി, Post Human
7. സൈബോർഗ് - ഡോണാ ഹാരാവേ
8. നെറ്റ്‌വർക്ക് സമൂഹം, നെറ്റിസൺഷിപ്പ്
9. ഇന്റർനെറ്റ് സംസ്കാരം - മാനുവൽ കാസ്റ്റൽസ്
10. സത്യാനന്തരകാലം (Post Truth Era) ഹൈപ്പർ ടെക്സ്റ്റ് - റാൽഫ് കെയെസ് – തിരമൊഴി – പി.പി. രാമചന്ദ്രൻ - സൈബർ ഫെമിനിസവും ക്സെനോ ഫെമിനിസവും - നിർമിതബുദ്ധി

**മൊഡ്യൂൾ മൂന്ന് - സൈബർ ഇടവും പ്രകടനരീതികളും**

1. സൈബർ ഇടവും പ്രകടനകലയും - റിച്ചാർഡ് ഷെഹനർ
2. സ്വകാര്യ ഇടങ്ങളും പൊതു ഇടങ്ങളും - സാധ്യതകളും പ്രശ്നങ്ങളും
3. തുറന്നെഴുത്ത് വെളിപ്പെടുത്തലുകൾ - മീ ടൂ കാംപെയ്നിങ്
4. വിക്കി ലീക്സ്, സൈബർ മാധ്യമപ്രവർത്തനം
5. സ്വകാര്യത, സർവെയ്‌ലൻസ്
6. സൈബർ സംവേദനരീതികൾ, ചിഹ്നങ്ങൾ, ഇമോജികൾ, പ്രതികരണങ്ങൾ (Reactions), ട്രോൾ, മീം, ഹാഷ് ടാഗ്.

**മൊഡ്യൂൾ നാല് - മലയാളം കമ്പ്യൂട്ടിങ്**

1. സാങ്കേതികതയും മലയാളഭാഷയും
2. നവസാങ്കേതികതയും അച്ചടിയും – ലിപിപരിഷ്കരണം
3. മലയാളം ഫോണ്ടുകളുടെ രൂപപ്പെടുത്തൽ - ഇസ്കി പൂർവഘട്ടം, ഇസ്കി ഘട്ടം, യൂണിക്കോഡ് ഘട്ടം
4. മലയാളം ഇൻപുട്ട് രീതികൾ
5. ഡിജിറ്റലൈസേഷൻ പുസ്തകങ്ങൾ, ഇ-ബുക്ക്, ഇ-ഗ്രന്ഥശാലകൾ
6. മലയാളം വിക്കിപീഡിയ, വിക്കി ഗ്രന്ഥശാല

**മൊഡ്യൂൾ അഞ്ച് - സൈബർ സാഹിത്യം**

കവിതയിലെ പുതുവഴികൾ - ഭാഷ, ആഖ്യാനം, പ്രതീകം, ഇമേജ് - മാധ്യമസാധ്യതകളുടെ ഉപയോഗം - കഥ, നോവൽ - സവിശേഷതകൾ - നാടകം, ഉപന്യാസങ്ങൾ - അനുഭവവിവരണം, ആത്മകഥ, കുറിപ്പുകൾ.

**വിശദപഠനം**

**കവിത**

1. ലാപ് ടോപ്പ് കനവ് - എം.ആർ. വിബിൻ
2. യുറേക്കാ - സിന്ധു കെ.വി.
3. വിരഹപരുവത്തിലൊരു സായാഹ്നം - എ. ഹരിശങ്കർ കർത്താ
4. ഫേസ് ബുക്ക് - ദേശമംഗലം രാമകൃഷ്ണൻ

**കുറിപ്പ്**

1. കൊടകര പുരാണം - സജീവ് എടത്താടൻ (ആദ്യത്തെ രണ്ട് ലേഖനങ്ങൾ)

**നോവൽ**

1. വ്യസനസമുച്ചയം - അമൽ

**സഹായകഗ്രന്ഥങ്ങൾ**

1. വി.കെ. ആദർശ് - *ഇനി വായന ഇ-വായന*
2. വി.കെ. ആദർശ് - *വിവരസാങ്കേതികവിദ്യ നിത്യജീവിതത്തിൽ*
3. ആർ. ഭദ്രൻ - *സംസ്കാരജാലകം*

EST. in 1921 THE TRUTH SHALL MAKE YOU FREE

4. പി.എം. ബാബുരാജ് - *എങ്ങനെ മലയാളത്തിൽ ബ്ലോഗാം*
5. മനോജ് ബി. - *വെബ്സൈറ്റ്: രചന, രൂപകൽപന, പരിപാലനം*
6. കെ. രവീന്ദ്രൻ, ബി. ഇക്ബാൽ - *ഇന്റർനെറ്റും ഇൻഫർമേഷൻ വിപ്ലവവും*
7. പി.കെ. രാജശേഖരൻ (എഡി.) - *ഭാവനാതീതം: മലയാളത്തിലെ സൈബർ കഥകൾ*
8. പി. സേതുമാധവൻ - *ഇന്റർനെറ്റ്: ഒരു പഠനം*
9. സജി കരിങ്ങോല (എഡി.) - *സൈബർ: ബഹുസ്വരവായനകൾ*
10. സുനീത ടി.വി. - *ഇ-മലയാളം*
11. സുനീത ടി.വി. - *മലയാളവും ഇന്റർനെറ്റും*
12. ടി.കെ. സന്തോഷ് കുമാർ (എഡി.) - *നവമാധ്യമങ്ങൾ: ജനകീയതയും വിശ്വാസ്യതയും*
13. Bell, David - *Cyberculture Theorists*
14. Bauman,Zygmund - *44 Letters from the Liquid Modern World*
15. Castells, Manuel - *The Rise of the Network Society*
16. Castells, Manuel - *Mobile Communication and Society: A Global Perspective*
17. Christakis Nicholas and James Fowler - *Connected: The Amazing Power of Social Networks and How They Shape Our Lives*
18. Green, Lelia - *Techmoculture*
19. Haraway, Donna - *Simians, Cyborgs and Women: The Re invention of Nature*
20. Hester, Helen - *Xenofeminism*
21. Krispatric, David - *The Facebook Effect*
22. Schechner, Richard - *Performance Theory*
23. Spender, Dale - *Nattering on the Net: Woman, Power and Cyberspace*


Est. in 1921
THE TRUTH SHALL MAKE YOU FREE

## UCML 810401 ഫോക് ലോർ

**സമയം: 90 മണിക്കൂർ**

**ക്രഡിറ്റ്: 3**

### ആമുഖം

മനുഷ്യരുടെ കൂട്ടജീവിതമാണ് ഫോക് ലോറിന്റെ പഠനവിഷയം. ഈ വിജ്ഞാനശാഖ രൂപപ്പെടുന്ന കാലത്ത് കൂട്ടായ്മയെയും വിജ്ഞാനത്തെയും കണ്ടിരുന്നതുപോലെയല്ല ഇന്നവ പരിഗണിക്കപ്പെടുന്നത്. ജ്ഞാനവിഷയത്തിലും സമീപനത്തിലും ഉണ്ടായിട്ടുള്ള മാറ്റങ്ങളെ പരിഗണിച്ചുകൊണ്ടുള്ള പഠനരീതിയാണു സ്വീകരിക്കേണ്ടത്. ഒരു വിജ്ഞാനശാഖയെന്ന നിലയിൽ ഫോക് ലോർ രൂപപ്പെട്ട ചരിത്രസാഹചര്യം, വിവി ധകാലഘട്ടങ്ങളിലും വിവിധ ദേശങ്ങളിലുമുണ്ടായിട്ടുള്ള സൈദ്ധാന്തികവികാസങ്ങൾ, സമകാലിക മായി വികസിച്ചിട്ടുള്ള വിശകലനരീതികൾ എന്നിവ പഠനവിഷയമാകണം. പാശ്ചാത്യനാട്ടുകളിൽ രൂപപ്പെട്ട ഗണകൽ പനകൾ അഥവാ ജനുസ്സിനെക്കുറിച്ചുള്ള പരികല്പനകൾ നമ്മുടെ സാഹചര്യത്തിൽ എത്രമാത്രം പ്രസക്ത മാണ് എന്നു ചിന്തിക്കണം. കേരളസമൂഹത്തിൽ നടക്കുന്ന ഫോക് ലോർ പരിണാമങ്ങൾ വിശദമായി ചർച്ച ചെയ്യുകയും വേണം.

ഏതെങ്കിലുമൊരു ഫോക് ലോർ ജനുസ്സിന്റെ ശേഖരണവും അതിനെ മുൻനിർത്തിയുള്ള അപഗ്രഥ നവും സെമിനാറിനായി നിർദ്ദേശിക്കാം. ശേഖരണത്തിലും വിശകലനത്തിലും രീതിശാസ്ത്രഭദ്രത ഉറപ്പുവരു ത്തണം.

### മൊഡ്യൂൾ ഒന്ന്

ഫോക് ലോർ എന്ന വിജ്ഞാനശാഖയുടെ ആവിർഭാവത്തിനു നിമിത്തമായ ചരിത്രപശ്ചാത്തലം - ഫോക് ലോർ എന്ന പദത്തിന്റെ രൂപവൽകരണം.

ഫോക് ലോർ നിർവചനങ്ങൾ: റിച്ചാർഡ് എം. ഡോർസൻ, അലൻ ഡൻഡിസ്, റിച്ചാർഡ് ബോമൻ, ഡാൻബെൻ അമോസ്.

വിവിധ സിദ്ധാന്തങ്ങൾ: ചരിത്രപരവും ഭൂമിശാസ്ത്രപരവുമായ സമീപനം, ഇന്ത്യനിസ്റ്റിക് സിദ്ധാന്തം, സൗരപുരാവൃത്തസിദ്ധാന്തം, അനുഷ്ഠാനസിദ്ധാന്തം, വ്യാപനസിദ്ധാന്തം, പരിണാമസിദ്ധാന്തം, ഘടനാവിശ കലനം, മനഃശാസ്ത്രസമീപനം.

ഫോക് ലോറും ഇതര വിജ്ഞാനശാഖകളും: നരവംശശാസ്ത്രം, മനോവിജ്ഞാനീയം, ഭാഷാശാസ്ത്രം.

ഫോക് ലോർ ശേഖരണം, പാഠവൽകരണം, വർഗീകരണം, സംരക്ഷണം.

ഫോക് ലോറും സംസ്കാരപഠനവും.

### മൊഡ്യൂൾ രണ്ട്

ജനുസ്സ് എന്ന സങ്കല്പനം: Etic സമീപനം, Emic സമീപനം.

വാമൊഴിവഴക്കം: നാടൻ പാട്ടുകൾ, തൊഴിൽപ്പാട്ടുകൾ, കുട്ടികളുടെ പാട്ടുകൾ, കളമെഴുത്തുപാട്ടുകൾ, ചാറ്റുപാട്ടുകൾ. (പാട്ടുകളെ അവയുടെ ജനുസ്സിന്റെ അടിസ്ഥാനത്തിൽ വർഗീകരിച്ച് പഠിക്കണം)

കഥാഗാനങ്ങൾ: വടക്കൻ, ഇടനാടൻ, തെക്കൻപാട്ടുകൾ. (പാട്ടുകളുടെ അവതരണസാഹചര്യങ്ങൾ പരിഗണിച്ച് മനസ്സിലാക്കണം)

നാടൻ കഥകൾ: കുട്ടികളുടെ കഥകൾ, ജന്തുകഥകൾ, ഫലിതകഥകൾ.

**മൊഡ്യൂൾ മൂന്ന്**

ഐതിഹ്യം: വിവിധ മാതൃകകൾ, അവ നിർവഹിക്കുന്ന ധർമ്മങ്ങൾ, പ്രതിഫലിക്കുന്ന ലോകബോധം.

പുരാവൃത്തം: വിവിധ മാതൃകകൾ, ഘടനയും ധർമവും, ലോകബോധം.

പഴഞ്ചൊല്ലുകൾ: സന്ദർഭം, ഘടന, ലോകബോധം.

കടങ്കഥകൾ: വിവിധ മാതൃകകൾ, ഘടന, ധർമം.

പാഠവൽകരണപ്രശ്നങ്ങൾ; ലാറി ഹോങ്കോയുടെ നിരീക്ഷണങ്ങൾ.

**മൊഡ്യൂൾ നാല്**

അനുഷ്ഠാനങ്ങൾ, ആചാരങ്ങൾ, സംസ്കാരക്രിയകൾ.

വിശ്വാസങ്ങൾ, ഉർവരതാനുഷ്ഠാനങ്ങളും അവയിലുണ്ടായിരിക്കുന്ന പരിണാമങ്ങളും.

നാടൻ മതബോധത്തിന്റെ സവിശേഷത, തിരുനാളുകൾ, ഉത്സവങ്ങൾ. (സമകാലികമായി ഇവയെക്കുറിച്ചുണ്ടാകുന്ന സങ്കല്പങ്ങളും അവയുടെ നിർവഹണങ്ങളും വിശകലനവിധേയമാക്കണം)

തെയ്യം, മുടിയേറ്റ്, തീയാട്ട്, പടയണി, മയിൽപ്പീലിത്തൂക്കം, ഗരുഡൻ തൂക്കം തുടങ്ങിയ അനുഷ്ഠാനകലകൾ.

നാടോടിവിനോദനാടകങ്ങൾ: കാക്കാരിശ്ശി, പൊറാട്ട്.

**മൊഡ്യൂൾ അഞ്ച്**

ഫോക് ലോർ പഠനത്തിന്റെ വർത്തമാനം – ഫോക് ലോറിസം, പ്രയുക്ത ഫോക് ലോർ, മെറ്റാ ഫോക് ലോർ, പബ്ലിക് ഫോക് ലോർ.

ടൂറിസവും ഫോക് ലോറും, അർബൻ ഫോക് ലോർ, സ്ലം ലോർ, ഫോക് ലോറിൽനിന്ന് ലിഖിത സാഹിത്യത്തിലേക്കും അവിടെനിന്ന് ഫോക് ലോറിലേക്കുമുള്ള പരിണാമം.

ഫോക് ലോറും സാഹിത്യവും - ഫോക് ലോറും സിനിമയും (മാതൃകകളെ മുൻനിർത്തിയുള്ള പഠനം) - ഇടശ്ശേരിയുടെ പൂതപ്പാട്ട് (കവിത) പ്രിയനന്ദനന്റെ പുലിജന്മം (സിനിമ) എന്നിവ മാതൃകയാക്കണം.

**സഹായകഗ്രന്ഥങ്ങൾ**


1. രാഘവൻ പയ്യനാട് - *ഫോക്‌ലോർ*
2. രാഘവൻ പയ്യനാട് - *ഫോക്‌ലോർ: സങ്കേതങ്ങൾ, സങ്കൽപനങ്ങൾ*
3. രാഘവൻ പയ്യനാട് (എഡി.) - *കേരള ഫോക്‌ലോർ*
4. എം.വി. വിഷ്ണുനമ്പൂതിരി - *നാടോടിവിജ്ഞാനീയം*
5. എൻ. ഭക്തവത്സല റെഡ്ഡി (എഡി.) - *ഫോക്‌ലോർ പഠനം: സിദ്ധാന്തതലം*

6. സോമൻ കടലൂർ - *ഫോക്‌ലോറും സാഹിത്യവും*
7. മുഹമ്മദ് അഹമ്മദ് - *മാപ്പിളഫോക്‌ലോർ*
8. എം.വി. വിഷ്ണുനമ്പൂതിരി - *ജനസംസ്കാരപഠനവും ഫോക്‌ലോറും*
9. എം.വി. വിഷ്ണുനമ്പൂതിരി - *കടങ്കഥകൾ: ഒരു പഠനം*
10. എം.വി. വിഷ്ണുനമ്പൂതിരി - *കേരളത്തിലെ നാടോടിവിജ്ഞാനീയത്തിനൊരു ആമുഖം*
11. എം.വി. വിഷ്ണുനമ്പൂതിരി - *പുരാവൃത്തപഠനം*
12. എം.വി. വിഷ്ണുനമ്പൂതിരി - *നാടൻ കലകളും വിനോദങ്ങളും*
13. എം.വി. വിഷ്ണുനമ്പൂതിരി - *നമ്മുടെ പണ്ടത്തെ പാട്ടുകൾ*
14. എം.വി. വിഷ്ണുനമ്പൂതിരി - *നാട്ടറിവും നാമപഠനവും*
15. എൻ. അജിത് കുമാർ - *മലയാളിയുടെ നാടോടിവഴക്കങ്ങൾ*
16. സോമൻ കടലൂർ - *ഫോക്‌ലോറിനൊരു സൗന്ദര്യശാസ്ത്രം*
17. ഉമർ തറമേൽ - *ഇശലുകളുടെ ഉദ്യാനം*
18. സജനീവ് ഇത്തിത്താനം - *മയിൽപ്പീലിത്തൂക്കം: താളപ്പെരുമയുടെ കല*
19. കുമാരൻ വയലേരി - *ആദിവാസി പുരാവൃത്തം*
20. ഇ. ഉണ്ണികൃഷ്ണൻ - *കേരളത്തിലെ നാട്ടുവൈദ്യം*
21. അജു കെ. നാരായണൻ - *ബുദ്ധമതപാരമ്പര്യം നാട്ടറിവുകളിലൂടെ*
22. സി.ആർ. രാജഗോപാലൻ - *ഫോക്‌ലോർ സിദ്ധാന്തങ്ങൾ*
23. സി.ആർ. രാജഗോപാലൻ (ജന. എഡി.) - *നാടോടി വർണലോകം*
24. എ.കെ. നമ്പ്യാർ - *കേരളത്തിലെ നാടൻകലകൾ*
25. എ.കെ. നമ്പ്യാർ - *വടക്കൻ പെരുമ: ഫോക്‌ലോറും പ്രാദേശികചരിത്രവും*
26. കെ.എം. അനിൽ - *ഫോക്‌ലോർ: ജനുസ്സ്, സിദ്ധാന്തം, രാഷ്ട്രീയം*
27. എൻ. അജിത് കുമാർ - *പ്രകടനഗാനങ്ങളുടെ ആഖ്യാനസൗന്ദര്യശാസ്ത്രം*
28. എം.ഐ. പുന്നൂസ് (എഡി.) - *വംശീയത: വിചാരവും വീക്ഷണവും*
29. Alan Dundes - *The Study of Folklore*, Prentice Hall, New Jersey
30. Alan Dundes (Ed.) - *International Folkloristics: Classic Contributions by the Founders of Folklore: Classic Essays by the Founders of Folklore*, Rowman and Littlefield Publishers
31. Richard M. Dorsan - *Folklore and Folklife*, Chicago University Press
32. Lawri Honko - *Tradition and Cultural Identity*, Indiana University
33. Walter J. Ong - *Orality and Literature*, Routledge
34. Alan Dundes - *Essays in Folklore: Theory and Method* Madras, Cre


Est. in 1921
THE TRUTH SHALL MAKE YOU FREE

**UCML 810402 ഗദ്യസാഹിത്യമാതൃകകൾ**

**സമയം: 90 മണിക്കൂർ**

**ക്രെഡിറ്റ്: 3**

**ആമുഖം**

മലയാളഗദ്യസാഹിത്യത്തിലെ വ്യത്യസ്തമാതൃകകൾ പരിചയപ്പെട്ടുകൊണ്ട് ഗദ്യത്തിന്റെ വളർച്ചയും അനുക്രമമായ വികാസവും മനസ്സിലാക്കുക, ഭാഷയുടെ വ്യത്യസ്ത വിനിമയസാധ്യതകളും അവയുടെ സൗന്ദര്യതലവും തിരിച്ചറിയുക, ഗദ്യസാഹിത്യകൃതികളെ സമൂഹത്തിന്റെ സാംസ്കാരികപ്രതിനിധാനമെന്ന നിലയിൽ പഠിക്കുക, ഗദ്യഭാഷയ്ക്കു സംഭവിക്കുന്ന ദിശാവ്യതിയാനം തിരിച്ചറിയുക എന്നിവയാണ് ഈ കോഴ്സിന്റെ ലക്ഷ്യങ്ങൾ.

**മൊഡ്യൂൾ ഒന്ന്**

ഭാഷാഗദ്യത്തിന്റെ വികാസഘട്ടം - ശാസനങ്ങളിൽ പ്രതിഫലിക്കുന്ന ഭാഷ, രൂപപരമായ സവിശേഷതകൾ, ലിപിവ്യവസ്ഥ, വർണമാല, പദകോശം എന്നിവയിലെ പ്രത്യേകതകൾ - ഭാഷാകൗടലീയം - ഭാഷാപരവും സാഹിത്യപരവുമായ പ്രത്യേകതകൾ - പ്രാചീനഗദ്യമാതൃകകൾ, അവ രൂപപ്പെട്ട സാംസ്കാരിക-രാഷ്ട്രീയസാഹചര്യങ്ങളെപ്പറ്റിയുള്ള സാമാന്യപഠനം - ഉള്ളടക്കം, ഭാഷ - കൂത്ത്, കൂടിയാട്ടം എന്നിവ ഗദ്യ ത്തിന്റെ വികാസത്തിൽ ചെലുത്തിയ സ്വാധീനം - ആട്ടപ്രകാരം, ക്രമദീപിക എന്നിവയിലെ ഭാഷയുടെ സ്വഭാവം - പ്രാചീനവൈജ്ഞാനികസാഹിത്യമാതൃകകൾ - തച്ചുശാസ്ത്രം, ഗണിതം, വൈദ്യം, ജ്യോതിഷം മുത ലായവ - മലയാളഭാഷയിലെ സംസ്കൃതസ്വാധീനം.

**വിശദപഠനം**

1. ജൂതശാസനം - കേരളചരിത്രത്തിന്റെ അടിസ്ഥാനരേഖകൾ - ഡോ. പുതുശ്ശേരി രാമചന്ദ്രൻ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് തിരുവനന്തപുരം.
2. ഭാഷാകൗടലീയം - പ്രഥമാധികരണം - വിനയാധികാരികത്തിൽ 'ഇന്ദ്രിയജയഃ - അരിഷഡ്വർഗത്യാഗഃ' (പ്രകരണം മൂന്ന്) – കെ. സാംബശിവശാസ്ത്രി, വി. രാമസ്വാമി ശാസ്ത്രി (എഡി.) കേരള സർവ കലാശാല പ്രസിദ്ധീകരണം, തിരുവനന്തപുരം.
3. ആട്ടപ്രകാരം - അംഗുലീയാങ്കം - പ്രാചീനഭാഷാഗദ്യമാതൃകകൾ - ഡോ. എം.എം. പുരുഷോത്തമൻ നായർ, കാലിക്കറ്റ് യൂണിവേഴ്സിറ്റി
4. തച്ചുശാസ്ത്രം ഭാഷ (ഗദ്യം) - എസ്. ബാലകൃഷ്ണനാശാരി (എഡി.), കേരള സർവകലാശാല ഓറിയന്റൽ ഇൻസ്റ്റിറ്റ്യൂട്ട് ആൻഡ് മാനുസ്ക്രിപ്റ്റ് ലൈബ്രറി - 'ദേവകളുടെ നിറം' എന്ന ഭാഗം 'മുഖ്യൻ ധൂമ്രഫല്ലാടൻ ചുവന്നു...' എന്നതുമുതൽ 'വീരഭദ്രൻ വെളുത്തു' എന്നതുവരെ).

**മൊഡ്യൂൾ രണ്ട്**

മിഷണറിമാരും മലയാളഗദ്യഭാഷയുടെ വികാസവും - ഭാഷാവ്യവഹാരത്തിലെ മുഖ്യധാരയായി ഗദ്യരചന രൂപപ്പെടുന്നു - ഉദയംപേരൂർ സൂനഹദോസിന്റെ കാനോനകൾ - മിഷനറി ഗദ്യകൃതികളിലെ കേരളീയ ഭൂമിക - പുതിയ ആശയാവലികൾ മലയാളത്തിന്റെ ചിട്ടകളിൽ ഉണ്ടാക്കിയ മാറ്റം - വേദോപദേശമാതൃക - പരകീയപദങ്ങൾ - ഉള്ളടക്കത്തിലും ആഖ്യാനമാതൃകകളിലും ഭാഷാശൈലിയിലുമുള്ള പാശ്ചാത്യസമ്പർക്കം - ഗദ്യവികാസത്തിൽ വിവർത്തനങ്ങൾക്കുള്ള പങ്ക് (ഇംഗ്ലീഷിൽനിന്നും ഇന്ത്യൻ ഭാഷകളിൽനിന്നും) - യാത്രാ വിവരണം എന്ന ഗദ്യശാഖയുടെ പ്രാരംഭം -

ആദ്യകാല യാത്രാവിവരണകൃതികളിലെ ആഖ്യാനരീതി - പഴ ഞ്ചൊല്ലുകൾ - വാക്യഘടനയുടെ സവിശേഷതകൾ - മുദ്രണാലയങ്ങളിലൂടെയും ആദ്യകാല പത്രമാസികക ളിലൂടെയും മലയാളഗദ്യത്തിനുണ്ടായ അഭിവൃദ്ധി - രേഖാസഞ്ചയങ്ങൾക്കുള്ള പ്രാധാന്യം - രേഖകളിൽ പ്രതി ഫലിക്കുന്ന വ്യവഹാരഭാഷയുടെ സൗന്ദര്യം - തലശ്ശേരി രേഖകളുടെ സാമൂഹികപ്രസക്തി - വ്യത്യസ്ത വിഷയ ങ്ങൾ ആഖ്യാനം ചെയ്യുമ്പോൾ ഗദ്യഭാഷയിൽ സംഭവിക്കുന്ന പരുവപ്പെടലുകൾ.

**വിശദപഠനം**

1. വെള്ളയുടെ ചരിത്രം – 'പരദേശി ആരെന്ന്; അഗ്നിപ്രവേശകം' എന്ന ഖണ്ഡം മുതൽ 'പടിഞ്ഞാറെ കോവിലകംകാരുടെ പട' എന്ന ഖണ്ഡം വരെ (പുറം 77 - 80), വള്ളത്തോൾ വിദ്യാപീഠം
2. വർത്തമാനപ്പുസ്തകം - ബയ്യാ എന്ന തുറമുഖത്തെക്കുറിച്ചും അവിടെവെച്ചുണ്ടായ അനുഭവങ്ങളും - 28-ാംം പദം - പാറേമ്മാക്കൽ തോമാ കത്തനാർ
3. ആയിരത്തിരുനൂറ് പഴഞ്ചൊൽ (ആദ്യത്തെ അമ്പത് എണ്ണം), കേരളപ്പഴമ - ഗുണ്ടർട്ട്, എസ്.പി.സി. എസ്., കോട്ടയം.
4. കേരളീയസ്ത്രീകൾക്കൊരുപദേശം – ജെ. കുഞ്ഞുലക്ഷ്മി അമ്മ, സുധർമ മാസിക, 1903 മേടം, പുസ്തകം 01 ലക്കം 01 (ഗീതയുടെ *എഴുത്തമ്മമാർ* എന്ന ഗ്രന്ഥത്തിൽ അനുബന്ധമായി ചേർത്തിരിക്കുന്നു)
5. തലശ്ശേരി രേഖകൾ 87 C&D - ജോസഫ് സ്കറിയ (എഡി.), ഡി.സി. ബുക്സ്, കോട്ടയം.

**മൊഡ്യൂൾ മൂന്ന്**

ആധുനികഗദ്യത്തിന്റെ വികാസപരിണാമങ്ങൾ - പാഠപുസ്തകക്കമ്മറ്റി - ആദ്യകാല പാഠപുസ്തകങ്ങ ളിലെ ഉള്ളടക്കം - ആഖ്യാനരീതി - മലയാളത്തിലെ ഉപന്യാസരചനകളുടെ ആരംഭഘട്ടം - വിവിധതരം സമീ പനങ്ങൾ - ഉപന്യാസത്തിന്റെ ഘടന - ആവിഷ്കരണത്തിലെ വൈവിധ്യം - വൈജ്ഞാനികോപന്യാസം, രമ്യോപന്യാസം/ ഹാസ്യോപന്യാസം, നിരൂപണോപന്യാസം മുതലായവ - ഉപന്യാസസാഹിത്യത്തിന്റെ വളർച്ചയിൽ പത്രമാസികകൾക്കുള്ള പങ്ക് - പത്രമലയാളവും സാഹിത്യമലയാളവും - എഡിറ്റോറിയൽ മാതൃകകളും എഴുത്തുരീതിയും - മലയാളഭാഷയുടെ അഭിവൃദ്ധിയും വൈജ്ഞാനികവിഷയങ്ങളും.

**വിശദപഠനം**

1. സ്ത്രീകളുടെ വിദ്യാഭ്യാസത്തെക്കുറിച്ച് - കേരളവർമ വലിയകോയിത്തമ്പുരാൻ, വിജ്ഞാനമഞ്ജരി, ബി.വി. ബുക്ക് ഡിപ്പോ, തിരുവനന്തപുരം.
2. ചങ്ങലംപരണ്ട ഭരണമഹാമണ്ഡലം - സഞ്ജയൻ
3. ആനയും അല്പം തെലുങ്കും - എ.പി. ഉദയഭാനു
4. എഡിറ്റോറിയൽ മാതൃക - സ്വാതന്ത്ര്യദിനം (ആദ്യത്തെ അഞ്ച് ഖണ്ഡിക), മാതൃഭൂമി ദിനപത്രം, 1947 ആഗസ്റ്റ് 17
5. വെയിലിൽനിന്നും വിദ്യുച്ഛക്തി - എൻ.വി. കൃഷ്ണവാരിയർ (വിചിന്തനങ്ങൾ വിശദീകരണങ്ങൾ എന്ന സമാഹാരം)

**മൊഡ്യൂൾ നാല്**

ജീവചരിത്രം - ജീവചരിത്രപ്രസ്ഥാനത്തിന്റെ സവിശേഷതകൾ - സ്മരണകൾ - വ്യക്തിചിത്രങ്ങൾ - ആത്മകഥ - സ്വാനുഭവങ്ങളുടെ അവതരണം - ആഖ്യാനത്തിലും ഉള്ളടക്കത്തിലുമുള്ള പ്രത്യേകതകൾ - വ്യത്യ സ്തശൈലികൾ - ആത്മകഥകളിൽ പ്രതിഫലിക്കുന്ന സാമൂഹികവ്യവസ്ഥിതി - മലയാളത്തിലുണ്ടായ

Est. in 1921
THE TRUTH SHALL MAKE YOU FREE

ശ്രദ്ധേയ മായ ആത്മകഥകൾ - ആത്മകഥയും കേട്ടെഴുത്തും - കേട്ടെഴുത്താത്മകഥയുടെ രചനയെ സ്വാധീനിക്കാവുന്ന ഘടകങ്ങൾ - ആത്മകഥാസാഹിത്യം; വളർച്ചയുടെ പുതുവഴികൾ - കത്തുസാഹിത്യം - കത്തുസാഹിത്യത്തിന്റെ സൗന്ദര്യതലം - യാത്രാനുഭവാഖ്യാനങ്ങളുടെ പുതുകാലസമീപനങ്ങൾ - വിവരണങ്ങളിലെ ദൃശ്യപരത.

**വിശദപഠനം**

1. നാരായണഗുരുസ്വാമി, ഒന്നാം ഭാഗം, പതിനാലാം അധ്യായം ('ഒരു വലിയ മുഹൂർത്തത്തിന്റെ പശ്ചാ ത്തലം') - എം.കെ. സാനു
2. അപ്പത്ത് അടീരിയുടെ ആത്മകഥ, ഗ്രന്ഥാരംഭം മുതൽ 'വാരം മുടക്കി' എന്ന ഭാഗം വരെ (പുറം 29 - 38) വള്ളത്തോൾ വിദ്യാപീഠം, ശുകപുരം.
3. ബഷീർ എഴുതിയ കത്തുകൾ, ലളിതാംബിക അന്തർജനത്തിന് എഴുതിയത്, സമ്പാ. പോൾ മണ ലിൽ
4. ജീവിതത്തിന്റെ അരങ്ങ് - നിലമ്പൂർ ആയിഷ
5. 'മലമുകളിലെ റെഡ്ഡികൾ' എന്ന ഭാഗം - രവീന്ദ്രൻ - അകലങ്ങളിലെ മനുഷ്യർ എന്ന ഗ്രന്ഥത്തിൽ നിന്ന്

Est. in 1921

**മൊഡ്യൂൾ അഞ്ച്**

മലയാളഗദ്യത്തിന്റെ വർത്തമാനം - ഭാഷയുടെ ബഹുമുഖത്വം - അനുഭവക്കുറിപ്പുകളും അഭിമുഖസംഭാഷണങ്ങളും - സ്പോർട്സ് മലയാളം - ദേശചരിത്രത്തിന്റെ വേറിട്ട ആഖ്യാനരീതി - ഭാഷാതലവും സൗന്ദര്യതലവും - ബ്ലോഗെഴുത്ത് - ബ്ലോഗുകളുടെ ആരംഭവും ചരിത്രവും - ബ്ലോഗ് ഭാഷാശൈലികൾ - തിരമൊഴി - മലയാളം വിക്കിപീഡിയ - വിക്കി ഗ്രന്ഥശാല - സൈബർ മലയാളം - ഇ-വായന - നവമാധ്യമങ്ങളും ഭാഷയും.

**വിശദപഠനം**

1. റെഡ് സോൺ - എം.പി. സുരേന്ദ്രൻ - കളിയും കാട്ടും കാനറിയും (ഒന്നാം അധ്യായം)
2. തക്കിജ്ജ എന്റെ ജയിൽജീവിതം - ജയചന്ദ്രൻ മൊകേരി - ആദ്യത്തെ നാലധ്യായങ്ങൾ
3. വി.കെ. ശ്രീരാമന്റെ മാട്ട് എന്ന പുസ്തകത്തിലെ അതേ പേരിലുള്ള ലേഖനം
4. ബ്ലോഗെഴുത്ത് - സാമൂഹികമാധ്യമങ്ങളും മലയാളവും, ജനുവരി 21-2015 (http://www.blogbhoomi.in/2015/01/blog-post21html?m=1) - വി.കെ. ആദർശ്
5. പച്ചമുറിവാണ് ഉണങ്ങലും കരിയലുമില്ല (അഭിമുഖം) - അഷിത/ ശിഹാബ്ദീൻ പൊയ്ത്തുംകടവ് - മാതൃഭൂമി ആഴ്ചപ്പതിപ്പ്, 2018 ഡിസംബർ 16-22

**സഹായകഗ്രന്ഥങ്ങൾ**


1. പുതുശ്ശേരി രാമചന്ദ്രൻ - *കേരളചരിത്രത്തിന്റെ അടിസ്ഥാനരേഖകൾ*
2. ടി. പവിത്രൻ - *ഭാഷാകൌടലീയം: പാഠവും പഠനവും*
3. കെ. സാംബശിവശാസ്ത്രി, വി. രാമസ്വാമിശാസ്ത്രി (എഡി.) - *ഭാഷാകൗടലീയം*
4. സാമുവൽ ചന്ദനപ്പള്ളി - *മിഷനറി മലയാളഗദ്യകൃതികൾ*
5. എസ്.വി. വേണുഗോപൻ നായർ (എഡി.) - *മലയാളഭാഷാചരിത്രം*
6. ടി.എം. ചുമ്മാർ - *ഭാഷാഗദ്യസാഹിത്യചരിത്രം*
7. ശൂരനാട്ട് കുഞ്ഞൻപിള്ള (എഡി.) - *ആംഗലീയാങ്കം*

8. എം.എം. പുരുഷോത്തമൻ നായർ - *പ്രാചീനഭാഷാഗദ്യമാതൃകകൾ*
9. എസ്. ബാലകൃഷ്ണനാശാരി (എഡി.) - *തച്ചുശാസ്ത്രം ഭാഷ* (ഗദ്യം)
10. ഗുണ്ടർട്ട് - *കേരളപ്പഴമ*
11. പാറേമ്മാക്കൽ തോമാ കത്തനാർ - *വർത്തമാനപ്പുസ്തകം* (എഡി. - വെരി റവ. തോമസ് മുത്തേടൻ)
12. പാറേമ്മാക്കൽ തോമാ കത്തനാർ - *വർത്തമാനപ്പുസ്തകം അഥവാ റോമായാത്ര* (ആധുനിക ഭാഷാന്തരം, (എഡി.) മാത്യു ഉലകംതറ)
13. പാറേമ്മാക്കൽ ഗോവർണദോരച്ചൻ - *വർത്തമാനപ്പുസ്തകം*, അതിരമ്പുഴ.
14. ജോസഫ് സ്കറിയ (എഡി.) - *തലശ്ശേരി രേഖകൾ*
15. കേരളവർമ വലിയകോയിത്തമ്പുരാൻ - *വിജ്ഞാനമഞ്ജരി*
16. എം.ആർ. നായർ - *സഞ്ജയൻ*, വോള്യം ഒന്ന്
17. എ.പി. ഉദയഭാനു - *ആനയും അല്പം തെലുങ്കും*
18. എൻ.വി. കൃഷ്ണവാരിയർ - *വിചിന്തനങ്ങൾ വിശദീകരണങ്ങൾ*
19. എം.കെ. സാനു - *നാരായണഗുരുസ്വാമി*
20. പോൾ മണലിൽ (സമ്പാ.) - *ബഷീർ എഴുതിയ കത്തുകൾ*
*21.* നിലമ്പൂർ ആയിഷ - *ജീവിതത്തിന്റെ അരങ്ങ്*
22. രവീന്ദ്രൻ - *അകലങ്ങളിലെ മനുഷ്യർ*
23. എം.പി. സുരേന്ദ്രൻ - *റെഡ്സോൺ*
24. ജയചന്ദ്രൻ മൊകേരി - *തക്കിജ്ജ എന്റെ ജയിൽജീവിതം*
*25.* വി.കെ. ശ്രീരാമൻ - *മാട്ട്*
26. വി.കെ. ആദർശ് - *ബ്ലോഗെഴുത്ത്: സാമൂഹികമാധ്യമങ്ങളും മലയാളവും*, ജനുവരി 21-2015 (blogbhoomi.blogspot.in)
27. കെ.എം. ജോർജ് (ജന. എഡി.) - *സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ*
28. എസ്. ഗുപ്തൻ നായർ - *ഗദ്യം പിന്നിട്ട വഴികൾ*
29. ഗീത - *എഴുത്തമ്മമാർ*
30. സുനീത ടി.വി. - *സൈബർ മലയാളം*
31. സിബു എം. ഈപ്പൻ - *ഭാഷ: നവീനപഠനവഴികൾ*
32. അഷിത/ ശിഹാബ്ദീൻ പൊയ്ത്തുംകടവ് - അഭിമുഖസംഭാഷണം (അഭിമുഖം - 01, മാതൃഭൂമി ആഴ്ചപ്പതിപ്പ്, 2018 ഡിസംബർ 16-22, പുസ്തകം 96, ലക്കം 40)

Est. in 1921
THE TRUTH SHALL MAKE YOU FREE

## UCML 810403 പ്രാചീനസംഘസാഹിത്യം

**സമയം: 90 മണിക്കൂർ**

**ക്രഡിറ്റ്: 3**

**ആമുഖം**

ഇന്ത്യയിലെ ലിഖിതപാരമ്പര്യത്തിൽ പ്രാചീനതമിഴ് സാഹിത്യത്തിന് വലിയ പ്രാധാന്യമുണ്ട്. ദക്ഷിണേന്ത്യൻ സാംസ്കാരികചരിത്രത്തിൽ സംഘസാഹിത്യം എന്ന പേരിലാണ് ഇത് അറിയപ്പെടുന്നത്. കേരളത്തെയും മലയാളികളെയും സംബന്ധിച്ച് ഈ സാഹിത്യകൃതികൾ തമിഴ്-മലയാള പൊതുപൂർവികകാലത്തിന്റെ ശേഷിപ്പാണ്. ഈ കൃതികളുടെ സവിശേഷപഠനത്തിലൂടെ പ്രാചീനദ്രാവിഡ സാഹിത്യത്തിന്റെ ഭാഷാപരമായ പ്രത്യേകതകളെയും സൗന്ദര്യശാസ്ത്രത്തെയും കുറിച്ച് ധാരണകൾ സ്വരൂപിക്കാൻ സാധിക്കും. സംഘസാഹിത്യകൃതികളുടെ വിവർത്തനമാതൃകകൾ മലയാളത്തിൽ ഇന്ന് ലഭ്യമാണ്. ഈ പ്രാചീന തമിഴ് സാഹിത്യകൃതികളുടെ ഭാഷാഘടന, പദസമ്പത്ത്, വിഷയപരമായ പ്രത്യേകതകൾ, രൂപപരമായ വ്യത്യസ്തത, ആവിഷ്കാരഭംഗി എന്നിവ മനസ്സിലാക്കുക ഈ പഠനത്തിന്റെ ലക്ഷ്യമാണ്.

**മൊഡ്യൂൾ ഒന്ന്**

Est. in 1921

സംഘസാഹിത്യം: സാമാന്യപരിചയം - എട്ടുത്തൊകൈ, പത്തുപ്പാട്ട്, പതിനെൻകീഴ്ക്കണക്ക് - ഉള്ളടക്കം, കാവ്യഘടന എന്നിവയെക്കുറിച്ചുള്ള സാമാന്യജ്ഞാനം - കവികൾ - ഭരണകർത്താക്കൾ - വിവിധ ജന വിഭാഗങ്ങൾ - മതം, ആചാരം - സംഘസാഹിത്യത്തിൽ പരാമർശിക്കപ്പെടുന്ന കേരളദേശങ്ങൾ - വിശാലത മിഴകം - ചരിത്രം, സംസ്കാരം, കലാരൂപങ്ങൾ, അനുഷ്ഠാനം, വീരാരാധന, ഗോത്രജീവിതം.

**വിശദപഠനം**

1. അവതാരിക, അകനാനൂറ് - വി.ആർ. പരമേശ്വരൻ പിള്ള, കേരള സാഹിത്യ അക്കാദമി
2. അവതാരിക, അകം കവിതകൾ - എൻ.വി. കൃഷ്ണവാരിയർ, കേരള സാഹിത്യ അക്കാദമി
3. പുറനാനൂറ് പാട്ട്-278 – കാക്കൈപാടിനിയാർ നച്ചെള്ളൈയാർ പാടിയത്, വി.ആർ. പരമേശ്വരൻ പിള്ള (വിവ.) കേരള സാഹിത്യ അക്കാദമി

THE TRUTH SHALL MAKE YOU FREE

**മൊഡ്യൂൾ രണ്ട്**

കാവ്യവിഭജനം - വിഷയപരമായ പ്രത്യേകതകൾ - അകം, പുറം സങ്കൽപനങ്ങൾ - പദ്യരൂപങ്ങൾ - അകവൽ, കലിപ്പാ, പരിപാടൽ, വെൺപാ - ചെറുകവിതകൾ - ആറ്റുപ്പടൈകൾ/ ദീർഘകാവ്യങ്ങൾ - പദ്യഗദ്യസമ്മിശ്രകാവ്യങ്ങൾ - കാവ്യാഖ്യാനവും തിണകളും - അകനാനൂറ് - പുറനാനൂറ് - പ്രേമഗാനങ്ങൾ - വീരാപദാനങ്ങൾ - അനുഷ്ഠാനങ്ങൾ - സംഗീതം, നൃത്തം, ഭക്ഷണവൈവിധ്യം.

1. അകനാനൂറ് 11-ാം പാട്ട്, (തിണ പാലൈ) - ഔവയാർ, നെന്മാറ വിശ്വനാഥൻ നായർ (വിവ.), കേരള സാഹിത്യ അക്കാദമി
2. കുറിഞ്ഞിപ്പാട്ട് - കപിലർ, പത്തുപ്പാട്ട്, മേലങ്ങത്ത് നാരായണൻകുട്ടി (വിവ.), കേരള സാഹിത്യ അക്കാദമി

**മൊഡ്യൂൾ മൂന്ന്**

ഐപ്പെരുംകാവ്യങ്ങൾ - ചിലപ്പതികാരം, മണിമേഖല - ഉള്ളടക്കം - ഗ്രന്ഥകർത്താക്കൾ - സാമൂഹികപശ്ചാത്തലം - നായികാനായകന്മാർ - ആഖ്യാനപരമായ സവിശേഷതകൾ - അധ്യായവിഭജനം - മതസാമൂഹികസാംസ്കാരികജീവിതത്തിലെ വ്യത്യസ്ത അടരുകൾ - കച്ചവടം, കല, കൂട്ടുജീവിതം, അധികാരവ്യവസ്ഥ - രാജാപദാനപരമല്ലാത്ത കാവ്യധാര.

1. ചിലപ്പതികാരം മധുരക്കാണ്ഡം, ക്രോധോദ്രേകം (വഞ്ചിനമാലൈ) എന്ന ഭാഗം (പുറം 459-467) നെന്മാറ വിശ്വനാഥൻ നായർ (വ്യാഖ്യാ.) കേരള സാഹിത്യ അക്കാദമി.

**മൊഡ്യൂൾ നാല്**

പതിറ്റുപത്ത് - ദേശചരിത്രം - രാജകീർത്തി - ഭരണവ്യവസ്ഥ - ദായക്രമം, കുടുംബവ്യവസ്ഥ - വിദ്യാഭ്യാസം - ധാർമികകാവ്യങ്ങൾ - തിരുക്കുറൾ

1. പതിറ്റുപ്പത്ത് - അഞ്ചാം പത്ത് (ചേരൻ ചെങ്കുട്ടവനെക്കുറിച്ച് പരണർ പാടിയ ആദ്യത്തെ രണ്ട് പാട്ടുകൾ) ജി. വൈദ്യനാഥ അയ്യർ (വിവ.) കേരള സാഹിത്യ അക്കാദമി
2. തിരുക്കുറൾ (അറത്തുപ്പാൽ - അധ്യായം 2 - വാൻ ചിറപ്പ് (മാരി മഹത്വം) കെ.ജി. ചന്ദ്രശേഖരൻ നായർ (വ്യാഖ്യാ.), ഡി.സി. ബുക്സ്, കോട്ടയം.

**മൊഡ്യൂൾ അഞ്ച്**

സാഹിത്യസൗന്ദര്യശാസ്ത്രം - തിണസങ്കല്പം - അർഥം, വ്യാപ്തി, മനുഷ്യർ, ദേവത, ഭൂപ്രകൃതി, കാലാവസ്ഥ, പക്ഷിമൃഗാദികൾ, പുഷ്പങ്ങൾ - സാകല്യത്തിന്റെ സാക്ഷീകരണമായ തിണവ്യവഹാരം - തിണസാഹി ത്യവ്യവഹാരമെന്ന നിലയിൽ - ഏഴ് അകത്തിണ, ഏഴ് പുറത്തിണ - ആഖ്യാനം - ഭാഷാപരമായ പ്രത്യേക തകൾ - കാവ്യരസം.

1. തൊൽക്കാപ്പിയം - പൊരുളതികാരം - അകത്തിണൈ ഇയൽ, എം. ഇളയ പെരുമാൾ, പുലവർ എസ്.ജി. സുബ്രഹ്മണ്യപിള്ള (വ്യാഖ്യാ.), എൻ.ബി.എസ്., കോട്ടയം.
2. ഇന്ത്യൻ സാഹിത്യസിദ്ധാന്തം: പ്രസക്തിയും സാധ്യതയും - 10, 11, 12 അധ്യായങ്ങൾ - അയ്യപ്പപ്പ ണിക്കർ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്

**സഹായകഗ്രന്ഥങ്ങൾ**


1. മു. വരദരാജൻ (വിവ.) മേലങ്ങത്ത് നാരായണൻകുട്ടി - *തമിഴ് സാഹിത്യചരിത്രം*
2. ടി.പി. മീനാക്ഷീസുന്ദരൻ - *തമിഴ് സാഹിത്യചരിത്രം*, മൃദുല വാസന്തി (വിവ.)
3. എൻ.വി. കൃഷ്ണവാരിയർ (വിവ.) - *അകം കവിതകൾ*
4. ആർ. ഗോപിനാഥൻ - *മലയാളഭാഷ തൊൽകാപ്പിയത്തിൽ*
5. കവിയൂർ മുരളി - *പുറനാനൂറ് ഒരു പഠനം*
6. കെ. ഉണ്ണിക്കിടാവ് - *സംഘകാലകൃതികളുടെ തമിഴ് സംസ്കാരം*
7. ജേക്കബ് നായത്തോട് - *സംഘകാലത്തെ ജനജീവിതം*
8. മേലങ്ങത്ത് നാരായണൻകുട്ടി - *സംഘകാലസാഹിത്യചരിത്രം*
9. ഇളംകുളം കുഞ്ഞൻപിള്ള - *കേരളം അഞ്ചും ആറും നൂറ്റാണ്ടുകളിൽ*
10. മേലങ്ങത്ത് നാരായണൻകുട്ടി (വിവ.) - *പത്തുപ്പാട്ട്*

11. നെന്മാറ പി. വിശ്വനാഥൻ നായർ (വിവ.) - *അകനാനൂറ്*
12. നെന്മാറ പി. വിശ്വനാഥൻ നായർ (വിവ.) - *ചിലപ്പതികാരം*
13. ജി. വൈദ്യനാഥ അയ്യർ - *പതിറ്റുപ്പത്ത്*
14. കെ.ജി. ചന്ദ്രശേഖരൻ നായർ (വിവ.) - *തിരുക്കുറൾ*, ഡി.സി. ബുക്സ്, കോട്ടയം.
15. അയ്യപ്പപ്പണിക്കർ - *ഇന്ത്യൻ സാഹിത്യ സിദ്ധാന്തം: പ്രസക്തിയും സാധ്യതയും*
16. എം. വരദരാജൻ - *ഇളങ്കോ അടികൾ*
17. എം.ജി.എസ്. നാരായണൻ - *ചിലപ്പതികാരം: ഒരു കേരളീയ ജൈനഭിക്ഷുവിൻ്റെ മഹാകാവ്യം*
18. എസ്. കെളമാരീസ്വരി (എഡി.) - *പതിനെൺകീഴ്ക്കണക്ക് നൂൽകൾ* (തമിഴ്)
19. A.K. Ramanujan - *Poems of Love and War: From the Eight Anthologies and Ten Long Poems of Classical Tamil*
20. A.K. Ramanujan - *The Interior Landscape: Love Poems from a Classical Anthology*
21. K. Kailasapathi - *Tamil Heroic Poetry*
22. Takannobu Takahashi - *Tamil Love Poetry and Poetics*
23. S. Vaiyapuri Pillai - *History of Tamil Language and Literature*
24. George L. Hart - *The Poems of Ancient Tamil: Their Mileu and Their Sanskrit Counterparts*
25. P. Maruthanayakam and Others (Ed.) - *The Earliest Complete Grammar Studies in Tolkappiyam*
26. M. Shanmugham Pillai, P. Thiagarajan (Ed.) - *Paripatal*

Est. in 1921
THE TRUTH SHALL MAKE YOU FREE

**Model Question Paper**

**യൂ.സി.കോളേജ്, ആലുവ**

**പി.ജി മലയാളം പ്രോഗ്രാം**

**UCML 010101 കവിത: പ്രാചീനം മധ്യകാലം**

**Time: 3 Hrs.** **Weight: 30**

**I എട്ടു ചോദ്യത്തിന് ഓരോ പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

1. കാർഷികസമൃദ്ധിയുടെ ചിത്രങ്ങൾ കോകസന്ദേശത്തിൽ ധാരാളമുണ്ട് - വിശദമാക്കുക.
2. ഉൽപ്രേക്ഷയോട് കൃഷ്ണഗാഥാകാരനുള്ള താല്പര്യം ഉദാഹരണം മുൻനിർത്തി വിശദീകരിക്കുക.
3. രാമചരിതത്തിലെ ഭാഷാമിശ്രണസ്വഭാവം വിശദീകരിക്കുക.
4. ഉണ്ണിയാടീചരിതത്തിലെ ഭാഷാമിശ്രണസ്വഭാവം വ്യക്തമാക്കുക.
5. “കാലചക്രഭ്രമം പാർത്തുകണ്ടാലൊരു
   കാലവും ദുഃഖിപ്പതിനില്ല കാരണം” - സന്ദർഭവും സൂചിതവും വിശദമാക്കുക.
6. “കളക ചോകം കൈക്കൊൾക കോപമിപ്പോൾ”- പറഞ്ഞതാര്? സന്ദർഭമെന്ത്?
7. ശാർങ്ഗിയുടെ പുരദ്വാരം പൂകിക്കപ്പെട്ട കുചേലന്റെ വൈകാരികാവസ്ഥയെ കവി എങ്ങനെ ചിത്രീക രിച്ചിരിക്കുന്നു?
8. “അലഘുജഘനഭാരം മന്ദമന്ദം വഹന്തി
   നളനെ വടിവിലാരാഞ്ഞങ്ങുമിങ്ങും ചരന്തീ
   ചലധൃതി ദമയന്തീ ഹന്ത കാന്തം സ്മരന്തീ
   വ്യലപദഥ കിരന്തീ ബാഷ്പധാരാം ശ്വസന്തീ”- രചനാസവിശേഷതകൾ വിശദീകരിക്കുക.
9. പദ്യരത്നത്തിലെ ലഘുകാവ്യങ്ങളുടെ പൊതുസവിശേഷതകൾ എന്തെല്ലാം?
10. വികാരതീവ്രമായ രംഗങ്ങൾ സൃഷ്ടിക്കാനുള്ള തെക്കൻപാട്ടുകവിയുടെ സാമർത്ഥ്യം ഇരവിക്കുട്ടിപ്പിള്ള പ്പോരിൽ പ്രകടമാണ്- പരിശോധിക്കുക.

**(8x1=8)**

**II ആറു ചോദ്യത്തിന് രണ്ടു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക .**

11. ചെറിയച്ചിയിലെ അലങ്കാരകൽപനകളുടെ പൊതുസ്വഭാവം വിശദീകരിക്കുക.
12. തിരുനിഴൽമാലയുടെ ഭാഷാപരമായ സവിശേഷതകൾ വിവരിക്കുക.
13. പൊട്ടൻതെയ്യംതോറ്റം അവതരിപ്പിക്കുന്ന ലോകബോധത്തിന്റെ സവിശേഷത എന്ത്?
14. കണ്ണശ്ശകൃതിയുടെ വാക്യഘടന(Poetic Syntax)യുടെ പൊതുസ്വഭാവത്തെപ്പറ്റി പുതുശ്ശേരി രാമച ന്ദ്രൻ നടത്തുന്ന നിരീക്ഷണങ്ങൾ സാധുവോ?
15. ഓമനത്തിങ്കൾക്കിടാവോ എന്നാരംഭിക്കുന്ന ഗാനത്തിന്റെ കൽപനാചാരുതയെ എങ്ങനെ വിലയി രുത്തുന്നു?
16. ഹരിനാമകീർത്തനത്തെ ഭക്തിപ്രസ്ഥാനത്തിന്റെ നയപ്രഖ്യാപനരേഖയായി കണക്കാക്കാം - പരി ശോധിക്കുക.
17. പുത്തൻപാനയുടെ 12-ാം പാദത്തെ ശ്രദ്ധേയമാക്കുന്ന ശൈലീസവിശേഷതകൾ വിവരിക്കുക.
18. പൂന്താനം കൃതികളുടെ രചനാസവിശേഷതകൾ വിശദീകരിക്കുക.

**(6x2=12)**

**III രണ്ടു ചോദ്യത്തിന് അഞ്ചു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക .**

19. സാഹിത്യപഠനത്തിനെന്നതുപോലെ സംസ്കാരപഠനത്തിനും ഉതകുന്ന വിലപ്പെട്ട രേഖകളാണ് പ്രാചീനമണിപ്രവാളകാവ്യങ്ങൾ - ചർച്ചചെയ്യുക.
20. രാമചരിതഭാഷയെക്കുറിച്ചുള്ള വ്യത്യസ്താഭിപ്രായങ്ങൾ പരിശോധിച്ച് സ്വാഭിപ്രായം സ്ഥാപിക്കുക.
21. ഘടനാപരമായ ഭദ്രതയും ശൈലീസൗഭാഗ്യവും ആശയപ്രകാശനശേഷിയുമാണ് എഴുത്തച്ഛൻ കൃതികളെ സാഹിത്യചരിത്രത്തിൽ അനന്യമാക്കുന്നത് - വിലയിരുത്തുക.
22. കേരളത്തിലെ വാമൊഴിവഴക്കപ്പാട്ടുകളുടെ ഘടനാസവിശേഷതകളും വൈവിധ്യവും ചർച്ച ചെയ്യുക.

**(2x5=10)**

## Model Question Paper
### യു.സി.കോളേജ്, ആലുവ
### പി.ജി മലയാളം പ്രോഗ്രാം .
### UCML 010102 മലയാളഭാഷ - ചരിത്രവും വർത്തമാനവും

**Time: 3 Hrs.** **Weight: 30**

**I എട്ടു ചോദ്യത്തിന് ഓരോ പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

1. എ.ആറിന്റെ അഭിപ്രായത്തിൽ കൊടുന്തതമിഴ് മലയാളമായി പരിണമിക്കാനുള്ള ബാഹ്യകാരണങ്ങൾ ഏവ?
2. ഭാഷാകൗടലീയത്തിന്റെ ഭാഷാസവിശേഷതകൾ വിശദമാക്കുക.
3. മിഷണറിമലയാളത്തിന്റെ ഭാഷാപരമായ സവിശേഷതകൾ പരിശോധിക്കുക.
4. അറബിമലയാളകൃതികളുടെ പൊതുസവിശേഷതകൾവിശദീകരിക്കുക.
5. മാനസികമായ അടിമത്തം എന്നതുകൊണ്ട് തായാട്ട് ശങ്കരൻ ഉദ്ദേശിക്കുന്നതെന്ത്?
6. എൻ.വി. കൃഷ്ണവാരിയരുടെ ഭാഷാനിലപാട് വിശദമാക്കുക.
7. മലയാളം മാതൃഭാഷയാക്കുന്നതിനുള്ള ആദ്യകാലശ്രമങ്ങൾ വിശദീകരിക്കുക.
8. എന്താണ് സൈബർ മലയാളം?
9. ഉന്നതവിദ്യാഭ്യാസരംഗത്ത് മാതൃഭാഷ ബോധനമാധ്യമമാകുന്നതിന്റെ പ്രസക്തി പരിശോധിക്കുക.
10. വാഹനമലയാളത്തിന്റെ സവിശേഷതകൾ പരിശോധിക്കുക.

**(8x1=8)**

**II ആറു ചോദ്യത്തിന് രണ്ടു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക .**

11. എ.ആറിന്റെ ഭാഷാനയങ്ങളെ വിമർശനാത്മകമായി വിലയിരുത്തുക.
12. കുന്തൽവാദത്തിലൂടെ ലീലാതിലകകാരൻ മുന്നോട്ട് വെയ്ക്കുന്ന ഭാഷാനിലപാടുകൾ ചർച്ച ചെയ്യുക.
13. കോടതിഭാഷ സംബന്ധിച്ച ജസ്റ്റിസ് നരേന്ദ്രൻ കമ്മീഷന്റെ നിരീക്ഷണങ്ങളും നിഗമനങ്ങളും വിശദമാ ക്കുക.
14. അധ്യയനമാധ്യമം മാതൃഭാഷയായിരിക്കണമെന്നതിന് ജോർജ് മാത്തൻ അവതരിപ്പിക്കുന്ന കാരണങ്ങൾ ഏവ?
15. ഖുർആൻ മലയാളത്തിൽ ഓതണമെന്ന് മക്തിതങ്ങൾ പറയുന്നതെന്തുകൊണ്ട്?

16. കോടതികളിൽ ഉപയോഗിക്കേണ്ടത് നാട്ടുകാരുടെ ഭാഷയായിരിക്കണമെന്നു പറയുന്നത് എന്തു കൊണ്ട്?
17. നവമാധ്യമങ്ങളുടെ സ്വാധീനഫലമായി മലയാളത്തിൽ സംഭവിച്ച ഭാഷാപരിണാമത്തിന്റെ സ്വഭാവ മെന്ത്?
18. മലയാളത്തിന്റെ സമകാലപ്രയോഗതലങ്ങളെ വിലയിരുത്തുക.

(6x2=12)

**III രണ്ടു ചോദ്യത്തിന് അഞ്ചു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക .**

19. മലയാളഭാഷയുടെ ഉല്പത്തിസിദ്ധാന്തങ്ങളെ വിമർശനാത്മകമായി വിലയിരുത്തുക.
20. മാതൃഭാഷയെ സംബന്ധിച്ച നവോത്ഥാനകാലചിന്തകൾ ചർച്ച ചെയ്യുക.
21. മലയാളത്തിന്റെ വർത്തമാനകാലാവസ്ഥയെ മുൻനിർത്തി മാതൃഭാഷയുടെ രാഷ്ട്രീയം ചർച്ച ചെയ്യുക.
22. മാതൃഭാഷയും സാംസ്കാരികവികാസവും തമ്മിലുള്ള ബന്ധം വിശദമാക്കി മലയാളത്തിന്റെ പരിമിതി കളും സാധ്യതകളും വിലയിരുത്തുക. **(2x5=10)**

**Model Question Paper**

**യു.സി.കോളേജ്, ആലുവ**

**പി.ജി മലയാളം പ്രോഗ്രാം**

**UCML 010103 മലയാളചെറുകഥ**

**Time:** 3 Hrs. **Weight:** 30

**I എട്ടു ചോദ്യത്തിന് ഓരോ പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

1. മലയാളത്തിലെ ആദ്യകാലചെറുകഥകളുടെ പൊതുപ്രത്യേകതകൾ എഴുതുക.
2. "എനിക്ക് നിന്നെപ്പോലെ അവനും" - ഈ വാക്യത്തിന്റെ വൈകാരികതലം പരിശോധിക്കുക.
3. സ്ത്രൈണലൈംഗികതയുടെ സാംസ്കാരികപാഠത്തെ തച്ചാട്ട് ദേവകിനേത്യാരമ്മ അവതരിപ്പിക്കുന്ന തെങ്ങനെ?
4. 'മലയാളിയുടെ ചോര' എന്ന കഥ പ്രവാസജീവിതാനുഭവത്തെ ആവിഷ്കരിക്കുന്നുണ്ടോ? പരിശോധി ക്കുക.
5. 'ശുക്കമരങ്ങൾ ഞങ്ങൾക്ക്' എന്ന കഥയുടെ രാഷ്ട്രീയപാഠം എന്താണ്?
6. 'ഓക്കിനാവയിലെ പതിവ്രതകൾ' എന്ന കഥയുടെ ആഖ്യാനപരമായ പ്രത്യേകതകൾ ഏവ?
7. 'പെൺബുദ്ധി' എന്ന കഥയുടെ സംവാദാത്മകതലം എന്താണ്?
8. ഇ. സന്തോഷ്കുമാറിൻ്റെ കഥാഖ്യാനത്തിന്റെ പ്രത്യേകതകൾ എഴുതുക.
9. ആദ്യകാല പത്രമാസികകൾ മലയാളചെറുകഥാസാഹിത്യത്തെ പരിപോഷിപ്പിച്ചതെങ്ങനെ?
10. 'ദീനാമ്മ' എന്ന കഥയെ അടിസ്ഥാനമാക്കി കേശവദേവിന്റെ കഥകൾക്ക് ഒരു ലഘുപഠനം തയ്യാറാ ക്കുക.

(8x1=8)

**II ആറു ചോദ്യത്തിന് രണ്ടു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

11. രാജലക്ഷ്മിയുടെ കഥാഖ്യാനത്തിന്റെ പ്രത്യേകതകൾ ക്രോഡീകരിക്കുക.
12. പ്രവാസാനുഭവങ്ങൾ മലയാളചെറുകഥയിൽ ആവിഷ്കരിച്ചിരിക്കുന്നതെങ്ങനെയെന്നു പഠിക്കുക.
13. എം.പി. നാരായണപിള്ള, വി.പി. ശിവകുമാർ എന്നിവരുടെ കഥകളുടെ വിഷയപരവും ആഖ്യാനപര വുമായ സവിശേഷതകൾ ഏവ?

14. 'ദൽഹി 1980' എന്ന കഥ ഏതെങ്കിലും ഒരു പ്രത്യേക കാലഘട്ടത്തെ മാത്രം പ്രതിനിധാനം ചെയ്യുന്ന കഥയല്ല - അഭിപ്രായം വിശദമാക്കുക.
15. 'ആയിരത്തിരണ്ടാമത്തെ രാവ്' എന്ന സൂചകത്തിന്റെ അർഥവിവക്ഷകൾ വ്യക്തമാക്കുക.
16. 'ഓർമകളുണ്ടായിരിക്കണം' എന്ന കഥയിലെ പെൺജീവിതത്തിൻ്റെ വിഹ്വലതകൾ ചർച്ച ചെയ്യുക .
17. 'പാതിരാതല്ല്'എന്ന കഥയിലെ കീഴാളജീവിതാനുഭവങ്ങൾ വിശദമാക്കുക.
18. മലയാളചെറുകഥയുടെ ആധുനികതയുടെ കാലത്ത് അതിന്റെ പൊതുമാതൃകയിൽനിന്ന് സക്കറിയ യുടെ കഥകൾ വ്യത്യസ്തമായതെങ്ങനെ?

**(6x2=12)**

**III രണ്ടു ചോദ്യത്തിന് അഞ്ചു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

19. മലയാളചെറുകഥയിലെ ആദിവാസി, ദളിത് കർതൃത്വത്തെക്കുറിച്ച് ഒരു പഠനം തയ്യാറാക്കുക.
20. സമകാലികമലയാളചെറുകഥ സ്വീകരിക്കുന്ന വിഷയപരവും ആഖ്യാനപരവുമായ പ്രത്യേകതകൾ വിശദമാക്കുക.
21. ആദ്യകാലമലയാളചെറുകഥകളെയും നവോത്ഥാനചെറുകഥകളെയും താരതമ്യപ്പെടുത്തുക.
22. സ്ത്രീയനുഭവകർതൃത്വത്തിന്റെ വ്യത്യസ്തമാതൃകകൾകൊണ്ട് സജീവമാണ് മലയാളചെറുകഥയെന്ന അഭിപ്രായം വിലയിരുത്തുക. **(2x5=10)**

Est. in 1921

**Model Question Paper**

**യൂ.സി.കോളേജ്, ആലുവ**

**പി.ജി മലയാളം പ്രോഗ്രാം**

**UCML 010104 സാഹിത്യരചനാസങ്കേതങ്ങൾ**

**Time: 3 Hrs.** **Weight: 30**

**I എട്ടു ചോദ്യത്തിന് ഓരോ പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

1. ഹൈക്കുവിന്റെ രൂപപരമായ സവിശേഷതകൾ എന്തെല്ലാം?
2. സിംബലും ഇമേജും തമ്മിലുള്ള വ്യത്യാസമെന്ത്? ഉദാഹരണസഹിതം വ്യക്തമാക്കുക.
3. വസ്തുപ്രതിവസ്തുഭാവം, ബിംബപ്രതിബിംബഭാവം എന്നിവയുടെ സാമ്യവ്യത്യാസങ്ങളെന്തെല്ലാം?
4. കുറിപ്പെഴുതുക - എൻജാംബ്മെന്റ്.
5. ഫാബുല, സ്യൂഷേ എന്നീ സങ്കല്പനങ്ങൾ നിർവചിച്ച് ഉദാഹരിക്കുക.
6. ഹേതു/ കാര്യം എന്ന ദ്വന്ദ്വമുപയോഗിച്ച് നിർവചിക്കാവുന്ന ഒരലങ്കാരത്തെക്കുറിച്ച് കുറിപ്പെഴുതുക.
7. വിയോഗിനി, വസന്തമാലിക എന്നീ വൃത്തങ്ങൾ നിർവചിച്ച് അവയുടെ സാമ്യവ്യത്യാസങ്ങൾ സൂചി പ്പിക്കുക.
8. മെറ്റാ ഫിക്ഷൻ എന്നാലെന്ത്? മലയാളസാഹിത്യത്തിൽനിന്ന് ഉദാഹരണങ്ങൾ കണ്ടെത്തുക.
9. പ്രധാന ശബ്ദാലങ്കാരങ്ങളേതെല്ലാം?
10. അപപരിചിതീകരണം എന്നാലെന്ത്?

**(8x1=8)**

**II ആറ് ചോദ്യത്തിന് രണ്ടു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക .**

11. വക്രോക്തിയുടെ വിഭാഗങ്ങളേവ? ഉദാഹരണസഹിതം വിശദീകരിക്കുക.
12. പഞ്ചസന്ധികളേതെല്ലാം? നാടകത്തിൽ അവയുടെ ധർമമെന്ത്?
13. സാഹിത്യരചനയിൽ മൗലികത, ശൈലി എന്നീ സങ്കൽപനങ്ങൾക്ക് എന്തെങ്കിലും പ്രാധാന്യമുണ്ടോ? സ്വമതം വിശദീകരിക്കുക.
14. ചിഹ്നശാസ്ത്രപരമായ സങ്കേതങ്ങൾക്കു കവിതയുടെ രൂപപഠനത്തിലുള്ള പ്രാധാന്യം വ്യക്തമാക്കുക.
15. അനുകല്പനം എന്നാലെന്ത്? അതിന്റെ സാധ്യതകളും പരിമിതികളും വിശദമാക്കുക.
16. ബഹുസ്വരത, ഹെറ്ററോഗ്ലോസിയ എന്നിവയ്ക്ക് മിഖായേൽ ബാഖ്തിൻ നൽകുന്ന പ്രാധാന്യമെന്ത്?
17. സപ്തവിഘ്നങ്ങളെക്കുറിച്ച് പ്രതിപാദിക്കുക.
18. രസം എന്ന സങ്കൽപനത്തിന് കാവ്യമിമാംസയിലുള്ള സ്ഥാനം വിശദീകരിക്കുക.

**(6x2=12)**

**III രണ്ടു ചോദ്യത്തിന് അഞ്ചു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക..**

19. ഇരുപതാം നൂറ്റാണ്ടിന്റെ പകുതി മുതൽ മലയാളത്തിലെ ആധുനികകവിതകളിൽ സംഭവിച്ച രൂപപരമായ പരിണാമങ്ങൾ എന്തെല്ലാം?
20. വൃത്തമഞ്ജരിക്കുശേഷം മലയാളകവിതയിലുണ്ടായ വിവിധ താളക്രമങ്ങളിൽ നാടോടിസംസ്കാരത്തിന്റെ സ്വാധീനം ഏതൊക്കെ തരത്തിൽ പ്രവർത്തിക്കുന്നു എന്നു വിശദമാക്കുക.
21. നോവൽ, റൊമാൻസ്, കഥ എന്നിങ്ങനെ സാഹിത്യരൂപങ്ങളെ വർഗീകരിക്കുന്നതിന് സമകാലികസാഹിത്യസന്ദർഭത്തിൽ ഏതെങ്കിലും പ്രസക്തിയുണ്ടോ? കഥാസാഹിത്യത്തിൽ സംഭവിച്ച പരീ ക്ഷണങ്ങളെ മുൻനിർത്തി പരിശോധിക്കുക.
22. ആഖ്യാനശാസ്ത്രത്തിലെ പ്രധാനസങ്കേതങ്ങളേതെല്ലാം? വിശദീകരിക്കുക.

**(2x5=10)**

## Model Question Paper

**യൂ.സി.കോളേജ്, ആലുവ**

**പി.ജി മലയാളം പ്രോഗ്രാം**

**UCML 010105 സംസ്കൃതം - ഭാഷയും സാഹിത്യവും**

**Time: 3 Hrs.** **Weight: 30**

**I എട്ടു ചോദ്യത്തിന് ഓരോ പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

1. പഠ് ധാതു ലെട് ലകാരരൂപങ്ങൾ എഴുതുക.
2. ദശരൂപകവിഭജനത്തിന്റെ സാംഗത്യമെന്ത്?
3. ലതാ ശബ്ദം ചതുർഥി, പഞ്ചമി രൂപങ്ങൾ എഴുതുക.
4. വന്ദ് ധാതുവിന്റെ ലൃട് ലകാരരൂപങ്ങൾ ഏതെല്ലാം?
5. ഭാസനാടകങ്ങൾ പരിചയപ്പെടുത്തുക.
6. മാമകവഃപാണ്ഡവാശ്ചൈ

   കിമകുർവത സഞ്ജയ - ആശയം വിശദമാക്കുക.
7. ബാലശബ്ദം തൃതീയ, ചതുർഥി രൂപങ്ങൾ കുറിക്കുക.
8. ജഗതപിതരൌ വന്ദേഃ – സന്ദർഭം വിശദമാക്കുക.

9. പഞ്ചതന്ത്രത്തിലെ വിഭാഗങ്ങൾ ഏവ?

10. യുഷ്മദ് ശബ്ദത്തിന്റെ ഷഷ്ഠി, സപ്തമി രൂപങ്ങൾ ഏതെല്ലാം?

**(8x1=8)**

**II ആറ് ചോദ്യത്തിന് രണ്ടു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക .**

11. "ഇത്യാദി വാദോപരതിർ
യസ്യ തസ്യൈവ നിർവൃതിഃ" - വിവക്ഷിതം വിശദമാക്കുക.

12. ഊരുഭംഗത്തിലെ ദുര്യോധനൻ - സ്വഭാവനിർണയം നിർവഹിക്കുക.

13. മഹാകാവ്യലക്ഷണം വിശദീകരിക്കുക.

14. "കളശിഞ്ജിതനൂപുരമഞ്ജുമിളത്-
കരകങ്കണസങ്കുലസങ്ക്വണിതം." -നൃത്തത്തിന്റെ മനോഹാരിത വിശദീകരിക്കുക.

15. ഊരുഭംഗത്തിൽ ശ്രീകൃഷ്ണന്റെ പ്രാധാന്യമെന്ത്?

16. രഘുവംശരാജാക്കന്മാരുടെ സവിശേഷതകൾ?

17. ശ്രീനാരായണഗുരു സംസ്കൃതകാവ്യശാഖയ്ക്ക് നൽകിയ സംഭാവനകൾ വിലയിരുത്തുക.

18. കാകോലൂകീയത്തിലെ ചതുർദന്തകഥ സംഗ്രഹിക്കുക.

**(6x2=12)**

**III രണ്ടു ചോദ്യത്തിന് അഞ്ചു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക .**

19. രഘുവംശം ഒന്നാം സർഗത്തിലെ ദിലീപവർണനം.

20. ഊരുഭംഗത്തിലെ ദുര്യോധനൻ ഒരു ദുരന്തകഥാപാത്രമാണ് - വിമർശനാത്മകമായി വിലയിരുത്തുക.

21. മേൽപുത്തൂരിന്റെ കാവ്യഭാഷയുടെ സവിശേഷതകൾ കാളിയമർദ്ദനത്തെ മുൻനിർത്തി വിശദമാക്കുക.

22. അർജ്ജുനവിഷാദയോഗത്തെപ്പറ്റി ലഘു ഉപന്യാസം തയ്യാറാക്കുക.

**(2x5=10)**

**Model Question Paper**

**യൂ.സി.കോളേജ്, ആലുവ**

**പി.ജി മലയാളം പ്രോഗ്രാം**

**UCML 010201ആധുനികമലയാളകവിത - ഒന്നാം ഘട്ടം**

**Time: 3 Hrs.** **Weight: 30**

**I എട്ടു ചോദ്യത്തിന് ഓരോ പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

1. "ഋശി തുളച്ചവയല്ലാ ശ്രുതികൾ; അ-
ബ്ഭൂഷകൾ കാരുക്കൾ തീർത്തതല്ല" - ആശയം വ്യക്തമാക്കുക.

2. 'ശിഷ്യനും മകനും' എന്ന കവിതയുടെ ഇതിവൃത്തമെന്ത്?

3. 'പുലിക്കോട്ടിൽ ഹൈദ'റുടെ രചനാസവിശേഷതകൾ പാഠഭാഗത്തെ ആസ്പദമാക്കി എഴുതുക.

4. മഹാകാവ്യപ്രസ്ഥാനം - കുറിപ്പെഴുതുക.

5. സിംബലിസത്തിന്റെ പ്രത്യേകതകൾ 'സാഗരഗീത'ത്തെ ആസ്പദമാക്കി വിവരിക്കുക.

6. 'നല്ല ഭാഷ' എന്ന കൃതിയുടെ സവിശേഷത എന്ത്?

7. പൂന്തോട്ടത്തിന്റെ ശ്ലോകത്തെ മുൻനിർത്തി മുക്തകങ്ങളുടെ സവിശേഷതകൾ വിവരിക്കുക.

8. "എന്തപവാദങ്ങൾ എന്തെന്തു നാശങ്ങൾ

എന്തെല്ലാം സഹിച്ച മനസ്സാക്ഷി നേടുവാൻ" - സന്ദർഭം വിശദമാക്കുക.

9. പ്രകൃതിസൗന്ദര്യം കാവ്യത്തിലേക്കാവാഹിച്ച കാല്പനികകവിയാണ് പി. കുഞ്ഞിരാമൻ നായർ - സ്പഷ്ടമാക്കുക.
10. നിരൂപണാത്മകകവിതകളുടെ പ്രത്യേകതകൾ എന്ത്?

**(8x1=8)**

**II ആറുചോദ്യത്തിന് രണ്ടു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക .**

11. വൈയക്തികാനുഭവങ്ങളുടെ ആവിഷ്കാരം 'ഒരു വിലാപ'ത്തിലെ ഭാവോദ്ദീപനത്തിന് എത്രത്തോളം സ്വാധീനം ചെലുത്തിയിട്ടുണ്ടെന്ന് പരിശോധിക്കുക.
12. ദാമ്പത്യജീവിതത്തിലെ പൊരുത്തക്കേടുകളാണ് 'കണ്ണീർപ്പാടം' എന്ന കവിതയിലെ പ്രമേയം - വിലയിരുത്തുക.
13. ഇടശ്ശേരിക്കവിതകളുടെ പ്രത്യേകതകൾ 'പുത്തൻകലവും അരിവാളും' എന്ന കവിതയെ മുൻനിർത്തി വ്യക്തമാക്കുക.
14. 'ആഫ്രിക്ക' എന്ന കവിതയ്ക്ക് ആസ്വാദനം തയ്യാറാക്കുക.
15. 'വളവുകൾ' എന്ന ശീർഷകം കവിതയ്ക്ക് എത്രമാത്രം യോജിക്കുന്നു എന്ന് പരിശോധിക്കുക.
16. മലയാളത്തിലെ ആദ്യത്തെ റൊമാന്റിക് കാവ്യമാണ് 'മലയവിലാസം' - കവിത വിശകലനം ചെയ്ത് ഈ അഭിപ്രായം പരിശോധിക്കുക.
17. പുരാണകഥാപാത്രങ്ങളെ അപനിർമിക്കുകയാണ് വയലാർ തന്റെ കവിതയിലൂടെ ചെയ്തിരിക്കുന്നത് - വിശദമാക്കുക.
18. പരശുരാമന്റെ ഹൃദയവ്യഥ വളരെ ആഴത്തിൽ ഹൃദ്യമായി അവതരിപ്പിക്കാൻ കവയിത്രിക്ക് കഴിഞ്ഞിട്ടുണ്ടോ? വിമർശനബുദ്ധ്യാ വിലയിരുത്തുക.

**(6x2=12)**

**III രണ്ടു ചോദ്യത്തിന് അഞ്ചു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക .**

19. മലയാളത്തിലെ ആദ്യത്തെ സ്ത്രീപക്ഷകവിതയാണ് 'ചിന്താവിഷ്ടയായ സീത' - ചർച്ച ചെയ്യുക.
20. ശ്രീനാരായണഗുരു, പണ്ഡിറ്റ് കെ.പി. കറുപ്പൻ, സഹോദരൻ അയ്യപ്പൻ എന്നിവരുടെ കവിതകളിലെ പ്രമേയപരമായ സവിശേഷതകൾ വിശകലനം ചെയ്യുക.
21. ജീവിതയാഥാർഥ്യങ്ങളുടെ ആവിഷ്കാരം കവിതാസാഹിത്യത്തിന്റെ പ്രമേയത്തിൽ വരുത്തിയ മാറ്റങ്ങൾ ആധുനികകവിതകളെ മുൻനിർത്തി വിശദമാക്കുക.
22. ആശാൻ, ഉള്ളൂർ, വള്ളത്തോൾ എന്നിവർ മലയാളകവിതയുടെ ഭാവുകത്വപരിണാമത്തിൽ വഹിച്ച പങ്ക് വിലയിരുത്തുക.

**(2x5=10)**

**Model Question Paper**

യു.സി.കോളേജ്, ആലുവ

പി.ജി മലയാളം പ്രോഗ്രാം

UCML 010202 ഭാഷാശാസ്ത്രം

Time: 3 Hrs. Weight: 30

I എട്ടു ചോദ്യത്തിന് ഓരോ പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

1. ഭാഷ - ഭാഷണം ഇവ എന്തെന്നു വിശദമാക്കുക.
2. സ്വനിമം എന്നാലെന്ത്?
3. ഹരിതഭാഷാശാസ്ത്രം എന്തെന്നു വിശദമാക്കുക.
4. പൂരകവിതരണം എന്നാലെന്ത്?
5. ഇന്റർനെറ്റ് ഭാഷാശാസ്ത്രത്തിന്റെ പ്രത്യേകതകളേവ?
6. മാനകഭാഷ എന്നതുകൊണ്ട് അർഥമാക്കുന്നതെന്ത്?
7. രചനാന്തരണ-പ്രജനകവ്യാകരണത്തിന്റെ അടിസ്ഥാനസങ്കൽപങ്ങൾ എന്തെല്ലാം?
8. രൂപിമം അർഥവിനിമയം സാധ്യമാക്കുന്നതെങ്ങനെ?
9. അർഥവികാസം എന്തെന്ന് വ്യക്തമാക്കുക.
10. ഭാഷാപഠനത്തിൽ സാമൂഹികഭാഷാശാസ്ത്രത്തിന്റെ പ്രസക്തിയെന്ത്?

(8X1=8)

II ആറു ചോദ്യത്തിന് രണ്ടു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക .

11. സ്വനവിജ്ഞാനത്തിലെ വ്യത്യസ്തപഠനമേഖലകൾ പരിചയപ്പെടുത്തുക.
12. ഭാഷാഭേദഭൂപടം എന്നാലെന്ത്? ഭാഷാപഠനത്തിൽ അതിനുള്ള പ്രസക്തി പരിശോധിക്കുക.
13. ഭാഷയും നിർമിതബുദ്ധിയും എന്ന വിഷയത്തെക്കുറിച്ച് ലഘുവിവരണം തയ്യാറാക്കുക.
14. അർഥപരിണാമകാരണങ്ങൾ വിശദമാക്കുക.
15. ദ്രാവിഡഭാഷയിൽ അനുനാസികീകരണം എങ്ങനെയെല്ലാം സംഭവിക്കുന്നു?
16. വാക്യഘടനയുടെ അപഗ്രഥനത്തിന് പ്രധാനമായും സ്വീകരിക്കാവുന്ന സമീപനരീതികളേതെല്ലാം?
17. ആന്തരികപുനഃസൃഷ്ടി, ബാഹ്യപുനഃസൃഷ്ടി ഇവ എന്തെന്ന് വിശദമാക്കുക.
18. സദൃശസൃഷ്ടി എന്നാലെന്ത്?

(6X2=12)

III രണ്ടു ചോദ്യത്തിന് അഞ്ചു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക .

19. ദ്രാവിഡഭാഷാഗോത്രത്തിന്റെ പൊതുസവിശേഷതകൾ പരിശോധിക്കുക.
20. ഭാഷാശാസ്ത്രത്തിലെ പുതിയ ചിന്തകളെയും സമീപനങ്ങളെയും വിലയിരുത്തുക.
21. രൂപിമവിജ്ഞാനത്തിലെ സങ്കല്പനങ്ങളെയും പഠനരീതികളെയും പരിചയപ്പെടുത്തുക.
22. അർഥവിജ്ഞാനീയത്തിലെ സമകാലികസമീപനങ്ങൾ ചർച്ച ചെയ്യുക. (2X5=10)

**Model Question Paper**

യൂ.സി.കോളേജ്, ആലുവ

പി.ജി മലയാളം പ്രോഗ്രാം

UCML 010203 കേരളസംസ്കാരം

Time: 3 Hrs. Weight: 30

I എട്ടു ചോദ്യത്തിന് ഓരോ പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

1. ആഴ്വാർമാരുടെ പാട്ടുകളിൽ പരാമർശിക്കുന്ന കേരളത്തിലെ ദിവ്യദേശങ്ങളേവ?
2. മാമാങ്കം എന്നാലെന്ത്? അധികാരവ്യവസ്ഥയെ നിർണയിക്കുന്നതിൽ അതിനുള്ള പ്രാധാന്യമെന്ത്?
3. കേരളത്തിലെ ജൈനമതാരാധനാകേന്ദ്രങ്ങൾ ഏതെല്ലാം?
4. അനാചാരം എന്നാലെന്ത്? ശാങ്കരസ്മൃതിയെ അടിസ്ഥാനമാക്കി വിശദീകരിക്കുക.
5. കേരളചരിത്രത്തിൽ തുഹ്ഫത്തുൽ മുജാഹിദ്ദീൻ എന്ന കൃതിയുടെ പ്രാധാന്യമെന്ത്?
6. കുളച്ചൽ യുദ്ധം .കുറിപ്പെഴുതുക -
7. കേരളത്തിൽ നിലനിന്നിരുന്ന പ്രാചീനലിപിവ്യവസ്ഥകളേവ?
8. കേരളത്തിലെ അതിഥിതൊഴിലാളിപ്രശ്നങ്ങളുടെ പശ്ചാത്തലമെന്ത്?
9. സാഹിത്യവും സമൂഹവുമായുള്ള ബന്ധത്തെ പുരോഗമനസാഹിത്യപ്രസ്ഥാനം നിർവചിക്കുന്നതെങ്ങനെ?
10. ശ്രീനാരായണഗുരുവിന്റെ പ്രധാന കൃതികളേതെല്ലാം?

(8x1=8)

II ആറു ചോദ്യത്തിന് രണ്ടു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക .

11. പ്രാചീനതമിഴകത്തിലെ കലയെപ്പറ്റി ചിലപ്പതികാരത്തിലുള്ള സൂചനകൾ സമാഹരിക്കുക.
12. കേരളത്തിലെ ക്ലാസ്സിക്കൽ കലാരൂപങ്ങളുടെ ഒരു ലഘുവിവരണം തയ്യാറാക്കുക.
13. പൊയ്കയിൽ അപ്പച്ചന്റെ പാട്ടുകളെപ്പറ്റി കുറിപ്പെഴുതുക.
14. കേരളത്തിലെ ദേവാലയങ്ങളിൽ കാണുന്ന ചുവർച്ചിത്രങ്ങളുടെ സവിശേഷതകളെന്തെല്ലാം?
15. സാമൂഹികമുന്നേറ്റങ്ങളുടെ ചരിത്രത്തിൽ ചാന്നാർ കലാപത്തിനുള്ള സ്ഥാനമെന്ത്?
16. ഇംഗ്ലീഷ് വിദ്യാഭ്യാസം മലയാളസാഹിത്യത്തെ ഏതൊക്കെ തരത്തിൽ സ്വാധീനിച്ചിട്ടുണ്ട്?
17. കേരളത്തിലെ ജൂതരുടെ സാംസ്കാരികമായ സംഭാവനകളെന്തെല്ലാം?
18. സ്വാതന്ത്ര്യാനന്തരകേരളത്തിൽ ഭൂപരിഷ്കരണത്തിനുള്ള പ്രസക്തിയെന്ത്?

(6x2=12)

III രണ്ടു ചോദ്യത്തിന് അഞ്ചു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക .

19. പതിറ്റുപ്പത്തിനെ അടിസ്ഥാനമാക്കി ചേരരാജാക്കന്മാരുടെ ചരിത്രം സംഗ്രഹിക്കുക.
20. കേരളത്തിലെ തുറമുഖങ്ങൾ സാംസ്കാരികപരിണാമത്തിനു കാരണമായതെങ്ങനെയെന്നു വിശകലനം ചെയ്യുക.
21. കേരളത്തിലെ ക്രിസ്ത്യാനികളുടെ സാംസ്കാരികപരിണാമത്തിൽ ഉദയംപേരൂർ സൂനഹദോസ് വഹിച്ച പങ്ക് എന്തെന്നു വിശദീകരിക്കുക.
22. കേരളത്തിലെ നവോത്ഥാനവും കൊളോണിയൽ ആധുനികതയും തമ്മിലുള്ള സാംസ്കാരികവിനിമയത്തിന്റെ സ്വഭാവമെന്ത്? പിൽകാലസമൂഹത്തിന്റെ രൂപവൽകരണത്തിൽ നവോത്ഥാനം വഹിച്ച പങ്കെന്ത്?

(2x5=10)

**Model Question Paper**

**യൂ.സി.കോളേജ്, ആലുവ**

**പി.ജി മലയാളം പ്രോഗ്രാം**

**UCML 010204 മലയാളനോവൽ**

**Time: 3 Hrs.** **Weight: 30**

**I എട്ടു ചോദ്യത്തിന് ഓരോ പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

1. സി.വി. രാമൻപിള്ളയുടെ ചരിത്രനോവലുകളെ പരിചയപ്പെടുത്തുക.
2. 'വെളിച്ചത്തിനെന്ത് വെളിച്ചം' എന്ന പ്രസ്താവനയുടെ അർഥതലങ്ങൾ വ്യക്തമാക്കുക.
3. വിമോചിതമായ സ്ത്രീത്വത്തെ അവതരിപ്പിക്കുന്നതിൽ ആദ്യകാലമലയാളനോവലുകൾ പുലർത്തുന്ന താല്പര്യത്തെ ഉദാഹരണസഹിതം വിശദമാക്കുക.
4. സുന്ദരികളും സുന്ദരന്മാരും എന്ന നോവലിലെ വ്യക്തിബന്ധങ്ങളുടെ സങ്കീർണതകൾ ആവിഷ്കരിക്കുന്നതെങ്ങനെ ?
5. അസ്തിത്വവാദത്തെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക.
6. ധൈര്യത്തെക്കുറിച്ച് പുലർത്തുന്ന പരമ്പരാഗതമായ ധാരണകൾ അമ്മാമ്മയിലൂടെ അപനിർമിക്കപ്പെടുന്നതെങ്ങനെ?
7. 'മനുഷ്യന് ഒരാമുഖം' എന്ന നോവലിൽ മനുഷ്യൻ എന്നതിന്റെ അർഥതലങ്ങൾ വിശദമാക്കുക.
8. 'രണ്ടിടങ്ങഴി' മുന്നോട്ടുവെയ്ക്കുന്ന തൊഴിൽ, വേതനം തുടങ്ങിയ സങ്കല്പനങ്ങൾ വിശദമാക്കുക.
9. 'സരസ്വതീവിജയം' എന്ന പേരുകൊണ്ട് നോവലിൽ സൂചിപ്പിക്കുന്നതെന്ത്?
10. ബോധധാരാനോവലിന്റെ പ്രത്യേകതകൾ എന്തെല്ലാം?

**(8x1=8)**

**II ആറു ചോദ്യത്തിന് രണ്ടു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

11. ആധുനികവിദ്യാഭ്യാസം നോവൽസാഹിത്യത്തെ സ്വാധീനിച്ചതെങ്ങനെ?
12. കുടുംബം എന്ന സ്ഥാപനത്തിന്റെ വിമർശനം രാജലക്ഷ്മി അടയാളപ്പെടുത്തുന്നതെങ്ങനെ ?
13. 'കരിക്കോട്ടക്കരി' മുന്നോട്ടുവെക്കുന്ന മത-ജാതി സ്വത്വബോധത്തിന്റെ പ്രത്യേകതകൾ എന്തെല്ലാം?
14. ആദിവാസിജീവിതം 'നെല്ല്' നോവലിൽ ആവിഷ്കരിച്ചിരിക്കുന്നതെങ്ങനെ?
15. അസ്തിത്വപരമായ ഭ്രഷ്ടൻ എന്ന സങ്കൽപനം മലയാളനോവലിൽ ആവർത്തിക്കുന്നതെങ്ങനെയെന്ന് ഉദാഹരണസഹിതം വിശദമാക്കുക.
16. മലയാളനോവലിലെ ആധുനികതയുടെ പ്രത്യേകതകൾ വിശദമാക്കുക.
17. മലബാർ കുടിയേറ്റത്തിന്റെ വ്യത്യസ്തമുഖം 'ഒറോത'യിൽ ആവിഷ്കരിച്ചിരിക്കുന്നതെങ്ങനെ?
18. ആനന്ദിന്റെ നോവലുകളെക്കുറിച്ച് പഠനം തയ്യാറാക്കുക.

**(6x2=12)**

**III രണ്ടു ചോദ്യത്തിന് അഞ്ചു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

19. ഒ.വി. വിജയൻ, വി.കെ.എൻ,. ആനന്ദ് എന്നിവരുടെ നോവലുകളെക്കുറിച്ച് ഒരു പഠനം തയ്യാറാക്കുക.
20. മലയാളനോവലിലെ ആധുനികതയെ വിലയിരുത്തുക.
21. സമകാലികമലയാളനോവലിന്റെ കർതൃത്വപരവും വിഷയപരവുമായ പ്രത്യേകതകൾ വിശകലനം ചെയ്യുക.
22. ചന്തുമേനോൻ, സി.വി. രാമൻപിള്ള എന്നിവരുടെ നോവലുകൾ അവ രചിക്കപ്പെട്ട കാലഘട്ടവുമായി സംവദിച്ചതിന്റെ രീതിഭേദങ്ങൾ വിശദമാക്കുക.

**(2x5=10)**

**Model Question Paper**

**യു.സി.കോളേജ്, ആലുവ**

**പി.ജി മലയാളം പ്രോഗ്രാം**

**UCML 010205 ഭാരതീയസാഹിത്യസിദ്ധാന്തങ്ങൾ**

**Time: 3 Hrs.** **Weight: 30**

Est. in 1921
THE TRUTH SHALL MAKE YOU FREE

**I എട്ടു ചോദ്യത്തിന് ഓരോ പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

1. അഭിഹിതാന്വയവാദം
2. ഗുണീഭൂതവ്യംഗ്യം
3. അനുവ്യവസായവാദം
4. രസവദലങ്കാരം
5. കാവ്യഹേതു
6. ലീലാതിലകത്തിലെ രസനിർവചനം
7. വർണവിന്യാസവക്രത
8. രസസംഖ്യ നാട്യശാസ്ത്രത്തിൽ
9. തിണസങ്കല്പം
10. അഭിധാവ്യാപാരം

**(8x1=8)**

**II ആറു ചോദ്യത്തിന് രണ്ടു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

11. ശബ്ദവ്യാപാരങ്ങൾ
12. ഉല്പത്തിവാദം
13. ചിത്രതുരഗന്യായം
14. സാധാരണീകരണം
15. സ്ഫോടവാദം
16. ധ്വനിയും ഗുണവും
17. അപോഹസിദ്ധാന്തം
18. വക്രോക്തിയും ശൈലിയും

**(6x2=12)**

**III രണ്ടു ചോദ്യത്തിന് അഞ്ചു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

19. കാവ്യപ്രയോജനങ്ങളും കാവ്യഭേദങ്ങളും ഉദാഹരണസഹിതം വിശദമാക്കുക.
20. അഭിനവഗുപ്തന്റെ രസസൂത്രവ്യാഖ്യാനം ചർച്ച ചെയ്യുക.
21. ധ്വനിലക്ഷണങ്ങളും ധ്വനിഭേദങ്ങളും വ്യക്തമാക്കുക.
22. വക്രോക്തിഭേദങ്ങൾ ഏതെല്ലാം? ലഘുപ്രബന്ധം തയ്യാറാക്കുക.

**(2x5=10)**

## Model Question Paper

**യു.സി.കോളേജ്, ആലുവ**

**പി.ജി മലയാളം പ്രോഗ്രാം**

**UCML 010301 ആധുനിക/ ആധുനികാനന്തരമലയാളകവിത**

**Time: 3 Hrs.** **Weight: 30**

**I എട്ടു ചോദ്യത്തിന് ഓരോ പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

1. ആധുനികതാപ്രസ്ഥാനത്തിന്റെ സന്ദർഭത്തിൽ 'വാക്കേ വാക്കേ കൂടെവിടെ' എന്ന കവിതയുടെ പ്രസക്തിയെന്ത്?
2. മുക്തഛന്ദസ്സ് എന്നാൽ എന്ത്? ഉദാഹരണമെഴുതുക.
3. "ഓർമയുണ്ടോ സഖേ പണ്ടു പൂത്ത കൗമാരനാളിന്റെ വർണഭംഗി." സന്ദർഭമെന്ത്?
4. "ചാർച്ചക്കാർക്കേതിനും വക്കാണം."– സന്ദർഭമെന്ത്? ആശയം വിശദമാക്കുക.
5. 'മേസ്തിരി' എന്ന കവിതയുടെ പശ്ചാത്തലമെന്ത്?
6. "വൃക്ഷത്തിന്റെ ശിഖരത്തിൽ/ നല്ല വെയിൽ കാറ്റ്/ എനിക്കായൊരു പക്ഷി/ കയറുവാനിട്ടുതന്നു/ പാട്ടിന്റെ നൂൽക്കോണി" - ഈ വരികളുടെ സൗന്ദര്യതലം വിശദീകരിക്കുക.
7. മുഹൂർത്തം എന്ന കവിതയിലെ ഇമേജുകളുടെ പ്രത്യേകതയെന്ത്?
8. "ഈറ്റപ്പുലി മുരളും കണ്ണിൽ ഊറിയടർന്നൊരു തീത്തുള്ളി." - ഈ കാവ്യകല്പനയുടെ പ്രത്യേകത യെന്ത് ?
9. "അറിയുമോയെന്നെ/ കരളിലാളുന്ന കവിതയുമായി/ കരുണ പെയ്യുന്ന മിഴികളുമായി/ കുരുതിയി ലേക്കു നയിക്കും പാതയിൽ/ നടന്നുപോയവൻ" - ഈ വരികളിലെ ആത്മനിഷ്ഠതയുടെ സ്വഭാവ മെന്ത്?
10. ദലിതെഴുത്തിന്റെ തുടക്കമെന്ന നിലയിൽ 'കണ്ടത്തി' എന്ന കവിതയെ വിലയിരുത്തുക.

**(8x1=8)**

**II ആറു ചോദ്യത്തിന് രണ്ടു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

11. ഇമേജിസം മുന്നോട്ടുവെയ്ക്കുന്ന കാവ്യപദ്ധതിയെന്ത്?
12. അസ്തിത്വവാദത്തിന്റെ സ്വാധീനം ആധുനികകവിതയിൽ എങ്ങനെ പ്രതിഫലിക്കുന്നു?
13. സറിയലിസത്തിന്റെ സ്വാധീനം ആധുനികമലയാളകവിതയിൽ എപ്രകാരമാണു പ്രവർത്തിക്കു ന്നത്?
14. വി.എം. ഗിരിജയുടെ 'ഒരുവൾ' എന്ന കവിത സ്ത്രീജീവിതമെഴുതുന്നത് എങ്ങനെയാണ്?
15. 'പീഡനകാലം' എന്ന കവിതയുടെ രാഷ്ട്രീയസാഹചര്യമെന്ത്?

16. “പട്ടി എപ്പോഴും സ്വന്തം ദർശനം വിളിച്ചുപറയുന്നു” - ഈ വരികളിലെ ആക്ഷേപത്തിന്റെ ലക്ഷ്യമെന്ത്?
17. ‘രാഷ്ട്രതന്ത്രം’ എന്ന കവിത എങ്ങനെയാണ് ആധുനികതയെ വിമർശനവിധേയമാക്കുന്നത്?
18. ‘തീരെ ചെറിയ തരം ചില ഒച്ചകൾ’ എന്ന കവിതയിലെ പരിസ്ഥിതിദർശനമെന്ത്?

**(6x2=12)**

**III രണ്ടു ചോദ്യത്തിന് അഞ്ചു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക .**

19. ദാർശനികാധുനികതയുടെ സ്വഭാവം പ്രതിഫലിക്കുന്ന കവിതകൾ മലയാളഭാവനയുമായി സംവദിച്ച വിധവും സാഹചര്യവും വിശദമാക്കുക.
20. നൈതികതയെ സംബന്ധിച്ച ദർശനം എങ്ങനെയാണ് എഴുപതുകളിലെ കവിതയിൽ രൂപപ്പെട്ടുന്നത്?
21. ഉത്തരാധുനികകവിതയിലെ വിവിധ ധാരകൾ രൂപത്തിലും പ്രമേയത്തിലും കൊണ്ടുവന്ന മാറ്റങ്ങളെന്തെല്ലാം? വിശദീകരിക്കുക.
22. നവമാധ്യമസംസ്കാരം മലയാളത്തിലെ പുതുകവിതയെ എങ്ങനെയെല്ലാം നിർണയിക്കുന്നു? സോദാഹരണം വിശദമാക്കുക. **(2x5=10)**

Est. in 1921

**Model Question Paper**

**യൂ.സി.കോളേജ്, ആലുവ**

**പി.ജി മലയാളം പ്രോഗ്രാം**

**UCML 010302 മലയാളഭാഷാവ്യാകരണം**

**Time:** 3 Hrs. **Weight:** 30

**I എട്ടു ചോദ്യത്തിന് ഓരോ പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

1. മലയാളത്തിലെ പ്രധാന വർണവികാരങ്ങൾ ഏതെല്ലാം?
2. നിപാതം, അവ്യയം എന്നിവയുടെ പ്രക്രിയാകാര്യങ്ങളെ പരിചയപ്പെടുത്തുക.
3. കേരളപാണിനീയത്തിനു മുമ്പുണ്ടായിട്ടുള്ള പ്രധാന വ്യാകരണകൃതികളെ പരിചയപ്പെടുത്തുക.
4. കർമണിപ്രയോഗത്തെക്കുറിച്ചുള്ള വിവിധ അഭിപ്രായങ്ങൾ സംഗ്രഹിക്കുക.
5. മലയാളത്തിലെ വചനപ്രത്യങ്ങളെ വിലയിരുത്തുക.
6. സംബന്ധികാവിഭക്തിക്ക് കാരകമില്ലാത്തതെന്തുകൊണ്ട്?
7. സവർണനം സന്ധിവിഷയത്തിൽ പ്രസക്തമാകുന്നതെങ്ങനെ?
8. പേരെച്ച-വിനയെച്ചങ്ങളെ സംബന്ധിച്ച വ്യാകരണവിധികൾ വിവരിക്കുക.
9. ഭേദകങ്ങൾ എന്നാലെന്ത്? മലയാളഭാഷയിൽ ഇവയ്ക്കുള്ള പ്രാധാന്യമെന്ത്?
10. പ്രകാരം എന്നാലെന്ത്? പ്രത്യയാഗമം, പ്രകാരവിധികൾ എന്നിവ പരിശോധിക്കുക.

**(8x1=8)**

**II ആറു ചോദ്യത്തിന് രണ്ടു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

11. അക്ഷരമാലാവർഗീകരണത്തിൽ നിലവിലുള്ള അഭിപ്രായങ്ങൾ വിലയിരുത്തുക.
12. അം പ്രത്യയത്തെക്കുറിച്ചുള്ള വിവിധാഭിപ്രായങ്ങൾ പരിശോധിക്കുക.

13. എ.ആർ. നിർദ്ദേശിക്കുന്ന ശ്രുതിഭേദകാരണങ്ങളെ ആധുനികഭാഷാശാസ്ത്രരീത്യാ വിലയിരുത്തുക.
14. മിഷണറിമലയാളവ്യാകരണങ്ങളെപ്പറ്റി ഒരു കുറിപ്പെഴുതുക.
15. മലയാളത്തിലെ നിഷേധരൂപങ്ങളെ സാമാന്യമായി വിലയിരുത്തുക.
16. വിവർത്തനപ്രക്രിയയ്ക്ക് എ.ആർ. ചൂണ്ടിക്കാണിക്കുന്ന വ്യാകരണപ്രാധാന്യമെന്ത്?
17. വിഭക്ത്യാഭാസത്തെപ്പറ്റി എ.ആറിന്റെ നിഗമനങ്ങൾ എന്തെല്ലാം?
18. മലയാളത്തിലെ സമാസങ്ങൾ ഉദാഹരണസഹിതം വിശദമാക്കുക.

**(6x2=12)**

**III രണ്ടു ചോദ്യത്തിന് അഞ്ചു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

19. ശബ്ദവിഭാഗങ്ങളെക്കുറിച്ചുള്ള എ.ആറിന്റെ നിരീക്ഷണങ്ങളുടെ സാധ്യത പരിശോധിക്കുക.
20. ലീലാതിലകം മൂന്നാം ശില്പത്തിലും കേരളപാണിനീയത്തിലുമുള്ള സന്ധിനിയമങ്ങളെ താരതമ്യം ചെയ്യുക.
21. വിഭക്തികൾക്ക് സംസ്കൃതത്തിൽനിന്നു വ്യത്യസ്തമായ പേരുകൾ നൽകാൻ എ.ആർ. പറയുന്ന കാരണ ങ്ങൾ വിമർശനാത്മകമായി വിലയിരുത്തുക.
22. വർത്തമാനകാലപ്രത്യയത്തിന്റെ ആഗമത്തെ സംബന്ധിച്ച വിവിധാഭിപ്രായങ്ങൾ പരിശോധിക്കുക.

**(2x5=10)**

Est. in 1921

**Model Question Paper**

**യു.സി.കോളേജ്, ആലുവ**

**പി.ജി മലയാളം പ്രോഗ്രാം**

**UCML 010303 മലയാളനിരൂപണം**

**Time:** 3 Hrs. **Weight:** 30

THE TRUTH SHALL MAKE YOU FREE

**I എട്ടു ചോദ്യത്തിന് ഓരോ പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

1. ആദ്യകാലനിരൂപണത്തിൽ അവതാരികകൾക്കുള്ള പ്രാധാന്യം എന്താണ്?
2. സി.പി. അച്യുതമേനോൻ മലയാളവിമർശനത്തിനു നൽകിയ സംഭാവനകൾ വിലയിരുത്തുക.
3. 'എഴുത്തച്ഛൻ' എന്ന നിരൂപണത്തിലൂടെ സാഹിത്യപഞ്ചാനനൻ അവതരിപ്പിക്കുന്ന നിരൂപണസ ങ്കല്പം വ്യക്തമാക്കുക.
4. സൗന്ദര്യത്തെക്കുറിച്ച് കുറ്റിപ്പുഴ കൃഷ്ണപിള്ള അവതരിപ്പിക്കുന്ന സങ്കല്പനങ്ങൾക്ക് സാഹിത്യവിമർശന രംഗത്തുള്ള പ്രസക്തി വ്യക്തമാക്കുക.
5. പരിസ്ഥിതിസൗന്ദര്യശാസ്ത്രവും സാഹിത്യവിമർശനവും ബന്ധപ്പെട്ടിരിക്കുന്നതെങ്ങനെ? ഉദാഹരണ സഹിതം വ്യക്തമാക്കുക.
6. ദളിത് നിരൂപണത്തെക്കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക.
7. ഗദ്യശൈലിക്കു വേണ്ട മൂന്നു ഗുണങ്ങളായി എം.പി. പോൾ നിർദ്ദേശിക്കുന്നത് എന്തെല്ലാം?
8. കെ. ഭാസ്കരൻനായരുടെ സാഹിത്യനിരൂപണത്തിന്റെ പ്രത്യേകതകൾ വ്യക്തമാക്കുക.
9. കേസരി എ. ബാലകൃഷ്ണപിള്ള മലയാളസാഹിത്യനിരൂപണത്തിന് ദിശാബോധം നൽകിയതെ ങ്ങനെ?
10. ജീവൽസാഹിത്യത്തിന്റെ സൗന്ദര്യദർശനം എന്താണ്?

**(8x1=8)**

**II ആറ് ചോദ്യത്തിന് രണ്ടു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

11. മലയാളകവിതയിലെ ആധുനികതയെക്കുറിച്ച് പഠിക്കുമ്പോൾ ലവണദേവതമാരും കാഞ്ഞിരവിഗ്രഹങ്ങളും എന്ന വിശേഷണം സച്ചിദാനന്ദൻ നൽകുന്നത് എന്തുകൊണ്ട്?
12. പത്രങ്ങളിലെ പെൺവേട്ട എന്ന ലേഖനത്തിന്റെ സമകാലപ്രസക്തി വിശദമാക്കുക.
13. കാർണിവൽവൽകരണം എന്ന സങ്കൽപനത്തെ മലയാളകവിതാസന്ദർഭത്തിൽ ഇ.വി. രാമകൃഷ്ണൻ അവതരിപ്പിക്കുന്നതെങ്ങനെ?
14. മലയാളസാഹിത്യത്തിന്റെ തായ്ക്കുലത്തെ ജെ. ദേവിക അന്വേഷിക്കുന്നതെങ്ങനെ?
15. സിനിമാനിരൂപണത്തിന്റെ സമകാലികമുഖം പരിചയപ്പെടുത്തുക.
16. കെ.പി. അപ്പന്റെ പ്രധാന നിരൂപണഗ്രന്ഥങ്ങൾ ഏവ? മലയാളസാഹിത്യത്തിലെ ആധുനികതയെ ക്കുറിച്ച് കെ.പി. അപ്പൻ നടത്തുന്ന നിരൂപണങ്ങൾ ക്രോഡീകരിക്കുക.
17. ആദ്യകാലപത്രമാസികകൾ മലയാളനിരൂപണത്തിന്റെ വളർച്ചയിൽ വഹിച്ച പങ്കെന്താണെന്ന് വ്യക്തമാക്കുക.
18. 'വാല്മീകിയുടെ രാമൻ' എന്ന പഠനത്തെ 'ഭാരതപര്യടന'വുമായി താരതമ്യപ്പെടുത്തുക.

**(6x2=12)**

**III രണ്ടു ചോദ്യത്തിന് അഞ്ചു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

19. ഉത്തരാധുനികസാഹിത്യസിദ്ധാന്തങ്ങൾ മലയാളനിരൂപണത്തിൽ ചെലുത്തിയ സ്വാധീനത്തെക്കുറിച്ച് ഒരു ലഘുപ്രബന്ധം തയ്യാറാക്കുക.
20. പരിസ്ഥിതി-സ്ത്രീവാദ ആശയങ്ങൾ സമകാലികമലയാളസാഹിത്യകൃതികളുടെ പഠനത്തിൽ ഇടപെ ടുന്നതെങ്ങനെയെന്ന് വിമർശനഗ്രന്ഥങ്ങളെ അടിസ്ഥാനമാക്കി പഠിക്കുക.
21. ജോസഫ് മുണ്ടശ്ശേരി, കുട്ടികൃഷ്ണമാരാർ, എം.പി. പോൾ, സി.ജെ. തോമസ് എന്നിവരുടെ വിമർശനരീതികളെ താരതമ്യപ്പെടുത്തുക.
22. മലയാളസാഹിത്യത്തിലെ കവിതാനിരൂപണത്തിന്റെ വ്യത്യസ്തമാതൃകകളെ പഠനവിധേയമാക്കുക.

**(2x5=10)**

Est. in 1921
THE TRUTH SHALL MAKE YOU FREE

**Model Question Paper**

**യൂ.സി.കോളേജ്, ആലുവ**

**പി.ജി മലയാളം പ്രോഗ്രാം**

**UCML 010304 ദൃശ്യകലാസാഹിത്യം**

**Time: 3 Hrs.** **Weight: 30**

**I എട്ടു ചോദ്യത്തിന് ഓരോ പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

1. പടയണിയുടെ പുരാവൃത്തമെന്ത്?
2. നമ്പ്യാരുടെ കൃതികളിലെ സാമൂഹികവിമർശനം 'സഭാപ്രവേശ'ത്തെ ആസ്പദമാക്കി വിവരിക്കുക.
3. സ്വാതി തിരുനാളിന്റെ സാഹിത്യസംഭാവനകൾ വിലയിരുത്തുക.
4. കഥകളിയിലെ വേഷവിഭജനത്തിന്റെ യുക്തി പരിശോധിക്കുക.
5. അനുഷ്ഠാനകലാരൂപങ്ങളിലെ പ്രേക്ഷകനും നടനും തമ്മിലുള്ള ബന്ധം എങ്ങനെയുള്ളതാണ്?
6. അനുഷ്ഠാനേതര അവതരണകലകളിലെ സാമൂഹികബോധം വ്യക്തമാക്കുക.

7. സംഗീതനാടകങ്ങളുടെ സവിശേഷതകൾ 'സംഗീതനൈഷധ'ത്തെ ആസ്പദമാക്കി വിവരിക്കുക.
8. ഓട്ടൻ, പറയൻ, ശീതങ്കൻ എന്നിങ്ങനെയുള്ള വിഭജനത്തിന്റെ സാംഗത്യം എന്ത്?
9. വാതിൽതുറപ്പാട്ടിന്റെ പ്രത്യേകതകൾ പാഠഭാഗത്തെ മുൻനിർത്തി പരിശോധിക്കുക.
10. മാർഗംകളിയുടെ ചരിത്രപശ്ചാത്തലം എഴുതുക. (8x1=8)

**II ആറു ചോദ്യത്തിന് രണ്ടു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

11. നാടോടിനൃത്തരൂപങ്ങൾ എന്ന നിലയ്ക്ക് കോൽക്കളി, വട്ടക്കളി, ചവിട്ടുകളി എന്നിവയുടെ പ്രത്യേകതകൾ വിവരിക്കുക.
12. കാക്കാരിശ്ശിനാടകം ഒരു ആക്ഷേപഹാസ്യനാടകമാണോ? വിമർശനബുദ്ധ്യാ നിരീക്ഷിക്കുക.
13. അനുഷ്ഠാനകലാരൂപം എന്ന നിലയിൽ മുടിയേറ്റിന്റെ സവിശേഷതകൾ എന്തെല്ലാം?
14. കഥകളിയുടെ പുനരുജ്ജീവനത്തിന് കഥകളിവിദ്യാലയങ്ങളുടെ സംഭാവനകൾ എഴുതുക.
15. തിരുവാതിരകളിയുടെ സാംസ്കാരികമൂല്യം അതിന്റെ ചരിത്രപശ്ചാത്തലത്തിൽ പഠിക്കുക.
16. അനുഷ്ഠാനേതരകലാരൂപങ്ങളുടെ പൊതുസവിശേഷതകൾ ആദ്യകാലദൃശ്യാവിഷ്കാരങ്ങളെ മുൻനിർത്തി ചർച്ച ചെയ്യുക.
17. ആട്ടക്കഥാസാഹിത്യത്തിന് ഇരയിമ്മൻ തമ്പി, ഉണ്ണായിവാര്യർ എന്നിവരുടെ സംഭാവനകൾ വിവരി ക്കുക.

Est. in 1921

18. കാക്കാരിശ്ശിനാടകത്തിന്റെ ഭാഷാപരമായ സവിശേഷതകൾ വിശദമാക്കുക. (6x2=12)

**III രണ്ടു ചോദ്യത്തിന് അഞ്ചു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക .**

19. കുഞ്ചൻ നമ്പ്യാരുടെ തുള്ളൽകൃതികളിൽ 'സഭാപ്രവേശ'ത്തിന്റെ സവിശേഷതകൾ ചർച്ച ചെയ്യുക.
20. ആട്ടക്കഥ എന്ന നിലയിൽ 'കല്യാണസൗഗന്ധിക'ത്തിന്റെ പ്രത്യേകതകൾ വിശദമാക്കുക.
21. അനുഷ്ഠാനപരം, അനുഷ്ഠാനേതരം എന്ന വിഭജനത്തിന്റെ സാംഗത്യം വിമർശനബുദ്ധ്യാ നിരീക്ഷിക്കുക.
22. കേരളീയകലാരൂപങ്ങൾ അവ രൂപപ്പെട്ടുവളർന്ന സാഹചര്യത്തിൽനിന്നു വ്യത്യസ്തമായി അപചയത്തിന്റെ പാതയിലേക്കാണ് നീങ്ങിക്കൊണ്ടിരിക്കുന്നത്. നിരൂപണം ചെയ്യുക. (2x5=10)

THE TRUTH SHALL MAKE YOU FREE

**Model Question Paper**

**യു.സി.കോളേജ്, ആലുവ**

**പി.ജി മലയാളം പ്രോഗ്രാം**

**UCML 010305 പാശ്ചാത്യസാഹിത്യസിദ്ധാന്തങ്ങൾ**

**Time: 3 Hrs.** **Weight: 30**

**I എട്ടു ചോദ്യത്തിന് ഓരോ പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

1. കലയിലെ വികാരഘടകത്തെ പ്ലേറ്റോ എങ്ങനെ പരിഗണിക്കുന്നു?
2. അനുകരണം എന്ന ആശയത്തെ അരിസ്റ്റോട്ടിൽ വിശദീകരിക്കുന്നത് എങ്ങനെ?
3. കണ്ണാടിഘട്ടത്തെ ലകാൻ വിശദീകരിക്കുന്നതെങ്ങനെ?
4. അപകോളനീകരണരചനകളുടെ മൂന്നു ഘട്ടങ്ങളെ ഫ്രാൻസ് ഫാനൻ എങ്ങനെ ഉപദർശിക്കുന്നു?
5. അന്യവൽകരണപ്രഭാവം (Alienation Effect) എന്നതുകൊണ്ട് ബ്രഹ്ത്ത് അർഥമാക്കുന്നതെന്ത്?

6. വായിക്കാവുന്നവ (Readerly), എഴുതാവുന്നവ (Writerly) എന്ന് കൃതികളെ ബാർത്ത് വിഭജിക്കുന്നതിന്റെ അടിസ്ഥാനമെന്ത്?
7. ടോൾസ്റ്റോയിയുടെ വികാരാഭിസംക്രമണവാദം വിശദീകരിക്കുക.
8. ഗാഢപാരായണം (Close Reading) എന്നതുകൊണ്ട് നവവിമർശകർ വിവക്ഷിക്കുന്നത് എന്ത്?
9. കേവലയാഥാർഥ്യം വൈയക്തികമാണ് എന്ന ധാരണയിലടിത്തറയിട്ടതാണ് ക്രോച്ചേയുടെ കലാസിദ്ധാന്തം - ശരിയോ?
10. ഭാവനയെ ഇമ്മാനുവൽ കാന്റ് വിശദീകരിക്കുന്നത് എങ്ങനെ? **(8x1=8)**

**II ആറ് ചോദ്യത്തിന് രണ്ടു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

11. നമ്മുടെ യാഥാർഥ്യഗ്രഹണത്തെ നവീകരിക്കുകയാണ് കലയുടെ ധർമമെന്ന് വിക്ടർ ഷ്ക്ലോവിസ്കി പറയുന്നു - വിശദീകരിക്കുക.
12. സ്ലവോയ് സിസെക്കിന്റെ പ്രത്യയശാസ്ത്രപരികൽപന വിശദമാക്കുക.
13. കവിതയെ മതത്തിനും തത്വചിന്തയ്ക്കും ശാസ്ത്രത്തിനും ഉപരിയായി മാത്യു അർനോൾഡ് പ്രതിഷ്ഠിക്കുന്നു - വിശദീകരിക്കുക.
14. കാവ്യഭാഷയെക്കുറിച്ചുള്ള വേർഡ്സ്വർത്തിന്റെ അഭിപ്രായം വിമർശനാത്മകമായി പരിശോധിക്കുക.
15. ബാഖ്തിൻ അവതരിപ്പിക്കുന്ന കാർണിവൽ സിദ്ധാന്തത്തിന്റെ പ്രസക്തി എന്ത്?
16. ഉത്തരാധുനികതയെ ബോദ്രിയാർ വിശദീകരിക്കുന്നതെങ്ങനെ?
17. ഴാങ് പ്യാഷെ ഘടനയെ എങ്ങനെ വിശദീകരിക്കുന്നു?
18. ഉദാത്തതയുടെ ഉറവിടങ്ങളായി ലോംഗിനസ് ചൂണ്ടിക്കാട്ടുന്നതെന്തെല്ലാം? **(6x2=12)**

**III രണ്ടു ചോദ്യത്തിന് അഞ്ചു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

19. റൊമാന്റിക് കാവ്യഭാവുകത്വത്തിനെതിരായ വിമർശനസമീപനമാണ് ടി.എസ്. എലിയട്ടിന്റേത് - ചർച്ച ചെയ്യുക.
20. ക്ലാസിക്കൽ മാർക്സിസ്റ്റ് സമീപനത്തിൽനിന്നു ഫ്രാങ്ക്ഫർട്ട് ചിന്തകരുടെ കലാസമീപനം എങ്ങനെ വ്യത്യസ്തമായിരിക്കുന്നു?
21. ഫ്രോയിഡിന്റെ മനോവിജ്ഞാനീയപരികൽപനകളും ലകാന്റെ സങ്കൽപനങ്ങളും യോജിക്കുകയും വിയോജിക്കുകയും ചെയ്യുന്ന മുഹൂർത്തങ്ങളുണ്ട്. കലാവിമർശനതത്വങ്ങളെ മുൻനിർത്തി ചർച്ച ചെയ്യുക.
22. ഗ്രന്ഥകാരന്റെ മരണം എന്ന സങ്കൽപനത്തിലൂടെ ബാർത്ത് മുന്നോട്ട് വെയ്ക്കുന്ന കാഴ്ചപ്പാടെന്തെന്നു വിശദമാക്കുക. **(2x5=10)**

**Model Question Paper**

**യു.സി.കോളേജ്, ആലുവ**

**പി.ജി മലയാളം പ്രോഗ്രാം**

**UCML 010401 നാടകവും സിനിമയും**

**Time: 3 Hrs.** **Weight: 30**

**I എട്ടു ചോദ്യത്തിന് ഓരോ പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

1. അരിസ്റ്റോട്ടിലിന്റെ നാടകദർശനം വിലയിരുത്തുക.
2. അസംബന്ധനാടകവേദിയുടെ പ്രത്യേകതകൾ ഏവ?
3. തെരുവുനാടകരംഗത്ത് സഫ്ദർ ഹശ്മിയുടെ സംഭാവനകൾ എന്തെല്ലാം?
4. പരീക്ഷണനാടകമെന്ന നിലയിൽ ക്രൈം നാടകത്തെ വിലയിരുത്തുക.
5. ലോകധർമി, നാട്യധർമി ഇവ എന്തെന്നു വിശദമാക്കുക.
6. ചലച്ചിത്രരംഗത്ത് ആൽഫ്രഡ് ഹിച്ച്കോക്കിൻ്റെ സംഭാവനകൾ എന്ത്?
7. കുറസോവയുടെ ചലച്ചിത്രസങ്കൽപത്തെക്കുറിച്ച് വിശദമാക്കുക.
8. സാഹിത്യവും സിനിമയും തമ്മിലുള്ള ബന്ധത്തെ വിമർശനാത്മകമായി വിലയിരുത്തുക.
9. സമകാലികപ്രസക്തിയുള്ള വിഷയം കൈകാര്യം ചെയ്യുന്ന സിനിമയാണ് മാൻഹോൾ - വിശദമാ ക്കുക.
10. അടൂർ ഗോപാലകൃഷ്ണന്റെ പ്രധാന ചലച്ചിത്രങ്ങൾ പരിചയപ്പെടുത്തുക. **(8x1=8)**

**II ആറു ചോദ്യത്തിന് രണ്ടു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

11. ഭാസനാടകങ്ങളുടെ സവിശേഷതകൾ സ്വപ്നവാസവദത്തത്തെ മുൻനിർത്തി വിശദമാക്കുക.
12. സ്ത്രീനാടകവേദിയെപ്പറ്റി വിശദീകരിക്കുക.
13. മൂന്നാംലോകസിനിമയുടെ സവിശേഷതകൾ എന്തെല്ലാം?
14. മലയാളത്തിലെ സമാന്തരസിനിമാലോകത്തിന്റെ പ്രത്യേകതകൾ വിവരിക്കുക.
15. എം.ടി.യുടെ തിരക്കഥകളുടെ സവിശേഷതകൾ വിവരിക്കുക.
16. പ്രൊഫഷണൽ നാടകവേദി മലയാളനാടകവേദിക്ക് നൽകിയ സംഭാവനകൾ വിലയിരുത്തുക.
17. അനുവർത്തനസിനിമാചരിത്രത്തിലെ അത്ഭുതമായിരുന്നു പെരുന്തച്ചൻ- വിശദമാക്കുക.
18. ഇന്ത്യൻ നവസിനിമയുടെ സവിശേഷതകൾ ഏവ? **(6x2=12)**

**III രണ്ടു ചോദ്യത്തിന് അഞ്ചു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക .**

19. ജനപ്രിയതയുടെ മാറുന്ന സമവാക്യങ്ങൾ സമകാലികമലയാളസിനിമയെ മുൻനിർത്തി ചർച്ച ചെയ്യുക.
20. തനതുനാടകവേദിയുടെ സവിശേഷതകൾ മാതൃകകളെ മുൻനിർത്തി വിശകലനം ചെയ്യുക.
21. മലയാളത്തിലുണ്ടായിട്ടുള്ള വിവിധ നാടകവേദികളെ പരിചയപ്പെടുത്തുക.
22. ലോകസിനിമയ്ക്ക് ഐസൻസ്റ്റീൻ, ഗ്രിഫിത്ത്, ചാർലി ചാപ്ലിൻ എന്നിവരുടെ സംഭാവനകൾ എന്തെല്ലാം? **(2x5=10)**

## Model Question Paper

### യൂ.സി.കോളേജ്, ആലുവ

### പി.ജി മലയാളം പ്രോഗ്രാം

### UCML 010402 സാഹിത്യചരിത്രവിജ്ഞാനീയവും ഗവേഷണത്തിന്റെ രീതിശാസ്ത്രവും

**Time: 3 Hrs.** **Weight: 30**

**I എട്ട ചോദ്യത്തിന് ഓരോ പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

1. ദേശചരിത്രം സാഹിത്യചരിത്രരചനയുടെ ആമുഖമാകുന്നതെന്തുകൊണ്ട്?
2. സാഹിത്യചരിത്രരചനയുടെ ഉപാദാനങ്ങളേവ?
3. പി. ഗോവിന്ദപ്പിള്ളയുടെ സാഹിത്യചരിത്രത്തിന്റെ ചരിത്രപ്രസക്തിയെന്ത്?
4. പ്രാസവാദത്തെ സാഹിത്യചരിത്രങ്ങൾ വിലയിരുത്തുന്നതെങ്ങനെ?
5. ഭാഷാപിതാവ് എന്ന സങ്കല്പത്തെ സാഹിത്യചരിത്രങ്ങൾ അവതരിപ്പിക്കുന്നതെങ്ങനെ?
6. ജനപ്രിയസാഹിത്യഘടകങ്ങൾക്ക് സാഹിത്യചരിത്രങ്ങൾ വേണ്ടത്ര പ്രാധാന്യം നൽകുന്നുണ്ടോ എന്ന് പരിശോധിക്കുക.
7. മലയാളകവിതയുടെ അടിവേരുകളായി നാടൻപാട്ടുകളെ സാഹിത്യചരിത്രങ്ങൾ സങ്കൽപിക്കുന്നുണ്ടോ? - അന്വേഷിക്കുക.
8. സാഹിത്യഗവേഷണത്തിന്റെ വിവിധ മേഖലകളേവ?
9. സാഹിത്യചരിത്രങ്ങൾക്കുള്ളിലെ കാനോനീകരണയുക്തികളേവ?
10. പ്രാചീനകവിത്രയത്തെ സാഹിത്യചരിത്രങ്ങൾ എങ്ങനെ അവതരിപ്പിക്കുന്നു? **(8x1=8)**

**II ആറ് ചോദ്യത്തിന് രണ്ടു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

11. അന്തർവൈജ്ഞാനികഗവേഷണത്തിന്റെ പ്രാധാന്യം വ്യക്തമാക്കുക?
12. സാഹിത്യചരിത്രങ്ങളിലെ ഘട്ടവിഭജനത്തിന്റെ പ്രസക്തിയെന്ത്?
13. കേരളസാഹിത്യചരിത്രത്തെ വിമർശനാത്മകമായി വിലയിരുത്തുക.
14. ആധുനികകവിത്രയത്തെ സാഹിത്യചരിത്രങ്ങൾ അടയാളപ്പെടുത്തുന്നതെങ്ങനെ?
15. ഗദ്യം, പദ്യം എന്ന വിഭജനം സാഹിത്യചരിത്രരചനയിൽ എത്രമാത്രം പ്രസക്തമാണ്?
16. ഗവേഷണത്തെ സൈദ്ധാന്തികസമീപനങ്ങൾ എത്രമാത്രം സഹായിക്കുന്നുണ്ട് എന്ന പരിശോധിക്കുക.
17. സ്ത്രീപക്ഷസാഹിത്യചരിത്രവിജ്ഞാനീയമെന്നാലെന്ത്?
18. സാഹിത്യചരിത്രരചനയുടെ ലക്ഷ്യങ്ങൾ എന്തെല്ലാം? **(6x2=12)**

**III രണ്ടു ചോദ്യത്തിന് അഞ്ചു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

19. പാർശ്വവൽകൃതജനതയുടെ ആവിഷ്കാരങ്ങളെ ചരിത്രവൽകരിക്കുന്നതിൽ സാഹിത്യചരിത്രങ്ങൾ എത്രമാത്രം ശ്രദ്ധ ചെലുത്തുന്നു എന്ന വിലയിരുത്തുക.
20. പ്രസ്ഥാനവൽകരണം എന്നാലെന്ത്? അതിന്റെ സാധ്യതകളും പരിമിതികളും പരിശോധിക്കുക.
21. വ്യക്തിമഹത്വവാദം എന്തെന്ന് സാഹിത്യചരിത്രങ്ങളിൽനിന്നുള്ള ഉദാഹരണങ്ങൾ സഹിതം വിശദമാക്കുക.
22. പ്രധാനപ്പെട്ട നോവൽസാഹിത്യചരിത്രങ്ങൾ പരിചയപ്പെടുത്തി അവയുടെ സമീപനരീതികൾ വിശക ലനം ചെയ്യുക.

**(2x5=10)**

**Model Question Paper**

**യൂ.സി.കോളേജ്, ആലുവ**

**പി.ജി മലയാളം പ്രോഗ്രാം**

**UCML 800401 വിവർത്തനസാഹിത്യം**

**Time: 3 Hrs.** **Weight: 30**

**I എട്ടു ചോദ്യത്തിന് ഓരോ പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

1. എന്താണു പരിഭാഷ? നിർവചിക്കുക.
2. ഇരുട്ട് എന്ന കവിതയുടെ പരിഭാഷയിൽ ബാലചന്ദ്രൻ ചുള്ളിക്കാട് അവലംബിച്ചിട്ടുള്ള സമീപന രീതി യെന്താണ്?
3. യുഅനന്തമൂർത്തിയുടെ സംസ്കാരം എന്ന നോവലിൻ്റെ പശ്ചാത്തലമെന്ത് .ആർ.?
4. എ.രാമാനുജന്റെ പരിഭാഷാശ്രമങ്ങളെക്കുറിച്ച് കുറിപ്പെഴുതുക .കെ.
5. അനുഭൂതി എന്ന കവിതയുടെ ഭാവതലം വിശദമാക്കുക.
6. ജീവിതാസക്തി എന്ന കൃതി മലയാളിയുടെ ചിന്താമണ്ഡലത്തിലുണ്ടാക്കിയ സ്വാധീനമെന്ത്?
7. റഷ്യൻ ഭാഷയിൽനിന്നു മലയാളത്തിലേക്ക് വന്നിട്ടുള്ള ഏതാനും കൃതികൾ പരിചയപ്പെടുത്തുക.
8. യന്ത്രപരിഭാഷയുടെ സാധ്യതകളും പരിമിതികളും വിശദമാക്കുക.
9. മൊനേർ മാനുഷ് എന്ന ശീർഷകത്തിൻ്റെ പ്രാധാന്യമെന്ത്?
10. ബോർഹസിന്റെ രണ്ടു രാജാക്കന്മാരും രണ്ടു വഴിക്കുരുക്കുകളും എന്ന കഥയുടെ കലാകൗശലം വ്യക്ത മാക്കുക.

**(8x1=8)**

**II ആറു ചോദ്യത്തിന് രണ്ടു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക .**

11. ഗായത്രി ചക്രവർത്തി സ്പിവാക്കിന്റെ പരിഭാഷാവിചാരങ്ങൾ ചുരുക്കിയെഴുതുക.
12. ഫ്രഞ്ച് കവിതാവിവർത്തനങ്ങളുടെ സ്വാധീനം മലയാളത്തെ എപ്രകാരമെല്ലാമാണു സ്വാധീനിച്ചിട്ടുള്ളതെന്ന് ആർതർ റിംബോയുടെ അനുഭൂതി എന്ന കവിതയെ അടിസ്ഥാനമാക്കി വിശദീകരിക്കുക.
13. രക്തവിവാഹം എന്ന കൃതിയിലെ നാടകീയസന്ദർഭങ്ങൾ ക്രോഡീകരിക്കുക.
14. അന്യഭാഷകളിൽനിന്നു മലയാളത്തിലേക്കു നടക്കുന്ന സമകാലികവിവർത്തനത്തിന്റെ സ്വഭാവമെന്ത്?
15. ബൈബിൾ വിവർത്തനങ്ങൾ മലയാളസാഹിത്യത്തെ എങ്ങനെയൊക്കെയാണു സ്വാധീനിച്ചിട്ടുള്ളത്?
16. വിവർത്തനത്തെ സംബന്ധിച്ച് ഉത്തരഘടനാവാദവിചാരങ്ങൾ സംഗ്രഹിക്കുക.
17. ബംഗാളി കൃതികളുടെ സ്വാധീനം മലയാളത്തിൽ ഉണ്ടാക്കിയിട്ടുള്ള ചലനങ്ങൾ മൊനേർ മാനിഷ് എന്ന കൃതിയുടെ പശ്ചാത്തലത്തിൽ വിശദമാക്കുക.
18. ബർതോൾഡ് ബ്രഹ്ത്തിന്റെ സ്വാധീനം മലയാളനാടകസംസ്കാരത്തിൽ ഉണ്ടാക്കിയിട്ടുള്ള ചലനങ്ങൾ നല്ല സ്ത്രീ എന്ന കൃതിയെ അടിസ്ഥാനപ്പെടുത്തി ചർച്ച ചെയ്യുക. **(6x2=12)**

III രണ്ടു ചോദ്യത്തിന് അഞ്ചു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക .

19. സംസ്കൃതകൃതികളുടെ വിവർത്തനത്തിന്റെ ചരിത്രം വിവരിക്കുക.
20. വാൾട്ടർ ബന്യാമിൻരഞ്ജിത് ഗുഹ എന്നിവരുടെ വിവർത്തനചിന്തകൾ വിമർശനാത്മകമായി പരി , ശോധിക്കുക.
21. താഴെ തന്നിരിക്കുന്ന ഗദ്യഭാഗം മലയാളത്തിലേക്കു വിവർത്തനം ചെയ്യുക.

In the shade of the house, in the sunshine of the riverbank near the boats, in the shade of the Salwood forest, in the shade of the fig tree is where Siddhartha grew up, the handsome son of the Brahman, the young falcon, together with his friend Govinda, son of a Brahman.The sun tannned his light shoulders by the banks of the river when bathing, performing the sacred ablutions,the sacred offerings. In the mango grove, shade poured into his black eyes, when playing as a boy, when his mother sang, when the sacred offerings where made, when his father, the scholar, taught him, when the wise men talked. For along time, Siddhartha had been parttaking in the discussions of the wise men, practising debate with Govinda, practising with Govinda the art of reflection, the service of meditation.He already knew how to speak the Om silently, the word of words, to speak it silently into himself while inhaling, to speak it silently out of himself while exhaling, with all the concentration of his soul, the forehead surrounded by the glow of the clear-thinking spirit. He already new to feel Atman in the depths of his being, indestructible, one with the universe.

Joy leapt in his father's heart for his son who was quick to learn, thirssty for knowledge; he saw him growing up to become great wise man and priest, a prince among the Brahmans.

Bliss leapt in his mother's breast when she saw him, when she saw him walking, when she saw him sit down and get up, Siddhartha, strong, handsome, he who was walking on slender legs, greeting her with perfect respect.

Love touched the hearts of the Brahmins' young daughters when Siddhartha walked through the lanes of the town with the luminous forehead, with the eye of a king, with his slim hips.

22. താഴെക്കൊടുത്തിരിക്കുന്ന കവിത മലയാളത്തിലേക്കു വിവർത്തനംചെയ്യുക.

**The Tyger**

Tyger Tyger, burning bright,
in the forests of the night;
What Immortal hand or eye,
Could frame thy fearful symmetry?

In what distant deeps or skies,
Burnt the fire of thine eyes?
On what wings dare he aspire?
What the hand, dare seize the fire?

And what shoulder, and what art,

Could twist the sinews of thy heart?
And when thy heart began to beat,
What dread hand? And what dread feet?

What the hammer? what the chain,
In what furnace was thy brain?
What the anvil? What dread grasp,
Dare its deadly terrors clasp!

When the stars threw down their spears
And water'd heaven with their tears;
Did he smile his work to see?
Did he who made the Lamp make thee?

Tyger Tyger, burning bright,
in the forests of the night;
What Immortal hand or eye,
Could frame thy fearful symmetry?

By William Blake **(2x5=10)**

**Model Question Paper**

**യൂ.സി.കോളേജ്, ആലുവ**

**പി.ജി മലയാളം പ്രോഗ്രാം**

**UCML 800402 ദളിത് - സ്ത്രീ - പരിസ്ഥിതി സാഹിത്യവിചാരം**

**Time: 3 Hrs.** **Weight: 30**

**I എട്ടു ചോദ്യത്തിന് ഓരോ പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

1. മൂന്നാംലോകസ്ത്രീവാദത്തെക്കുറിച്ചൊരു ലഘുപഠനം തയ്യാറാക്കുക.
2. പി.ആർ.ഡി.എസ്. - കുറിപ്പെഴുതുക.
3. അശോകൻ മറയൂരിന്റെ കവിതകൾ ഉൾക്കൊള്ളുന്ന വീണ്ടെടുപ്പിന്റെ ചിഹ്നങ്ങൾ വിശകലനത്തിന് വിധേയമാക്കുക.
4. "അക്കരേലോ ഇക്കരേലോ വേറൊരു കടേല്
   ഉഴുന്നരയ്ക്കാനും അരി കുതിർക്കാനും" - സന്ദർഭവും സാംഗത്യവും വിശദമാക്കുക.
5. ഞാനും എന്റെ ദൈവവും എന്ന കഥ ഉൾക്കൊള്ളുന്ന സ്ത്രീവാദ-ഹരിതാത്മീയതയുടെ സാധ്യതകൾ വിശകലനം ചെയ്യുക.
6. ദളിത് ഫെമിനിസത്തിന് ആമുഖം തയ്യാറാക്കുക.
7. കേരളത്തിലെ ഭൂസമരങ്ങളുടെ പ്രസക്തി വിവരിക്കുക.
8. സുജ എന്ന കവിത മുന്നോട്ട് വെയ്ക്കുന്ന സ്വത്വപ്രതിസന്ധി വിശദീകരിക്കുക.
9. ഡി. വിനയചന്ദ്രന്റെ കവിതകളിൽ കടന്നുവരുന്ന പാരിസ്ഥിതികാവബോധത്തിന്റെ വ്യത്യസ്തതലം കാട് എന്ന കവിതയെ മുൻനിർത്തി വിശകലനം ചെയ്യുക.
10. വനപർവം എന്ന കവിതയുടെ സമകാലികപ്രസക്തി വിശദീകരിക്കുക. **(8x1=8)**

**II ആറു ചോദ്യത്തിന് രണ്ടു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക .**

11. ചതുരംഗം, സർപയജ്ഞം എന്നീ കഥകളിൽ പ്രതിഫലിക്കുന്ന ജീവിതാവിഷ്കാരം വിശദമാക്കുക.
12. കറുത്ത ദൈവം എന്ന സങ്കല്പം മുന്നോട്ട് വെയ്ക്കുന്ന ദളിത് ആത്മീയതയുടെ സാധ്യതകൾ വിശകലനം ചെയ്യുക.
13. അംബികാസുതൻ മാങ്ങാടിന്റെ രചനകളിലെ പാരിസ്ഥിതികരാഷ്ട്രീയം പരിശോധിക്കുക.
14. ഭ്രാന്ത്, പറയപ്പതി എന്നീ കഥകളിലെ ദളിത് അനുഭവാവിഷ്കാരം സംഗ്രഹിക്കുക.
15. ബാലാമണിയമ്മ, സുഗതകുമാരി എന്നിവരുടെ കവിതകൾക്ക് മലയാളസ്ത്രീകവിതാചരിത്രത്തിലുള്ള പ്രസക്തി വിലയിരുത്തുക.
16. അധിനിവേശ ആധുനികതയുടെ പശ്ചാത്തലത്തിൽ കുഞ്ഞുലച്ച്മി എന്ന നോവലിൻ്റെ വിശകലനം നിർവഹിക്കുക.
17. പരിസ്ഥിതി - സ്ത്രീ - ശിശുനീതിയുടെ സാന്ദ്രമായ ആവിഷ്കാരമാണ് ഹെർബേറിയം - വിവരിക്കുക.
18. പ്രണയത്തിന്റെ രാഷ്ട്രീയമാണ് പ്രേമഭാജനത്തിന്റെ പ്രമേയം - വിശദമാക്കുക. **(6x2=12)**

**III രണ്ടു ചോദ്യത്തിന് അഞ്ചു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക .**

19. ഭ്രാന്ത് എന്ന കഥയിലെ ദളിതവബോധത്തെ വിശകലനം ചെയ്യുക.
20. സ്ത്രീവാദവായനയുടെ രാഷ്ട്രീയമാണ് മലയാളത്തിലെ സ്ത്രീവിമർശനത്തെ ശക്തമാക്കുന്നത്. പാഠഭാഗത്തുള്ള ലേഖനങ്ങളെ അടിസ്ഥാനമാക്കി വിശദീകരിക്കുക.

21. ഹരിതരാഷ്ട്രീയത്തിന്റെ സാധ്യതകൾ ജി. മധുസൂദനന്റെയും എസ്. കാപ്പന്റെയും വിമർശനത്തെ സ്വാധീനിക്കുന്നതെങ്ങനെ?
22. പരീക്ഷണാത്മകതയ്ക്ക് നാടകരംഗത്തുള്ള സാധ്യതകളാണ് തൊഴിൽകേന്ദ്രത്തിലേക്ക് എന്ന നാടകത്തിൽ പ്രത്യക്ഷമാകുന്നത്. വിശകലനം ചെയ്യുക. **(2x5=10)**

**Model Question Paper**

**യൂ.സി.കോളേജ്, ആലുവ**

**പി.ജി മലയാളം പ്രോഗ്രാം**

**UCML 800403 സൈബർസംസ്കാരവും സാഹിത്യവും**

**Time: 3 Hrs.** **Weight: 30**

**I എട്ടു ചോദ്യത്തിന് ഓരോ പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

1. സൈബോർഗ് എന്ന വാക്കുകൊണ്ട് ഉദ്ദേശിക്കുന്നതെന്ത്?
2. കൊടകര പുരാണം - കുറിപ്പെഴുതുക.
3. സൈബർ സ്പേസ് എന്നാലെന്ത്?
4. മലയാളലിപിയുടെ ചരിത്രത്തിൽ യൂണിക്കോഡിനുള്ള സ്ഥാനമെന്ത്?
5. നവമാധ്യമങ്ങളിലൂടെ പ്രചാരം നേടിയ അനുഭവവിവരണങ്ങൾക്ക് ഒരാമുഖമെഴുതുക.
6. ഇന്റർനെറ്റ് സംസ്കാരത്തെ മാനവൽ കാസ്റ്റൽസ് തരംതിരിക്കുന്നതെങ്ങനെ?
7. ഗ്രന്ഥശാലകൾ ഡിജിറ്റലൈസ് ചെയ്യേണ്ടതിന്റെ പ്രാധാന്യമെന്ത്?
8. പുതുകാലത്തെ വായനയിൽ ഇ-ബുക്കിന്റെ പ്രാധാന്യമെന്ത്?
9. തിരമൊഴി എന്ന സങ്കൽപനം വിശദീകരിക്കുക.
10. ഹൈപ്പർ ലിങ്ക് എന്നാലെന്ത്? **(8x1=8)**

**II ആറു ചോദ്യത്തിന് രണ്ടു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

11. സ്വയംപ്രസാധനത്തിന് നവമാധ്യമങ്ങൾ തുറന്നുതരുന്ന സാധ്യതകളെന്തെല്ലാം?
12. മലയാളലിപിയുടെ ചരിത്രം പുതുസാങ്കേതികവിദ്യയുമായി എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു?
13. സമകാലികജീവിതത്തിന് ഇ-സാക്ഷരത എത്രത്തോളം അനിവാര്യമാണ്?
14. വ്യക്തിപരമായ സ്വകാര്യതയെ പുതുസാങ്കേതികോപകരണങ്ങൾ വിപരീതമായി ബാധിക്കുന്നു എന്ന ആശങ്കയ്ക്ക് എത്രത്തോളം പ്രസക്തിയുണ്ട്?
15. പ്രകടനകലയെ സൈബർ ഇടവുമായി ബന്ധിപ്പിച്ചുള്ള റിച്ചാർഡ് ഷെഹനറുടെ നിരീക്ഷണങ്ങൾ സംഗ്രഹിക്കുക.
16. "ഇത് ഒരു സത്യാനന്തരകാലമാണ്" എന്ന നിരീക്ഷണത്തിന്റെ പ്രസക്തിയെന്ത്?
17. മലയാളം വിക്കിപീഡിയയുടെ പ്രത്യേകതകൾ പരിചയപ്പെടുത്തുക.
18. സൈബർ ഇടത്തിലെ സംവേദനരീതിയുടെ പ്രത്യേകതകളെന്തെല്ലാം? **(6x2=12)**

**III രണ്ടു ചോദ്യത്തിന് അഞ്ചു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

19. ഇന്റർനെറ്റിലെ സാമൂഹികമായ കൂട്ടായ്മകൾ സമകാലികസംസ്കാരത്തെ സ്വാധീനിക്കുന്നതെങ്ങനെ?
20. സൈബർ സംസ്കാരം ഇക്കാലത്തെ കവിതകളെ നിർണയിക്കുന്നതെങ്ങനെയെന്ന് ഉദാഹരണസഹിതം വിശദീകരിക്കുക.

Est. in 1921
THE TRUTH SHALL MAKE YOU FREE

21. സമകാലികമായ ലിംഗവിവേചനത്തിനും ജാതി-മതവിവേചനത്തിനുമെതിരേ പ്രതിരോധം തീർക്കു വാൻ നവമാധ്യമങ്ങൾ സഹായിക്കുന്നുണ്ടോ? വിശകലനം ചെയ്ത് സ്വന്തം അഭിപ്രായം വ്യക്തമാക്കുക.
22. സമകാലിക സൈബർ സംസ്കാരത്തിന്റെ സങ്കീർണതകൾ വ്യസനസമുച്ചയം എന്ന നോവലിൽ എങ്ങനെ ആവിഷ്കരിച്ചിരിക്കുന്നു? **(2x5=10)**

**Model Question Paper**

**യൂ.സി. കോളേജ് ആലുവ.**

**പി. ജി. മലയാളം പ്രോഗ്രാം**

**UCML 810401 ഫോക് ലോർ**

**Time: 3 Hrs.** **Weight: 30**

**I എട്ടു ചോദ്യത്തിന് ഓരോ പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

1. ഡാൻ ബെൻ അമോസിന്റെ ഫോക് ലോർ നിർവചനം വിമർശനാത്മകമായി പരിശോധിക്കുക.
2. ചരിത്രപരവും ഭൂമിശാസ്ത്രപരവുമായ ഫോക് ലോർ പഠനരീതിയുടെ പരിമിതി എന്ത്?
3. ഫോക് ലോർ ജനുസ്സുകളെക്കുറിച്ചുള്ള ചിന്തയിൽ etic, emic സമീപനങ്ങളുടെ പ്രസക്തി എന്ത്?
4. പ്രധാനപ്പെട്ട തെക്കൻപാട്ടു വിഭാഗങ്ങൾ ഏതെല്ലാം?
5. സന്ദർഭമാണു പഴഞ്ചൊല്ലിന്റെ ജീവൻ എന്നു പറയുന്നത് എന്തുകൊണ്ട്?
6. കടങ്കഥ എന്ന ജനുസ്സിന് സമകാലികമായുണ്ടാകുന്ന മാറ്റത്തിന്റെ സ്വഭാവമെന്ത്?
7. പബ്ലിക് ഫോക് ലോർ എന്നതുകൊണ്ട് അർഥമാക്കുന്നതെന്ത്?
8. സാമൂഹികഘടനയുമായി ആചാരങ്ങൾക്കുള്ള ബന്ധം വിശദമാക്കുക.
9. കേരളത്തിലെ നാടോടിവിനോദനാടകങ്ങൾക്കു പ്രമേയപരമായുള്ള സമാനത വിശദീകരിക്കുക.
10. പ്രയുക്തഫോക് ലോർ എന്ന സങ്കൽപനം വിശദീകരിക്കുക. **(8x1=8)**

**II ആറു ചോദ്യത്തിന് രണ്ടു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക .**

11. സമകാലികഫോക് ലോർ പഠനത്തിൽ ഫോക് ലോറിസത്തിനുള്ള പ്രാധാന്യം പരിശോധിക്കുക.
12. കേരളത്തിലെ പാരമ്പര്യഭക്ഷണനിർമാണത്തെ നിർണയിച്ചിരുന്ന പൊതുതത്വങ്ങൾ എടുത്തുകാട്ടാനാകുമോ? പരിശോധിക്കുക.
13. ഫോക് ലോറും സംസ്കാരപഠനവുമായുള്ള ബന്ധം വിശദീകരിക്കുക.
14. ഫോക് ലോർ എന്ന വിജ്ഞാനശാഖയുടെ രൂപവൽകരണത്തിന് ആസ്പദമായിത്തീർന്ന ചരിത്ര സാഹചര്യമെന്ത്?
15. വടക്കൻപാട്ടുകളുടെ പ്രമേയപരിസരവും ആഖ്യാനശൈലിയും വിശദീകരിക്കുക.
16. കുട്ടികളുടെ പാട്ടുകളിൽ പ്രകടമാകുന്ന അസംബന്ധസ്വഭാവത്തെ വിശകലനം ചെയ്യുക.
17. കേരളത്തിലെ ഐതിഹ്യങ്ങളുടെ ശേഖരണത്തിലും പാഠവത്കരണത്തിലും ഗൗരവതരമായ പ്രശ്ന ങ്ങളുണ്ട് - വിശദമാക്കുക.
18. പടയണിയുടെ അവതരണച്ചടങ്ങുകൾക്കുള്ള സാമാന്യസ്വഭാവമെന്ത്? **(6x2=12)**

III രണ്ടു ചോദ്യത്തിന് അഞ്ചു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക .

19. കേരളത്തിലെ നാടോടിനൃത്തരൂപങ്ങളിൽ പ്രകടമാകുന്ന സമാനതകളും വ്യത്യസ്തതകളും ചർച്ച ചെയ്യുക.
20. കേരളത്തിലെ അനുഷ്ഠാനനാടകങ്ങളിൽ നാടകീയാംശങ്ങൾ കൂടുതലുള്ളത് മുടിയേറ്റിലാണ്. വിമർ ശനാത്മകമായി പരിശോധിക്കുക.
21. ഫോക് ലോറിൽ സമകാലികമായി വികസിച്ചുവന്നിരിക്കുന്ന പഠനമേഖലകളുടെ പ്രാധാന്യം കേര ളീയസന്ദർഭത്തെ മുൻനിർത്തി ചർച്ച ചെയ്യുക.
22. കേരളത്തിൽ ഉർവരതാനുഷ്ഠാനങ്ങൾക്ക് സമകാലികമായി സംഭവിച്ചുകൊണ്ടിരിക്കുന്ന പരിണാമങ്ങളെ സംസ്കാരപഠനതത്വങ്ങളുടെ വെളിച്ചത്തിൽ വിശകലനം ചെയ്യുക. **(2x(10=5**

**Model Question Paper**

**യു.സി. കോളേജ് ആലുവ.**

**പി. ജി. മലയാളം പ്രോഗ്രാം**

**UCML 810402 ഗദ്യസാഹിത്യമാതൃകകൾ**

**Time: 3 Hrs.** **Weight: 30**

**I എട്ടു ചോദ്യത്തിന് ഓരോ പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

1. ഹെർമൻ ഗുണ്ടർട്ടിന്റെ ഭാഷാസേവനം വിലയിരുത്തുക.
2. കേട്ടെഴുത്താത്മകഥയുടെ പ്രസക്തിയും പരിമിതിയും എന്ത്?
3. ബ്ലോഗെഴുത്ത്, ബ്ലോഗെഴുത്തുഭാഷാശൈലി ഇവ എന്തെന്ന് വിവരിക്കുക.
4. ആനയും അല്പം തെലുങ്കും എന്ന ലേഖനം മുന്നോട്ട് വെയ്ക്കുന്ന ഭാഷാവബോധനസമീപനങ്ങൾ എന്തെല്ലാമാണ്?
5. കത്തുരൂപങ്ങൾ മലയാളഗദ്യസാഹിത്യത്തിനു നൽകിയ സംഭാവനകൾ വിവരിക്കുക.
6. പത്രഭാഷയുടെ സവിശേഷതകൾ എന്തെല്ലാം?
7. പഴഞ്ചൊല്ലുകളുടെ ഭാഷാപരമായ സവിശേഷതകൾ എന്തെല്ലാം?
8. മലയാളഭാഷയിലെ സംസ്കൃതസ്വാധീനം പ്രാചീനവൈജ്ഞാനികമാതൃകകളെ മുൻനിർത്തി വിശകലനം ചെയ്യുക.
9. സ്ത്രീവിദ്യാഭ്യാസത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് കേരളവർമ വലിയകോയിത്തമ്പുരാന്റെ നിരീക്ഷണങ്ങൾ വിശദമാക്കുക.
10. വ്യവഹാരഭാഷയുടെ സൗന്ദര്യം തലശ്ശേരിരേഖകളിൽ പ്രകടമാകുന്നതെങ്ങനെയെന്ന് ഉദാഹരണസഹിതം വിലയിരുത്തുക. **(8x1=8)**

**II ആറു ചോദ്യത്തിന് രണ്ടു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക .**

11. ലോകകാഴ്ചകളെ കേരളീയനാട്ടുപരിസരവുമായി താരതമ്യം ചെയ്യുന്ന ആഖ്യാനരീതിയാണ് വർത്തമാനപ്പുസ്തകത്തിൽ - ചർച്ച ചെയ്യുക.
12. ആദ്യകാലസ്ത്രീമാസികകളുടെ സാംസ്കാരികപരിസരം വ്യക്തമാക്കുക.
13. പ്രാന്തവൽകൃതജനജീവിതത്തെ മുഖ്യധാരയിൽ അടയാളപ്പെടുത്തുന്ന ആഖ്യാനരീതി അകലങ്ങളിലെ മനുഷ്യർ എന്ന കൃതിയിൽ കടന്നുവരുന്നതെങ്ങനെയെന്ന് വിശദമാക്കുക.
14. അഭിമുഖസംഭാഷണം തയ്യാറാക്കുമ്പോൾ ശ്രദ്ധിക്കേണ്ടതെന്തെല്ലാം?
15. ദേശചരിത്രരചനയുടെ സവിശേഷതകൾ മാട്ട് എന്ന ലേഖനത്തെ മുൻനിർത്തി വിവരിക്കുക.
16. പത്തൊമ്പതാം നൂറ്റാണ്ടിലെ മലയാളഗദ്യത്തിന്റെ വളർച്ചയിൽ വിവർത്തനകൃതികൾക്കുള്ള പ്രാധാന്യം വിലയിരുത്തുക.
17. ശാസ്ത്രവിഷയങ്ങൾ മലയാളഭാഷയിൽ അവതരിപ്പിക്കുന്നതിന്റെ ശക്തിയും സൗന്ദര്യവും എൻ.വി.യുടെ വെയിലിൽനിന്നും വിദ്യുച്ഛക്തി എന്ന ലേഖനത്തിൽ കാണാനാകും. ചർച്ച ചെയ്യുക.
18. ജീവചരിത്രസാഹിത്യത്തിന്റെ ആഖ്യാനത്തിലും ഉള്ളടക്കത്തിലുമുള്ള പ്രത്യേകതകൾ നാരായണഗുരുസ്വാമി എന്ന കൃതിയെ മുൻനിർത്തി വിശദീകരിക്കുക. **(6x2=12)**

**III രണ്ടു ചോദ്യത്തിന് അഞ്ചു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

19. ഭാഷാകൗടലീയം, ശാസനഭാഷ, ആട്ടപ്രകാരം എന്നിവയുടെ ഭാഷാപരവും സാഹിത്യപരവുമായ പ്രത്യേകതകൾ വിശകലനം ചെയ്യുക.
20. വ്യത്യസ്തവിഷയങ്ങൾ ആഖ്യാനം ചെയ്യുമ്പോൾ ഗദ്യത്തിനു സംഭവിക്കുന്ന പരുവപ്പെടലുകൾ പത്തൊമ്പതാം നൂറ്റാണ്ടിലെ മലയാളഗദ്യസാഹിത്യമാതൃകകളെ ആസ്പദമാക്കി ചർച്ച ചെയ്യുക.
21. ഉപന്യാസരചനകൾ മലയാളഗദ്യത്തിന്റെ വളർച്ചയ്ക്ക് നൽകിയ സംഭാവനകൾ വിവരിക്കുക.
22. നവസാങ്കേതികമേഖലയിൽ മലയാളഗദ്യത്തിന്റെ ബഹുമുഖസാധ്യതകൾ വിലയിരുത്തുക.

**(2x5=10)**

**Model Question Paper**

**യൂ.സി. കോളേജ് ആലുവ.**

**പി. ജി. മലയാളം പ്രോഗ്രാം**

**UCML 800403 പ്രാചീനസംഘസാഹിത്യം**

**Time: 3 Hrs.** **Weight: 30**

**I എട്ടു ചോദ്യത്തിന് ഓരോ പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

1. അകം-പുറം കവിതകളെ താരതമ്യപ്പെടുത്തുക.
2. പ്രധാനപ്പെട്ട സംഘസാഹിത്യകൃതികളെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക.
3. സംഘകാലത്തു നിലവിലുണ്ടായിരുന്ന ആത്മഹത്യാസമ്പ്രദായത്തെ പരിചയപ്പെടുത്തുക.
4. ചിലമ്പുകഴിനോൻപ് എന്ന അനുഷ്ഠാനത്തെ സാംസ്കാരികമായി വിലയിരുത്തുക.
5. ചിലപ്പതികാരത്തെക്കുറിച്ച് ലഘുപഠനം തയ്യാറാക്കുക.
6. സംഘകാലസാഹിത്യത്തിൽ പരാമർശിക്കപ്പെടുന്ന കേരളദേശങ്ങൾ ഏവ?
7. കലിപ്പാ, വെൺപാ എന്നിവയെ താരതമ്യപ്പെടുത്തുക.
8. ആറ്റുപടൈകൾ എന്ന കാവ്യവിഭാഗത്തെക്കുറിച്ച് ലഘുപഠനം തയ്യാറാക്കുക.
9. ഐപ്പെരുംകാവ്യങ്ങൾ ഏവ?
10. ഔവ്വയാർ എന്ന കവയിത്രിയെക്കുറിച്ച് സംഘസാഹിത്യത്തിൽനിന്നു ലഭിക്കുന്ന അറിവുകളെ ക്രോഡീ കരിക്കുക.

**(8x1=8)**

**II ആറു ചോദ്യത്തിന് രണ്ടു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

11. സംഘസാഹിത്യത്തിലെ പ്രസിദ്ധരായ കവികളെയും അവരുടെ രചനകളെയും പരിചയപ്പെടുത്തുക.
12. ക്രോധോദ്രേകം എന്ന ചിലപ്പതികാരകാവ്യഭാഗത്തിന്റെ ഉള്ളടക്കം എന്താണ്?
13. ചേരൻ ചെങ്കുട്ടവന്റെ അപദാനങ്ങൾ പരണർ കീർത്തിക്കുന്നതെങ്ങനെ?
14. തിരുക്കുറളിനെക്കുറിച്ച് പഠനം തയ്യാറാക്കുക.
15. സംഘകാലത്തെ പ്രേമം, വിവാഹം എന്നിവയെക്കുറിച്ച് അക്കാലത്തെ സാഹിത്യകൃതികൾ അവതരി പ്പിക്കുന്ന ആശയങ്ങൾ എന്തൊക്കെയാണ്?
16. പതിറ്റുപ്പത്തിനെക്കുറിച്ച് ലഘുപ്രബന്ധം തയ്യാറാക്കുക.
17. സംഗീതത്തിനും നൃത്തത്തിനും സംഘകാലജീവിതത്തിൽ ഉണ്ടായിരുന്ന പ്രാധാന്യം വ്യക്തമാക്കുക.
18. ഐന്തിണകളെക്കുറിച്ച് പഠനം തയ്യാറാക്കുക. **(6x2=12)**

**III രണ്ടു ചോദ്യത്തിന് അഞ്ചു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക .**

19. വിശാലതമിഴകത്തിന്റെ സാംസ്കാരികജീവിതത്തെ ചിലപ്പതികാരം അവതരിപ്പിക്കുന്നതെങ്ങനെ?
20. സാകല്യത്തിന്റെ മികച്ച മാതൃകയാണ് തിണസങ്കല്പം. മനുഷ്യ-പ്രകൃതി-ദേവതാബന്ധത്തിന്റെ സാധ്യ തകളെ തിണസങ്കല്പം സമീപിക്കുന്നതെങ്ങനെയെന്ന് പഠിക്കുക.
21. സമകാലികമായ പരിസ്ഥിതി സൗന്ദര്യശാസ്ത്രവുമായി തിണസങ്കല്പത്തെ എങ്ങനെ താരതമ്യം ചെയ്യു വാൻ സാധിക്കുമെന്ന് അന്വേഷിക്കുക.
22. ദേശം, സംസ്കാരം, ഭരണവ്യവഹാരം എന്നിവയുടെ പാരസ്പര്യത്തെ സംഘകാലകൃതികൾ ആവിഷ്കരി ക്കുന്നതെങ്ങനെ? **(2x5=10)**

Est. in 1921
THE TRUTH SHALL MAKE YOU FREE